**KOTTAYAM PUBLIC LIBRARY**

Call No. M572 Acc. No. 5037

Author ഗോവിന്ദപ്പിള്ള

Title [illegible]

# എഴുത്താപ്പുറം

ആർ. പി. ഗോവിന്ദപ്പിള്ള

KOTT.AYAM PUB...
50379
KOTTAYAM PUBLIC LIBRARY
KOTTAYAM

പബ്ലിഷേഴ്സ്
ധർമ്മദേശം പ്രസ്സ്,
തിരുവനന്തപുരം

NATIONAL BOOK STALL
SPCS LTD.
KOTTAYAM

2-ാം പതിപ്പ്
വില അണ 12

പകർപ്പവകാശം
പ്രസാധകക്ക്.

# പ്രസ്താവന

"എഴുത്താപ്പുറം വായിക്കുക," "കായ്ക്കാത്ത മാവിൻെറ ചുവട്ടിൽ കുട്ടയും കൊണ്ടു പോകുക"—എന്നൊക്കെ പറയുന്നതിൻെറ അർത്ഥം ഇല്ലാത്തതുപറയുക എന്നാണു്. എന്നാൽ ഈ പുസ്തകത്തിൻെറപേരു് "എഴുത്താപ്പുറം" എന്നാക്കിയതു് ചരിത്രാതീതകാലങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചിരിക്കുകകൊണ്ടാണു്. ചരിത്രങ്ങളിൽ ഇതുവരെ അത്രയും എഴുതിയിട്ടില്ലാത്ത കാര്യങ്ങൾ ഇതിൽ എഴുതിയിരിക്കുന്നു. ജവഹർലാൽനെഹ്റു, എച്ചു്. ജി. വെത്സ് എന്നിവർ രചിച്ചിട്ടുള്ള "വൊറൾഡ്ഹിസ്റ്ററി"യിലെ വസ്തുതകളാണു് ഈ ലഘുഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. വിദ്യാർത്ഥികളുടെയും സാമാന്യജനങ്ങളുടെയും വിജ്ഞാനവർദ്ധനയ്ക്കു് ഇതു് ഉതകുമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഗ്രന്ഥകർത്താ.

M 572

# എഴുതാപ്പുറം

## ഭൂമിയുടെ വയസ്സ്

ഭൂലോകത്തെ സംബന്ധിച്ച് എന്തെങ്കിലും അറിയണമെങ്കിൽ നാം നിവസിക്കുന്നരാജ്യത്തിന്റെ വിവരങ്ങൾ മാത്രം ഗ്രഹിച്ചാൽ പോരാ. എല്ലാരാജ്യങ്ങളേയും ജനവിഭാഗങ്ങളേയും കുറിച്ച് ആലോചിക്കണം. അങ്ങനെ ആലോചിക്കുമ്പോൾ ലോകം അനേകജനവിഭാഗങ്ങളുടെ ഒരു മഹാകുടുംബമാണെന്നു മനസ്സിലാകും. വേറൊരു രാജ്യത്തിലെ ജനവിഭാഗം അവിടെത്തന്നെ പൊട്ടിമുളച്ചതല്ല. നമ്മുടെ തറവാട്ടിലെ ഒരു ശാഖ മാത്രമാണ്. നമുക്കു കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കാറാകുമ്പോൾ ഇതിനെപ്പററി ബോദ്ധ്യമാകും.

ഇക്കാണുന്ന ഭൂലോകം ഉണ്ടായിട്ട് അനേകകോടി വർഷമായി. ആദ്യം കുറെ അധിക കാലത്തേയ്ക്കുമനുഷ്യജീവികൾ ഉണ്ടായിരുന്നില്ല; അന്ന് ജീവജാലങ്ങളേ ഉണ്ടായിരുന്നില്ല. പലതരം മൃഗങ്ങളെയും മനുഷ്യരേയും കൊണ്ടു നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തു ജീവിക്കുന്ന നമുക്ക് നിർജ്ജീവമായിരുന്ന പുരാതനലോകത്തെപ്പററി ഒന്ന് ഊഹിക്കാൻപോലും നിവൃത്തിയില്ല. എന്നാൽ ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും ഇതിനെക്കുറിച്ചു പ്രതിപാദിച്ചി

ട്ടുണ്ടു്. ഭൂമി ആദിമദശയിൽ തീപോലെ ചുട്ടുപഴുത്തിരിക്കുകയായിരുന്നു. ജീവജാലങ്ങൾക്കു കഴിയാൻ യാതൊരു നിർവാഹവുമുണ്ടായിരുന്നില്ല. മനുഷ്യൎക്കു മുമ്പു മൃഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

ലോകചരിത്രം പുസ്തകങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ മനുഷ്യരില്ലാതിരുന്ന ലോകത്തിന്റെ ചരിത്രം എഴുതാൻ ഇടയില്ലല്ലോ. ആ സ്ഥിതിക്കു് അന്നത്തെ അവസ്ഥ എങ്ങനെയൊക്കെയായിരുന്നുവെന്നു ഗ്രഹിക്കാനുള്ള വഴിയെന്തു്? വെറുതേയിരുന്നു് ഓരോന്നൂഹിച്ചാൽ പോരാ. ഊഹങ്ങൾ കൊണ്ടു് കഥ കെട്ടിയുണ്ടാക്കാനേ കഴിവുള്ളു. ചരിത്രപുസ്തകങ്ങൾ അന്നു് എഴുതാൻ ഇടയായിട്ടില്ലെങ്കിലും യുഗാതീതകാലത്തെ ചില വസ്തുവകകൾ ചരിത്രപുസ്തകങ്ങൾക്കു പകരം നമുക്കുണ്ടു്. പാറക്കെട്ടുകൾ, പർവ്വതങ്ങൾ, സമുദ്രങ്ങൾ, നക്ഷത്രങ്ങൾ, നദികൾ, മരുഭൂമികൾ, പുരാതന ജന്തുക്കളുടെ അവശിഷ്ടങ്ങൾ മുതലായവ മുഖേനയുള്ള ഗവേഷണം കൊണ്ടു് പലതും നമുക്കു് ഗ്രഹിക്കാം. ഇവയെപ്പററി ചരിത്രഗവേഷകന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ചാൽ മാത്രം പോരാ. നാം തന്നെ പ്രകൃതിയാകുന്ന പുസ്തകം വായിച്ചു ഗ്രഹിക്കാൻകൂടി ശ്രമിക്കണം. നമ്മുടെ മുമ്പിൽ കാണുന്ന ഓരോ വസ്തുവിനും—കല്ലിനൊ കരടിനൊ ഏതിനും ഓരോ വസ്തുതകൾ പറയാനുണ്ടായിരിക്കും. പ്രകൃതിയാകുന്ന ചരിത്രഗ്രന്ഥത്തിന്റെ ഓരോ വശങ്ങളാണവ. അവ വായിച്ചുറിയാൻ നാം പഠിക്കണമെന്നേയുള്ളു, മലയാളമൊ, തമിഴോ ഹിന്ദിയൊ, ഇംഗ്ലീഷൊ പഠിക്കണമെങ്കിൽ അവയുടെ

അക്ഷരങ്ങൾ ആദ്യം പഠിക്കുന്നു. അതുപോലെ പ്രകൃതിയുടെ അക്ഷരങ്ങളും നാം ആദ്യമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെ മനസ്സിലാക്കിയാൽ ആദിമലോകത്തിന്റെ ചരിത്രം പ്രകൃതിയാകുന്ന പുസ്തകത്തിൽ നമുക്ക് വായിക്കാം. കടപ്പുറത്തൊ നദീതടങ്ങളിലൊ ചെന്നു അവിടെ കിടക്കുന്ന മിനുമിനുത്ത ചെറുകല്ലുകളിൽ ഒന്നെടുത്തു നോക്കുക! അതിനു പോലും നമ്മോടു ചില കഥകൾ പറയാനുണ്ടായിരിക്കും. പരുത്തിരിക്കേണ്ട അതിന്റെ പുറം എങ്ങനെ മിനുസമായി? അതിന്റെ കോണും മുനയുമൊക്കെ ഏതു വിധത്തിൽ ഉരുണ്ടുമെഴുത്തു? ചോദിച്ചാൽ അതു നമ്മോടിപ്രകാരം പറയും:—"ഒരുകാലത്ത് അതായത് അനേകലക്ഷം വർഷങ്ങൾക്കു മുമ്പ് ഞാനൊരു പാറക്കഷണമായിരുന്നു; കോണും മുനയുമായി പരുപരുത്ത ഒരു പാറക്കല്ലായിരുന്നു. പർവ്വതശിഖരത്തിലാണ് ഞാനധിവസിച്ചിരുന്നത്. അപ്പോൾ ഒരു പെരുമഴയുണ്ടായി. എന്നെ മലയിടുക്കിൽ കൊണ്ടുവന്നിട്ടു. അവിടെനിന്നുത്ഭവിച്ച ചോല എന്നെ ഉരുട്ടിക്കൊണ്ടു ചെന്നു ഒരു പുഴയിൽ തള്ളി. ക്രമേണ ആ പുഴ എന്നെ നദിയിലേയ്ക്കു ചാടിച്ചു. ഇക്കാലങ്ങളിലെല്ലാം ഞാൻ കിടന്നുരുളുകയായിരുന്നു. മുനയും കോണും എല്ലാം ഉരഞ്ഞുരഞ്ഞു പുറം നല്ല മിനുസമായി. എന്നിട്ടും എന്നെ അവിടെ ഇട്ടേച്ചില്ല; ഒരു വിശ്രമവും അവരെനിക്കു നൽകിയില്ല. കുത്തിയെടുത്തു പിന്നെയും അവരെന്നെ പായിച്ചു. പർവ്വതശിഖരത്തിൽ അധിവസിച്ച കാലത്തുണ്ടായിരുന്ന വലുപ്പത്തിൽ നൂറിലൊരുഭാഗം തന്നെ എനിക്കിപ്പോളുണ്ടെന്നു തോന്നുന്നില്ല. സമുദ്രത്തിലേയ്ക്കായിരുന്നു പിന്നെ എന്നെ കൊണ്ടുവന്നതു്. ഇപ്പോൾ

ഏന്നെ കടൽക്കരയിൽ കാണാം. കൊച്ചു കുട്ടികളുടെ വിരലുകളിൽ അമന്നിരിക്കത്തക്കവണ്ണംമാത്രം ഞാൻ അത്ര ചെറുതായി. കടല്ക്കരയിൽ ഇത്തരം അനേക കോട്ടി സഹോദരന്മാർ എനിക്കുണ്ട്. കൊച്ചുകുട്ടികൾ ഞങ്ങളെ ഓമനിക്കുന്നു; കളിപ്പാട്ടങ്ങളായി കരുതുന്നു.

ഒരു കന്മണിക്കുപോലും ഇങ്ങനെയൊരു ചരിത്ര സാക്ഷിമൊഴിയായി നമ്മോടു പറയാനുള്ള സ്ഥിതിക്കു ഈ ഭൂമിയിലെ മററു വസ്തുക്കളിൽനിന്നു നമുക്കെന്തെല്ലാം വമ്പിച്ച വിവരങ്ങൾ മനസ്സിലാക്കാം!

ഏതാനും നൂററാണ്ടുകൾക്കുമുമ്പുവരെ ഒരു മൂവായിരം വർഷത്തിനപ്പുറമുള്ള കാര്യങ്ങളെപ്പററി അങ്ങനെയാരും ചിന്തിച്ചിട്ടില്ല. ബി. സി. 4004-ൽശരൽകാലത്തോ വസന്തഋതുവിലോ ഭൂമി പൊടുന്നനവെ ഉത്ഭവിച്ചതാണെന്നു ഹീബ്രു ബൈബിൾ വ്യാഖ്യാനിച്ചു് അഭിപ്രായം പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടു്. ലോകമുണ്ടായിട്ടു് ഈ സ്ഥിതിക്കു് ആറേഴായിരം വർഷമേ ആയുള്ളു എന്ന സങ്കല്പം വെറും അടിസ്ഥാനരഹിതമാണെന്നു പിൽക്കാലത്തു മതഗുരുക്കന്മാർപോലും വിചാരിച്ചു.

ഇപ്പോൾ നാം അധിവസിക്കുന്ന ലോകത്തിനു് എണ്ണായിരം മൈൽ വീതിവരും. ഒരു 2500 വർഷത്തിനിപ്പുറമുള്ള ഭൂസ്ഥിതി മാത്രമാണിതു്. അതിനുമുമ്പു് ഭൂമിയുടെ വീതി ഇതുതന്നെ ആയിരുന്നോ എന്നു തീർത്തുപറയാൻ പ്രയാസം. ഭൂമദ്ധ്യരേഖസംബന്ധിച്ച വ്യാസത്തിനെക്കാൾ ഇരുപത്തിനാലുമൈൽ കുറവുള്ള ഒരു അച്ചുതണ്ടിൽകിടന്നു ഭൂമി 24 മണിക്കൂറിലൊരിക്കൽവീതം ചുററുകയാണു്.

പകലും രാത്രിയുമുണ്ടാവാൻ കാരണം അതാകുന്നു. ഭൂമിയിൽനിന്നും സൂൎയ്യനിലേയ്ക്കു് ഏകദേശം 9 4½ കോടി മൈൽ ദൂരം വരും. ഭൂമിയിൽനിന്നു ചന്ദ്രനിലേയ്ക്കു് രണ്ടു ലക്ഷത്തിമുപ്പത്തൊമ്പതിനായിരം മൈലാണു്. ഇത്രയധികം ദൂരത്തെപ്പററി നമുക്കു ഗ്രാഹ്യമുണ്ടാകുവാൻ വിഷമം തന്നെ. ഈ ദൈൎഘ്യത്തിൻെറ സ്കെയിൽ നമുക്കൊന്നു കുറവുചെയ്തുനോക്കാം. ഒരു ഇഞ്ചു വ്യാസമുള്ള ഒരുണ്ടയാണു ഭൂമിയെന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ ഒമ്പതടിവ്യാസമായിരിക്കും സൂൎയ്യനു്. 969 അടി മാത്രമേ ഭൂമിക്കും സൂൎയ്യഗോളത്തിനും തമ്മിൽ അകലമുണ്ടായിരിക്കുകയുള്ളൂ. ചന്ദ്രൻ ഭൂമിയിൽനിന്നു രണ്ടരയടിമാത്രം അകലെ സ്ഥിതിചെയ്യുന്ന ഒരു ചെറുമണിയായിരിക്കും. ഈ ഗോളങ്ങൾ തമ്മിലുള്ള അനന്തമായ അകൽച്ചയെപ്പററി നമുക്കൊന്നൂഹിക്കാൻ ഈ ചുരുങ്ങിയ സ്കെയിൽ ഉപകരിക്കുമെന്നു തോന്നുന്നു.

ലോകത്തിലെ ഏററവും അഗാധമായ സമുദ്രത്തിനു് അഞ്ചുമൈൽആഴമുണ്ടു്. നാലുമൈൽ ദൂരത്തിൽക്കൂടുതൽ ഇതുവരെ ആരും മേല്പോട്ടു വിമാനസഞ്ചാരം നടത്തിയിട്ടില്ല. വളരെ വിമ്മിഷ്ടപ്പെട്ടു് ചിലർ ഏഴുമൈൽവരെ ബലൂണിൽ ഉയൎന്നുപോയിട്ടുണ്ടു്. അഞ്ചുമൈൽ ഉയരത്തിൽ കൂടുതൽ പക്ഷികൾപോലും പറന്നിട്ടില്ല.

ലോകം ഇപ്പോൾ ഏകദേശം ഇരുന്നൂറുകോടി വൎഷമായി നിലനിന്നുവരുന്നു. നമ്മുടെ ഊഹശക്തിക്കു് എത്രയോ അപ്പുറത്താണിതു്. ഒരു കാലവൎഷം ഏററാൽ പാറ എത്രത്തോളം കുഴിയുമെന്നു ശാസ്ത്രജ്ഞന്മാർ കണക്കാക്കി

നോക്കി. ഇങ്ങനെ ഏററവും പഴക്കംചെന്ന പാറകളിലെ പാട്ടുകൾ എത്രയാണ്ടുകളിലെ കാലവർഷം ഏററിട്ടാണുണ്ടായതെന്നു ഗണിച്ച് ശാസ്ത്രജ്ഞന്മാർ ഭൂമിയുടെ ആയുസ്സു കണ്ടുപിടിച്ചിരിക്കുന്നു.

---

## ൨. ആദിമചരിത്രം എങ്ങനെ ഉണ്ടായി?

പ്രകൃതിയാകുന്ന പുസ്തകം നമ്മുടെയൊക്കെ മുമ്പിൽ തുറന്നുവച്ചിരിക്കുകയാണ്. എങ്കിലും നമ്മിൽ എത്രപേർ അതിൽ ശ്രദ്ധിക്കുന്നു; എത്രപേർ ആ പുസ്തകം വായിച്ചു മനസ്സിലാക്കാൻ ശ്രമിക്കുന്നു! അതു വായിക്കാൻ പഠിക്കുകയാണെങ്കിൽ എത്രയെത്ര രസകരങ്ങളായകഥകൾ അതിനു നമ്മോടു പറയാനുണ്ടായിരിക്കും! മനുഷ്യരൊ മൃഗങ്ങളൊ ജീവിച്ചിരുന്നിട്ടില്ലാത്ത കാലത്തെ ലോകചരിത്രം ഈ പ്രകൃതിഗ്രന്ഥത്തിൽനിന്നു നമുക്കു വേണമെങ്കിൽ പഠിക്കാവുന്നതാണ്. അങ്ങനെ പഠിച്ചുതുടങ്ങുമ്പോൾ ഭൂമിയിൽ ആദ്യമുണ്ടായ ജന്തുക്കളെപ്പററി അറിയാറാകും. ജന്തുക്കൾ കഴിഞ്ഞു മനുഷ്യന്റെകാര്യം അറിയാം. പക്ഷെ അന്നത്തെ മനുഷ്യൻ ഇന്നത്തെപ്പോലുള്ള മനുഷ്യനായിരിക്കയില്ലെന്നേയുള്ളു. അവൻ മൃഗങ്ങളോട് ഏകദേശം സാമ്യം വഹിച്ചിരുന്നു. തിരിച്ചറിവ് അവനെ മൃഗങ്ങളിൽനിന്നു വ്യത്യസ്ഥനാക്കി. തിരിച്ചറിവ് അവനെ ഏററവും വലിയ ഭീമാകൃതിയിലുള്ളതും ഭയാനകവുമായ മൃഗത്തിനേക്കാൾ

പോലും ശക്തനാക്കിത്തീൎത്തു. പൊണ്ണനായ ആനയുടെ പുറത്തു് കൃശനായ മനുഷ്യൻ കയറിയിരുന്നിട്ടു് അവൻെറ ഇഷ്ടംപോലെ ഓരോന്നു് ആനയെക്കൊണ്ടു ചെയ്യിക്കുന്നതു ഇന്നു നാം കാണുന്നില്ലെ? പുറത്തിരിക്കുന്ന ആനക്കാരനെക്കാൾ ആനയ്ക്കു് എത്രയോ മടങ്ങു് ശക്തിയും വലുപ്പവുമുണ്ടു്! ആനക്കാരനു തിരിച്ചറിവും ആലോചനാശക്തിയുമുള്ളതുകൊണ്ടു് അവൻ യജമാനനും ആന ദാസനുമായിപ്പോയി. അങ്ങനെ ആലോചനാശക്തി വർദ്ധിച്ചുവന്നതോടുകൂടി മനുഷ്യൻെറ സാമൎത്ഥ്യവും വർദ്ധിച്ചു. അവൻ പലതും കണ്ടുപിടിക്കാൻ തുടങ്ങി. തീയുണ്ടാക്കുന്നതെങ്ങനെ, ഭൂമി കൃഷിചെയ്തു് ആഹാരസാധനങ്ങൾ വിളയിക്കുന്നതെങ്ങനെ, നഗ്നത മറയ്ക്കാനുള്ള വസ്ത്രം നെയ്യുന്നതെങ്ങനെ, താമസിക്കാൻ വീടുകെട്ടുന്നതെങ്ങനെ—ഇപ്രകാരം പല പല കാൎയ്യങ്ങൾ അവൻ കണ്ടുപിടിച്ചു. മനുഷ്യർ കൂട്ടംകൂട്ടമായി പാൎക്കാൻ തുടങ്ങിയതോടുകൂടി ഗ്രാമങ്ങളുണ്ടായി. ഈ ഗ്രാമങ്ങളുണ്ടാകുന്നതിനുമുമ്പു് മനുഷ്യർ ഓരോ സ്ഥലങ്ങളിൽ മാറി മാറി പാൎത്തു് ആഹാരങ്ങൾക്കായി അലയുകയായിരുന്നിരിക്കണം. അന്നു കൃഷിചെയ്യാൻ അവൎക്കു് അറിഞ്ഞുകൂടാതിരുന്നിരിക്കണം. നെല്ലോ മററു ഭക്ഷണവിഭവങ്ങളോ വിളയിക്കുന്നതെങ്ങനെയെന്നു് അവർ അറിഞ്ഞിരുന്നില്ല. ഇന്നു നാം ഭക്ഷിക്കുന്ന സാധനങ്ങളിൽ പലതും അന്നില്ലായിരുന്നു. അണ്ടിവൎഗ്ഗങ്ങളും കായ്കനികളും പിന്നെ വേട്ടയാടിക്കൊണ്ടുവരുന്ന മൃഗങ്ങളുടെ മാംസവുംഭക്ഷിച്ചാണു് അന്നു മനുഷ്യർ കഴിഞ്ഞതു്.

ഗ്രാമങ്ങളുണ്ടായതോടുകൂടി മനോഹരങ്ങളായ പല പല കരകൗശലവിദ്യകൾ മനുഷ്യർ മനസ്സിലാക്കി. എഴു

താനും വായിക്കാനുംപോലും അവർ പഠിച്ചു. എന്നാൽ
അന്നു കടലാസ്സ് ഉണ്ടായിരുന്നില്ല. പനയോലയിൽ
അവർ എഴുതി. പുരാണകാലത്തു് എഴുതപ്പെട്ട താളിയോ
ലഗ്രന്ഥങ്ങൾ ഇപ്പോഴും നമുക്കു ചിലേടങ്ങളിൽ കാണാം.
കടലാസ്സ് പിന്നീടാണുണ്ടായതു്. അതിൽ കൂടുതലെളുപ്പം
എഴുതാം. എന്നാൽ അച്ചടിയന്ത്രം അക്കാലത്തുണ്ടായിരു
ന്നില്ല. അതുകൊണ്ടു് ഇന്നത്തെപ്പോലെ ആയിരക്കണെ
ക്കിനു പുസ്തകങ്ങൾ അച്ചടിച്ചുവിടാൻ സാധ്യമായിരു
ന്നില്ല. ഒരു ഗ്രന്ഥമെഴുതണമെങ്കിൽ കൈകൊണ്ടുതന്നെ
എഴുതേണ്ടിയിരുന്നു. പുസ്തകശാലകളൊ പുസ്തകവില്പന
യൊ അന്നില്ലായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഒരു
ഗ്രന്ഥം വേണമെങ്കിൽ അതുള്ളിടത്തുചെന്നു പകർത്തിക്കൊ
ണ്ടുപോരണം. അനേകനാളത്തെ ശ്രമംകൊണ്ടേ അതു
സാധ്യമായിരുന്നുള്ളൂ. മനോഹരമായ കയ്യെഴുത്തു് അന്നു
നടപ്പിലിരുന്നിരുന്നു. വൃത്തിയായ വടിവിൽ എഴുതപ്പെട്ട
ഗ്രന്ഥങ്ങൾ ഇപ്പോഴും ചിലേടങ്ങളിൽ നമുക്കു കാണാം.

ഗ്രാമങ്ങൾ വർദ്ധിച്ചതോടുകൂടി ദേശങ്ങളും രാജ്യ
ങ്ങളും ജനതകളും രൂപീകരിക്കപ്പെട്ടു. മനുഷ്യർ അടുത്ത
ടുത്തു് താമസിക്കാൻ തുടങ്ങിയപ്പോഴേയ്ക്കും പരസ്പരം
കൂടുതൽ മനസ്സിലാക്കാൻകഴിവുണ്ടായി. ഒരു ഗ്രാമക്കാരനെ
ക്കാൾ അല്ലെങ്കിൽ ഒരു ദേശക്കാരനെക്കാൾ കൂടുതൽ മിടു
ക്കും ബുദ്ധിയും മറെറാരു കൂട്ടർക്കുണ്ടെന്നൊരു മിഥ്യാഭിമാനം
ജനിച്ചിട്ടു് തമ്മിൽതമ്മിൽ കലഹം ആരംഭിച്ചു. ദേശവും
ദേശവും തമ്മിലും രാജ്യവും രാജ്യവും തമ്മിലും യുദ്ധംചെ
യ്യാൻ തുടങ്ങി. യുദ്ധവും കൊലപാതകവും മനുഷ്യന്റെ

ഏററവും വലിയ ബുദ്ധിഹീനതയാണെന്നു് ഇന്നുവരെ നാം മനസ്സിലാക്കിയിട്ടുമില്ല. പുരാതന ദേശങ്ങളുടേയും രാജ്യങ്ങളുടേയും സൂക്ഷ്മചരിത്രങ്ങളറിയാൻ നമുക്കു ശരിയായ മാർഗ്ഗമില്ല. പുരാതന നാട്ടുവാഴികളും രാജാക്കന്മാരും സാമ്രാജ്യാധിപതികളും അവരവരുടെ ചില ഭരണവിവരങ്ങൾ ശിലകളിലും സ്തൂപങ്ങളിലും കൊത്തിവയ്പിച്ചിട്ടുണ്ടു്. അവ മാത്രമേ ചരിത്രലക്ഷ്യങ്ങളായി നമുക്കുള്ളു. അശോകചക്രവത്തിയുടെ ശിലാലിഖിതങ്ങൾ ഭാരതവർഷത്തിൽ ഇന്നും കാണാം. ചേരചോളപാണ്ഡ്യരാജാക്കന്മാരുടെ ശിലാരേഖകൾ ദക്ഷിണഭാരതത്തിൽ പലേടത്തു് ഇന്നും ഉണ്ടു്. ഭൂമുഖത്തിലെ വിവിധരാജ്യ ചരിത്രങ്ങൾ അന്വേഷിക്കുന്നപക്ഷം യുഗാതീതകാലങ്ങളിൽ ചൈനയും ഈജിപ്ററും അനേകമനേകം നല്ലകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്നതായി വെളിവാകും. അപ്പോൾ യൂറോപ്പു മുഴുവൻ കാട്ടുജാതിക്കാരായിരുന്നു അധിവസിച്ചിരുന്നതു്. മഹാഭാരതവും രാമായണവും എഴുതപ്പെട്ട കാലത്തുപോലും സംസ്കൃതചിത്തരായ മനുഷ്യരായിരുന്നു ഇൻഡ്യാക്കാർ. കൃഷിയും കച്ചവടവും മററു പരിഷ്കൃതജീവിതവും പണ്ടേയ്ക്കുപണ്ടേ ഭാരതഭൂമിയിൽ നടപ്പിലിരുന്നു.

# ഭൂമിയുടെ നിർമ്മിതി

ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നു. ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്നു. ഈ വിവരം നമുക്കറിയാമല്ലോ. ഭൂമിയെപ്പോലെ സൂര്യനെ വലത്തുവച്ചുകൊണ്ടിരിക്കുന്ന വേറെയും ഗോളങ്ങൾ ഉണ്ട്. ഇവയെല്ലാംകൂടി ബുധ ഗ്രഹങ്ങളെന്നു പേർ പറയപ്പെടുന്നു. ചന്ദ്രൻ ഭൂമിയെ ആശ്രയിച്ചിരിക്കുന്നതിനാൽ ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ എന്നു ഗണിക്കപ്പെട്ടിരിക്കുന്നു. സൂര്യനും അതി ൻെറ ഉപഗ്രഹങ്ങളും ചേർന്ന് ഒരു ഗോത്രമായി കഴിയുന്നു. സൗരയൂഥമെന്നാണതിനു പേർ.

രാത്രി ആകാശത്തു് അനേകസഹസ്രം നക്ഷത്രങ്ങളെ നമുക്കു കാണാം. ഇവയിൽ ചുരുക്കം എണ്ണം മാത്രമേ ഗ്രഹങ്ങളായുള്ളു. ഇവയെ നക്ഷത്രങ്ങളെന്നു പറഞ്ഞു കൂടാതാനും. ആകാശത്തുള്ള ഗ്രഹങ്ങളെയും നക്ഷത്രങ്ങ ളെയും തിരിച്ചറിയാം. ഗ്രഹങ്ങൾ ഭൂമിയേപ്പോലെ ചെറു താണ്. ഗ്രഹങ്ങൾ ആകാശത്തു നക്ഷത്രങ്ങളെക്കാൾ വലു തായി നമുക്കു തോന്നുന്നതു് അവ കൂടുതൽ അടുത്തിരിക്കുക കൊണ്ടാകുന്നു. ചന്ദ്രനും നമ്മോടു് അടുത്തിരിക്കുന്നതി നാലാണ് കൂടുതൽ വലുപ്പമുള്ളതായി കാണപ്പെടുന്നതു്. നക്ഷത്രങ്ങൾ മിന്നും. ഗ്രഹങ്ങൾ മിന്നുകയില്ല. നക്ഷത്ര ങ്ങളും ഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം അതാണ്. ഗ്രഹ ങ്ങൾ പ്രകാശിക്കുകയേ ഉള്ളു. സൂര്യൻെറ വെളിച്ചം അവ യിൽ തട്ടുന്നതുകൊണ്ടാണതു്. സൂര്യനിൽനിന്നു ഗ്രഹങ്ങ ളിലും ചന്ദ്രനിലും വെളിച്ചം തട്ടുന്നതിനാൽമാത്രം അവ

നമ്മുടെ ദൃഷ്ടിയിൽപെട്ടന്നു അല്ലെങ്കിൽ അവയെ നമുക്കു കാണാൻ സാധിക്കുമായിരുന്നില്ല. സാക്ഷാൽ നക്ഷത്രങ്ങൾ സൂൎയ്യനെപ്പോലെയാണു്. അവ സ്വയം പ്രകാശിക്കുന്നു. എന്തെന്നാൽ അവ അത്യുഷ്ണത്തോടെ ജ്വലിച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ സൂൎയ്യനും ഒരു നക്ഷത്രംതന്നെ. അതു വളരെ വലുതായി തോന്നിക്കുന്നുണ്ടെന്നേയുള്ളു. കൂടുതൽ അടുത്തിരിക്കുന്നതുകൊണ്ടാണതു്.

അതിനാൽ നമ്മുടെഭൂമി സൗരയൂഥത്തിൽ സൂൎയ്യന്റെ ഗോത്രത്തിൽ പെട്ടിരിക്കുകയാണു്. ഭൂമി അതിവിപുലമാണെന്നു നമുക്കു തോന്നുന്നു. നമ്മുടെ ശരീരത്തെ അപേക്ഷിച്ചു് അതു യഥാൎത്ഥത്തിൽ വലുതുതന്നെ. ട്രെയിനിലൊ വിമാനത്തിലൊ കപ്പലിലൊ യാത്രചെയ്താലും അതിന്റെ ഒററത്തുനിന്നു മറേറയററത്തെത്താൻ അധികനാൾ വേണം. വളരെ വലുതായി തോന്നുന്നുവെങ്കിലും വാസ്തവത്തിൽ അതു വായുവിൽ തൂങ്ങിനിൽക്കുന്ന ഒരു ചെളിയുണ്ടപോലെയാണു്. സൂൎയ്യൻ അനേകലക്ഷംനാഴിക അകലെ സ്ഥിതിചെയ്യുന്നു. നക്ഷത്രങ്ങൾ അതിലും ദൂരത്തിലാണു്. പണ്ടെയ്ക്കുപണ്ടേ ഭൂമിയും മററുഗ്രഹങ്ങളുംഎല്ലാം സൂൎയ്യഗോളത്തിന്റെ ഭാഗങ്ങളായിരുന്നുവെന്നു നക്ഷത്രങ്ങളെപ്പററി പൎയ്യവേക്ഷണം നടത്തിയിട്ടുള്ള ഗോളശാസ്ത്രജ്ഞന്മാർ പറയുന്നു. സൂൎയ്യൻ ഇന്നത്തെപ്പോലെ അഗ്നിപ്രായമായി അന്നും ജ്വലിച്ചുകൊണ്ടിരുന്നു. എങ്ങനെയൊ അതിൽനിന്നു ചില കഷണങ്ങൾ അടന്നു വായുവിൽ നിരാധാരമായിനിൽക്കുകയാണു്. എന്നാലും ആ കഷണങ്ങൾക്കു പിതാവിനെ നിശ്ശേഷം ഉപേക്ഷിച്ചുപോകാൻ നിവൃത്തി

യില്ല. ഒരു ചരടിൽ ഞാന്നുകിടന്നു് അവ സൂര്യനു ചുററും വലതുവയ്ക്കുന്നു. ചരടെന്നു പറഞ്ഞതു് സാക്ഷാൽ ചരടായി വിചാരിക്കരുതു്. അപ്രമേയമായ ഒരാകർഷണ ശക്തി എന്നു പറയേണ്ടതിനുപകരം ചരടെന്നു പറഞ്ഞതന്നേയുള്ളു. ആ ശക്തിയാണു് നമ്മുടെ ഓരോ ഗോളങ്ങളേയും അവയുടെ സ്ഥാനങ്ങളിൽ നിന്നു വ്യതിചലിക്കാതെ നിറുത്തിയിരിക്കുന്നതു്.

ഭൂമിയും മേൽപ്രകാരം സൂര്യഗോളത്തിൽനിന്നു അടന്നുവീണതായിരിക്കണം. അടന്നുവീണപ്പോൾ സൂര്യൻെറ സ്വഭാവം മുഴുവൻ ഭൂമിക്കും ഉണ്ടായിരിക്കണമെന്നു ന്യായമായി നമുക്കനുമാനിക്കാം. പക്ഷെ അടന്നുവീണ ഭാഗം (ഭൂമി) സൂര്യനെ അപേക്ഷിച്ചു് ചെറുതാകയാൽ ആദ്യമുണ്ടായിരുന്ന ജ്വാലയും ചൂടും ക്രമേണ കുറഞ്ഞു് ആറിപ്പോയി. ഭൂമി ജ്വലിച്ചുകൊണ്ടിരുന്നപ്പോൾ മനുഷ്യർക്കും മൃഗങ്ങൾക്കും ചെടികൾക്കും ഇവിടെ ജീവിക്കാൻ കഴിയാഞ്ഞതു് അത്ഭുതമല്ല. ഏതു സാധനം ഭൂമിയോടു സമീപിച്ചാലും അന്നു ഭസ്മമായിത്തീരുമായിരുന്നു.

സൂര്യനിൽനിന്നും ഒരു ഭാഗം അടന്നുവീണു ഭൂമിയായിത്തീൎന്നതുപോലെ ഭൂമിയിൽനിന്നു പിന്നീടു് ഏതാനുംഭാഗം അടന്നു ചന്ദ്രനായിത്തീൎന്നു. അമേരിക്കയുടെയും ജപ്പാൻെറയുമിടയ്ക്കുള്ള വിടവായ പസഫിക്‌മഹാസമുദ്രസ്ഥാനത്തുനിന്നു അടന്നുപോയതാണു, ചന്ദ്രനെന്നു് വിചാരിക്കുന്നവർ പലരുമുണ്ടു്. ഭൂമിയുടെ ചൂടു് ആറാൻ വളരെക്കാലംവേണ്ടിവന്നു. ഭൂമിയുടെ മേൽത്തട്ടു് ഒരുവിധം ഒടുവിൽ ശീതള

മായെങ്കിലും അടിയിൽനിന്നു ചൂടു വിട്ടുമാറിയിരുന്നില്ല. ഇപ്പോഴത്തെയും കൽക്കരിഖനികളിൽ കീഴ്പോട്ടുകീഴ്പോട്ടുപോകുന്തോറും ചൂടു കൂടിക്കൂടി വരുന്നതായി കാണാം. ഭൂമിയുടെ ഏററവും അടിയിൽ ചെല്ലുകയാണെങ്കിൽ ഇപ്പോഴും ചുട്ടുപഴുത്തിരിക്കുമെന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ചന്ദ്രൻ, ഭൂമിയേക്കാൾ ചെറിയകഷണമാകകൊണ്ടു് മററതിനെ അപേക്ഷിച്ചു് കൂടുതൽവേഗം ആറു ശീതളമായിത്തീർന്നു. വളരെ ശീഘ്രത്തിൽ ചന്ദ്രൻ "ശീതാംശു" വായി. ഒരു പൂർണ്ണചന്ദ്രൻ മനുഷ്യൎക്കു് എന്താനന്ദമാണു് പ്രദാനംചെയ്യുന്നതു്! ചന്ദ്രനിൽ ഇപ്പോൾ ഒരുപക്ഷേ ഹിമതലങ്ങളും ഹിമവാഹിനികളും നിറയെ ഉണ്ടായിരിക്കാം.

ഭൂമി തണുത്തപ്പോൾ വായുവിലുണ്ടായിരുന്ന ആവി, ജലമായി വീണു. അതിഭയങ്കര മഴ തുടർച്ചയായി ഒരുകാലത്തു് പെയ്തുകൊണ്ടിരുന്നിരിക്കണം. അങ്ങനെ കടലും മഹാസമുദ്രങ്ങളും നദികളുംഉണ്ടായിത്തീർന്നതായിരിക്കണം. ഭൂമിയും സമുദ്രങ്ങളും ശീതളമായതോടുകൂടി ജീവജാലങ്ങൾക്കുവസിക്കുവാൻ കഴിവുണ്ടായി. ലോകോത്ഭവത്തിനു് ഏകദേശം നാലുകോടിവർഷം ശേഷമാണു് ഭൂമിയിൽ പുല്ലു കുരുത്തതു്.

---

## ൪ ആദിയിലെ ജീവികൾ

ജീവജാലങ്ങൾ ഉണ്ടാകയോവസിക്കുകയോചെയ്യാൻ വയ്യാത്തവിധത്തിൽ ആദ്യകാലത്തുഭൂമി തീപോലെജ്വലിച്ചുകൊണ്ടിരുന്നസ്ഥിതിക്കു് ജീവികൾ എന്നുമുതല്ക്കാണുത്ഭവിച്ചതെന്നും ആദ്യത്തെജീവികൾഏതെല്ലാമാണെന്നും

ഇനി നമുക്കറിയണം. മനുഷ്യരും മൃഗങ്ങളും മാത്രമാണു ജീവികളെന്നു നിങ്ങൾ പറയുമായിരിക്കാം. വൃക്ഷങ്ങൾക്കും ചെടികൾക്കും പുഷ്പങ്ങൾക്കും സസ്യങ്ങൾക്കും ജീവനില്ലേ? വെള്ളവും വായുവും വളവുംകൊണ്ടു് അവ വളരുന്നതും പിന്നെ നശിക്കുന്നതും ഈ ഭൂമിയിൽതന്നെയാണെന്നു നമുക്കു കാണാമല്ലോ. ഒരു മൃഗവും വൃക്ഷവും തമ്മിലുള്ള വ്യത്യാസം, മൃഗം അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നു, വൃക്ഷം ഒരേ സ്ഥലത്തുതന്നെ നില്ക്കുന്നു---ഇത്രമാത്രമേയുള്ളൂ. ലണ്ടനിലെ ക്യൂഗാർഡൻസിൽ ഒന്നുരണ്ടുതരം ചെടികളുണ്ടു്. അവ ഈച്ചകളെ തിന്നുന്നു. അതുപോലെതന്നെ സമുദ്രത്തിൻെറ അടിക്കുവളരുന്ന കടൽപാശി (കടൽപായൽ) ജന്തുവർഗ്ഗത്തിൽപെട്ടതാണു്. ആ ജന്തു സഞ്ചരിക്കുന്നില്ല. സസ്യശാസ്ത്രവും ജന്തുശാസ്ത്രവും പഠിക്കുമ്പോൾ ചിലതു് മൃഗമാണോ ചെടിയാണോ എന്നു നമുക്കു സംശയം തോന്നിപ്പോകും. കല്ലിനുപോലും ജീവനുണ്ടെന്നും അതിനും സ്പർശനേന്ദ്രിയമുണ്ടെന്നും ചിലർ പറയുന്നു. എന്നാൽ ഇതു നമുക്കു കാണാൻകഴിയുന്നില്ല. ഒരു കാര്യം ശരിയാണു്, കല്ലിനു വളർച്ചയുള്ളതായി നമുക്കറിയാം. മലകളിൽ കാണുന്ന പാറക്കല്ലു് ഇന്നു കാണുന്നതിൽ കൂടുതൽ വലുതായിരിക്കും പത്തൻപതു കൊല്ലം കഴിയുമ്പോൾ. ഇന്ത്യയിലെ പ്രഖ്യാത ശാസ്ത്രജ്ഞനായിരുന്ന സർ ജഗദീശബോസ് ചെടികൾക്കും ജീവനുണ്ടെന്നു കണ്ടുപിടിച്ചു. അതദ്ദേഹം ദൃഷ്ടാന്തസഹിതം പാശ്ചാത്യരാജ്യങ്ങളിലെ വിദഗ്ദ്ധശാസ്ത്രജ്ഞന്മാരെപ്പോലും ബോധപ്പെടുത്തി. കല്ലിനും ജീവനുണ്ടെന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ഭൂമിയിൽ ഏതിനാണു ജീവനുള്ളതു് ഏതിനാണു ജീവനില്ലാത്തതെന്നു പറയാൻ പ്രയാസം. അതിനാൽ പാറക്കല്ലുകളുടെ കാൎയ്യം തല്ക്കാലം വിട്ടിട്ടു് നമുക്കു ചെടികളെയും ജന്തുക്കളെയും പററി മാത്രം ആലോചിക്കാം. ഇന്നു് അനേകതരം ജന്തുക്കളെ നാം കാണുന്നു. മനുഷ്യനും ജന്തുവർഗ്ഗത്തിൽപെട്ടതുതന്നെ. ചില മനുഷ്യർ സമൎത്ഥരും മററു ചിലർ ഭോഷന്മാരുമായി കാണപ്പെടുന്നുണ്ടു്. മൃഗങ്ങളുടെ കൂട്ടത്തിലും ഈ വ്യത്യാസം ഇല്ലാതില്ല. പറക്കാവുന്ന ജന്തുക്കൾ ആകാശത്തു പറക്കുന്നു. പറക്കാൻ വയ്യാത്ത ജന്തുക്കൾ തറയിൽ കഴിഞ്ഞുകൂടുന്നു. ഭൂമിയുടെ അധോഭാഗമായ സമുദ്രത്തിൽ മത്സ്യങ്ങളും ജീവിക്കുന്നു. ഈ ജന്തുക്കളും മനുഷ്യരും ഭൂമിയുടെ ജ്വാല ശമിച്ചയുടൻ ഒരുമിച്ചു ഉത്ഭവിച്ചതാണോ അതോ ക്രമേണ ഒന്നൊന്നായി ഉണ്ടായതാണോ എന്നാണു നമുക്കറിയേണ്ടതു്. ഇതിനെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങളൊന്നുമില്ല. പ്രകൃതിയാകുന്ന പുസ്തകം നോക്കിയാൽ ചിലതറിയാം. പാറക്കൂട്ടങ്ങൾക്കിടയിൽ അന്വേഷിച്ചാൽ ജന്തുക്കളുടെ എല്ലുകൾ കിടക്കുന്നതു കാണാവുന്നതാണു്. പാറ വളൎന്നതിനുശേഷം അതിന്റെ ഇടയിൽ ഈ എല്ലുകൾ ആരുംകൊണ്ടുചെന്നിട്ടതായിരിക്കുകയില്ല. ജന്തു ചത്തു ദ്രവിച്ചു് എല്ലുകൾ മണ്ണിൽ കിടന്നിരിക്കും. പാറക്കെട്ടുണ്ടായതും വളൎന്നതും അതിനുശേഷമായിരിക്കാനേ ഇടയുള്ളു. പുരാതന ജന്തുക്കളുടെ ഭീമങ്ങളായ അസ്ഥികൾ കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. അസ്ഥികൾ അനേകകാലം കേടുകൂടാതിരിക്കും. എന്നാൽ അസ്ഥിയില്ലാത്ത ജന്തുക്കൾ ഉണ്ടായിട്ടില്ലെന്നു വിചാരിച്ചുകൂടാ. കടൽച്ചൊറി എന്ന ഒരുതരം സമുദ്ര

ജന്തു ഇപ്പോഴും ഇല്ലേ? അസ്ഥിയില്ലാത്ത ജന്തുക്കൾ ചത്താൽ അവയുടെ ഒരവശിഷ്ടവും കാലാന്തരത്തിൽ ഉണ്ടായിരിക്കുകയില്ല. ഒരുകാലത്തുണ്ടായിരുന്നതരം ജന്തുക്കൾ മറെറാരുകാലത്തു ജീവിച്ചിരിക്കണമെന്നില്ല. വിവിധകാലങ്ങളിൽ വിവിധജന്തുക്കൾ ജീവിച്ചിരുന്നിരിക്കണം. അവയെല്ലാം ഒരേകാലത്തു് ഒരുമിച്ചുണ്ടായതല്ല. ആദിയിൽ ചെറുജീവികളായിരിക്കണം ഉത്ഭവിച്ചിട്ടുള്ളതു്. കടപ്പുറത്തു കിടക്കുന്ന മനോഹരങ്ങളായ ചിപ്പികളും ഓട്ടികളുമൊക്കെ പണ്ടേയ്ക്കുപണ്ടേ ജീവിച്ചിരുന്ന ചെറുജന്തുക്കളുടേതാണു്. ക്രമേണ പാമ്പു മുതലായ ഇഴജന്തുക്കൾ ജനിച്ചു. ഭൂമിയുത്ഭവിച്ചു് ഏകദേശം എട്ടുകോടിവർഷം വരെ ഇത്തരം ഇഴജന്തുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു കരുതപ്പെടുന്നു. പിന്നീടു് ആനയെക്കാളും വലിയ ആകൃതിയിലുള്ള മൃഗങ്ങൾ, പക്ഷികൾ മുതലായി ഇന്നുള്ളവയ്ക്കു സദൃശമായ ജീവികൾ ഉത്ഭവിച്ചു. ഒടുവിലായിട്ടാണു മനുഷ്യനുണ്ടായതു്. അതുകൊണ്ടു് ഭൂമിയിൽ ജീവികളുണ്ടായതു പടിപടിയായിട്ടായിരുന്നുവെന്നുവേണം അനുമാനിക്കാൻ. അതായതു്. ചെറുജന്തു അനന്തരം കൂടുതൽ വലിപ്പമുള്ള ജന്തു, ഒടുവിലായി മനുഷ്യജന്തു— ഇങ്ങനെയാണു്. മനുഷ്യനുണ്ടായതു് ഒടുവിലാണെന്നു വൃഥാ ഊഹിച്ചുപറയുകയല്ല. ജീവജാലങ്ങളെപ്പററിയുള്ള ഗവേഷണങ്ങൾ തുടരെത്തുടരെ ഈ നൂററാണ്ടിൽ നടന്നിരിക്കുന്നു. അസ്ഥികൾവച്ചു പര്യവേക്ഷണം നിർവ്വഹിച്ചതിൽ മനുഷ്യാസ്ഥിയെക്കാൾ മൃഗാസ്ഥിക്കാണു വലിയ വലിയ പഴക്കമെന്നു കണ്ടുപിടിച്ചിട്ടുണ്ടു്. കടൽപാശിയെപ്പോലുള്ള ചെറുപ്രാണികൾതൊട്ടു് വൻതരം ജന്തുക്കൾവരെ ഉണ്ടായ പരിണാമാവസ്ഥ രസകം

രമായ ആലോചനയ്ക്കു വിഷയമാണെങ്കിലും ആദികാലത്തു ത്ഭവിച്ച ജന്തുക്കളെപ്പററി നമുക്കു ഗ്രഹിക്കാം. എല്ലോ മുള്ളോ ഇല്ലാത്തതും മൃദുവുമായ ചെറുജീവികളാണു് പ്രഥമമായി ഉണ്ടായതു്. അവയുടെ അവശിഷ്ടങ്ങളൊന്നും ലോകത്തില്ല. അതുകൊണ്ടു് അവയെപ്പററി ഊഹിക്കാൻ മാത്രമേ നമുക്കു കഴിവുള്ളു. ഇത്തരം എല്ലും മുള്ളുമില്ലാത്ത ജന്തുക്കൾ ഇക്കാലത്തുപോലും സമുദ്രാന്തർഭാഗത്തുണ്ടു്. അവയ്ക്കു് അന്നുണ്ടായിരുന്ന ആകൃതിയായിരിക്കുകയില്ല ഇന്നത്തെയാകൃതി എന്നേ വ്യത്യാസമുള്ളു. ഭൂമിയിൽ ജീവൻ ഉത്ഭവിച്ചതു് എത്ര അല്പപ്രായമായിട്ടാണെന്നു നോക്കുക! ഈ അല്പപ്രാണികൾ മാത്രമേ അനേകലക്ഷം വർഷങ്ങളായി ഉണ്ടായിരുന്നുള്ളു. മൃഗങ്ങളും മനുഷ്യരും അനേകലക്ഷം വർഷത്തിനുശേഷമാണു് ജനിച്ചിട്ടുള്ളതു്.

പാറയുണ്ടായവിധം ഇനി പറയാം. ചെറുജന്തുക്കളുടെ യുഗത്തിലാണതു്. മേല്പറഞ്ഞതരം അല്പപ്രാണികളെത്തുടന്നു് പുറത്തു തോടും എല്ലും മുള്ളുമുള്ള ചെറിയ ജീവികൾ സമുദ്രത്തിലുണ്ടായി. അവ ചത്തപ്പോൾ മാംസം അഴുകി തോട്ടിനകത്തു ചെളിയും മണ്ണും നിറഞ്ഞു് അടിയിൽ അമന്നിരുന്നു. ആ ചെളിയിലും മണ്ണിലും പിന്നെയും കക്കായും തോടും പററി. സമുദ്രത്തിനടിയിൽ ഇപ്രകാരം പലേടത്തും സിമൻറു് പരുവത്തിൽ ചെളിയും കക്കായും കൂട്ടച്ചേന്നു കൂടികിടന്നിരുന്നു. അവ വളന്നാണു പാറകളായിത്തീന്നതു്. സമുദ്രത്തിനടിയിലാണു് പാറ ആദ്യം ഉത്ഭവിച്ചതെന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഭൂകമ്പങ്ങളുണ്ടായി പാറകെളിരുന്ന സമുദ്രാന്തർഭാഗ

ങ്ങൾ കരയായിത്തീൻ. അനന്തരം നദികളും വർഷപാതങ്ങളും വെവ്വേറെ പാറകളെ കുത്തിയൊലിപ്പിച്ചുകൊണ്ടു പോയി. പല സ്ഥലങ്ങളിലായി ഉടഞ്ഞു ചിതറി അവ പിന്നെയും കൂടുതൽ ദിക്കുകളിൽ വളൻവന്നു.

---

## ൫. മൃഗങ്ങളുടെ കാലം.

ലോകത്തിലെ ആദ്യജീവികൾ ചില അല്പപ്രാണികളായ സമുദ്രജന്തുക്കളും കടൽച്ചെടികളുമാണെന്നു നമുക്കു മനസ്സിലായല്ലോ. അവയ്ക്കു വെള്ളത്തിൽമാത്രമേ ജീവിക്കാമായിരുന്നുള്ളു. വെള്ളത്തിൽനിന്നു പിടിച്ചു കരയ്ക്കിട്ട മത്സ്യത്തെപ്പോലെ അവയ്ക്കും കരയിൽ ജീവിക്കുക സാധ്യമായിരുന്നില്ല. ആദിയിൽ ഭൂതലം കുറവായും ജലവിഭാഗം കൂടിയുമിരുന്നിരിക്കണം. വെള്ളവും ചെളിയും ഇന്നത്തെക്കാൾ കൂടുതൽ ഉണ്ടായിരുന്നിരിക്കണം. ചെളിയും വെള്ളവുമായി കിടന്നവിഭാഗങ്ങളിലെ ജലജന്തുക്കൾക്കു കൂടുതൽ കട്ടിയായ തൊലിയുണ്ടായിത്തീൻതുകൊണ്ടു മററു ജലജന്തുക്കളെ അപേക്ഷിച്ചു കൂടുതൽ സമയം അവയ്ക്കു കരയിൽ ചാകാതെ കിടക്കാവുന്നതാണ്. ക്രമേണ ഈ ഗോത്രത്തിലെ ജന്തുക്കൾ പെരുകുകയും ലോലമായതൊലിയോടുകൂടിയ ജലജീവികൾ കുറയുകയും ചെയ്തു. തൊലിക്കട്ടിയുള്ള ജലജന്തുക്കൾ കാലാന്തരത്തിൽ കരയ്ക്കുതന്നെ കുറേശ്ശ ജീവിക്കാൻ തുടങ്ങി. ജലജന്തുക്കൾ കരജന്തുക്കളായി ഇങ്ങനെ പരിണമിച്ചതു് രസകരമായ വസ്തുതയാണ്. മഞ്ഞുറഞ്ഞുവീഴുന്ന രാജ്യങ്ങളിലെ പക്ഷികളുടെ തൂവൽ വെളുത്തി

രിക്കും. കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിച്ചിട്ടുള്ള പക്ഷികളെ നോക്കിയാൽ ഇതു വ്യക്തമാകുന്നതാണു്. വൃക്ഷലതാദികൾ നിറഞ്ഞ നാട്ടിലെ പക്ഷികൾ മിക്കവാറും പച്ചനിറത്തിലൊ മററുവല്ല ശോഭയേറിയവർണ്ണത്തിലൊആയിരിക്കുകയും ചെയ്യും. പ്രകൃതിയുടെ സ്വഭാവം അതിശയനീയവും ചിലപ്പോൾ നമുക്കു് ഊഹാതീതവുമാണെന്നുള്ളതിൽ സംശയമില്ല. ജന്തുക്കൾ സ്വയം അറിഞ്ഞിട്ടല്ല ഈ വർണ്ണങ്ങൾ സ്വീകരിക്കുന്നതെന്നു തീർച്ചതന്നെ. തണുപ്പുള്ള രാജ്യങ്ങളിലെ ജന്തുക്കൾക്കു രോമമുണ്ടായിരിക്കും. ചെളിവെള്ളത്തിൽ ജീവിച്ചു തൊലിക്കട്ടിയുണ്ടായ ജലജന്തുക്കൾ മണ്ണിൻെറ നിറത്തിൽ കരയ്ക്കുജീവിക്കാറായതു് ഈ സ്ഥിതിക്കു് അത്ഭുതമാണൊ? ശാസ്ത്രത്തിലെപരിണാമസിദ്ധാന്തമിതിനോടത്രെ യോജിച്ചിരിക്കുന്നു! അനേകലക്ഷം വർഷങ്ങളിലെ പരിവർത്തനരീതികൾ വച്ചുനോക്കിയാൽ കുരങ്ങാണു മനുഷ്യൻെറ പിതാവു് എന്നു ഡാർവിൻ പറഞ്ഞതു് തെററാണൊ? അല്പാല്പമായി ലോകത്തും ജീവികളിലും ഉണ്ടായിത്തീരുന്ന മാററങ്ങൾ നമ്മുടെ നഗ്നങ്ങളായ നയനങ്ങൾക്കു ദൃശ്യമല്ല. രണ്ടോമൂന്നോ തലമുറകൾക്കു മുമ്പുണ്ടായിരുന്ന ജീവിതസ്ഥിതി നമുക്കു നേരിട്ടു കാണാൻകഴിയുന്നില്ലല്ലൊ. ആ സ്ഥിതിക്കു് നിരവധിലക്ഷം വർഷങ്ങൾക്കുകെത്തു ഭൂമിയിലെജീവജാലങ്ങൾക്കവനുഭേചന്നവ്യത്യാസം ഊഹിച്ചറിയുകയേ നിവൃത്തിയുള്ളു. ജലവിഭാഗങ്ങൾ ചുരുങ്ങുകയും സ്ഥലവിഭാഗങ്ങൾ വർദ്ധിക്കുകയും ചെയ്തതോടുകൂടി കരയിലും വെള്ളത്തിലുംജീവിക്കാവുന്ന ചീങ്കണ്ണി, തവള എന്നിവയെപ്പോലുള്ള ജന്തുക്കൾ ഉണ്ടായി. തവളയെപ്പററി ചിന്തിക്കുന്നതു രസകരമായിരിക്കും. അതിന്

ആദ്യം ജലത്തിൽമാത്രമേ ജീവിക്കാമായിരുന്നുള്ളൂ. കാലാന്തരത്തിൽ കരജന്തുവിനെപ്പോലെ അതിന് ശ്വാസകോശമുണ്ടായി. ജന്തുക്കൾ കരയിൽ ജീവിക്കാൻതുടങ്ങിയകാലത്ത് ഭൂതലം വനങ്ങൾകൊണ്ടു നിറഞ്ഞതായിരുന്നിരിക്കണം. വനങ്ങൾ ചെളിപ്രദേശങ്ങളിലായിരുന്നിരിക്കണം വളർന്നിരുന്നതും. ക്രമേണ അവയുടെയിടയ്ക്കു പാറയുംമറ്റും ഉണ്ടായിത്തീർന്നു. അവ കാലാന്തരത്തിൽ കൽക്കരിയായി മാറി. കാട്ടുമരങ്ങൾ വെന്തു കരിഞ്ഞ് അവയോടുചേർന്നു. തിരുവിതാംകൂറിൽ തന്നെ ചതുപ്പുനിലങ്ങൾക്കടിയിൽ കരിഞ്ഞ തടികൾ ധാരാളമായിക്കാണാം. കൽക്കരി ഭൂമിയുടെ കുറെഅധികം അടിയിൽനിന്നുമാത്രമെ കിട്ടുകയുള്ളു വെന്നറിയാമല്ലൊ. ഇന്നത്തെ കൽക്കരിഖനികൾ പണ്ടത്തെ വനതലങ്ങളായിരുന്നുവെന്നു വിചാരിച്ചുകൊള്ളുക. ആദ്യം കരയിൽ ജീവിക്കാൻ തുടങ്ങിയ ജന്തുക്കളുടെ കൂട്ടത്തിൽ പാമ്പ്, പല്ലി, ഴീങ്കണ്ണി ഇവ ഉൾപ്പെട്ടിരുന്നു. ഇവയിൽ ചിലതിനു നൂറടിവരെ നീളമുണ്ടായിരുന്നു. നൂറടി നീളമുള്ള പാമ്പിനെയൊ പല്ലിയേയൊപററി നമുക്കിപ്പോൾ ഭാവനചെയ്യാൻപോലും നിവൃത്തിയില്ല. 'എന്നാൽ ലണ്ടൻ കാഴ്ചബംഗ്ലാവിൽ അവയുടെ പഞ്ജരങ്ങൾ എടുത്തുവച്ചിട്ടുണ്ടു്. ഈ ഇഴജന്തുക്കൾക്കു ശേഷമാണ് പ്രസവിക്കുന്നജാതി ജന്തുക്കളുണ്ടായതു്. അവ മനുഷ്യനെപ്പോലുള്ള കുരങ്ങുവർഗ്ഗമായിരുന്നു. മനുഷ്യൻെറ പിതാമഹൻ കുരങ്ങാണെന്നു പറയപ്പെടുന്നതു് ഇതുകൊണ്ടാണു്. എങ്കിലും ആദ്യകാലത്തുണ്ടായിരുന്ന കുരങ്ങുകൾ ഇന്നത്തെപ്പോലെ അത്ര ചെറുതായിരുന്നില്ല. മനുഷ്യനും ആദ്യം കുരങ്ങിനെപ്പോലെ ചപലനായിരുന്നിരി

ക്കണം. പിന്നീട്ടുപിന്നീട് പ്രകൃതിയോടൊപ്പം അവൻ പുരോഗമിച്ചു. ഇപ്പോഴാകട്ടെ അവൻ അവനെപ്പററി ത്തന്നെ വിചാരിച്ചുവച്ചിരിക്കുന്നതെത്രത്തോളമാണെന്നു പറയാൻ പ്രയാസം. മൃഗങ്ങളിൽനിന്നിപ്പോൾ അവൻ നിശ്ശേഷം വ്യത്യസ്ഥനായിപ്പോയി. എന്നാലും കുരങ്ങൻ നമ്മുടെ ഗോത്രത്തിൽ പെട്ടവനാണെന്ന് ഓർമ്മിക്കുന്നതു നന്നായിരിക്കും. കുരങ്ങന്മാരെപ്പോലെ പ്രവത്തിക്കുന്ന ചില മനുഷ്യരെ നാം കാണാറുമുണ്ടല്ലോ.

---

## ൯ മനുഷ്യൻെറ ഉത്ഭവം.

ഭൂമിയിൽ ജീവജാലങ്ങളുണ്ടായതെങ്ങനെയെന്നും അനേകലക്ഷം വർഷങ്ങൾകൊണ്ടു് അവ എങ്ങനെ ഇന്നു കാണുന്ന മട്ടിൽ ആയിത്തീൎന്നെന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽനിന്നു മനസ്സിലാക്കാം. പ്രകൃതിയിൽ നാം വളരെ രസകരമായ വേറൊരു കാൎയ്യംകൂടി കണ്ടുവരുന്നുണ്ടു്. മൃഗങ്ങൾ അവയുടെ പരിസരങ്ങളോടു ചേൎന്നു ജീവിക്കുന്നു. അപ്രകാരം ജീവിച്ചു ജീവിച്ച് ഇപ്പോൾ അവയുടെ ശരീരഘടനയിലും മററും വലിയ വ്യത്യാസം വന്നുപോയി. ആദിയിലുണ്ടായതു് അസ്ഥിയില്ലാത്ത ജന്തുവാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതു് അല്പപ്രാണിയായിരുന്നു; ദീർഘകാലം ജീവിച്ചിരിക്കാൻ അതിനു കഴിവുണ്ടായിരുന്നില്ല. ക്രമേണ അതിനു് അസ്ഥിയുണ്ടായി. ആദ്യമുണ്ടായ എല്ലു് നട്ടെല്ലായിരുന്നു. എല്ലുള്ളതും എല്ലില്ലാത്തതുമായി

ജന്തുക്കൾ രണ്ടുതരത്തിൽ വേർതിരിഞ്ഞു. മനുഷ്യർക്കും മൃഗങ്ങൾക്കും നട്ടെല്ലുണ്ടല്ലോ.

ഇനി മുട്ടയിടുന്ന ചെറുതരം ജന്തുക്കളെ നോക്കുക. മത്സ്യങ്ങൾ അനേകായിരം മുട്ടകളിടുന്നു. മുട്ടയിട്ടശേഷം അവ പിന്നെ തിരിഞ്ഞുനോക്കുകപോലുമില്ല. മുട്ടകൾ സ്വയം വിരിയുകയാണ്. ശരിയായി സൂക്ഷിക്കാത്തതുകൊണ്ട് ഏതാനും മുട്ടകൾ മാത്രമേ വിരിയുകയുള്ളൂ. ബാക്കി നശിച്ചുപോകയാണു പതിവ്. ഇനിയും മുട്ടയിടുന്ന ഇടത്തരം ജന്തുക്കളെ നോക്കുക. കോഴി ഇടുന്ന മുട്ടയുടെ മേൽ അത് അടയിരുന്നു സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. ചിറകുമുഴുവൻ ഉണ്ടാകുന്നതുവരെ കോഴി, കുഞ്ഞുങ്ങളെ കൂട്ടെക്കൊണ്ടുനടന്നു തീററികൊടുത്തു ശ്രദ്ധയോടെ വളർത്തുന്നു. പ്രായമായാൽപിന്നെ അവയെപ്പററി തള്ളക്കോഴിക്ക് ഒരു ശ്രദ്ധയുമില്ലതാനും. ഇനി അതിലുംകൂടിയതരം ജന്തുക്കളുടെ കാര്യമാണ്. അവ മുട്ടയിടുകയല്ല പ്രസവിക്കുകയാണ്. മുട്ട ഗർഭത്തിൽ വഹിച്ചുകൊണ്ടുനടന്നിട്ട് ഒടുവിൽ പ്രസവിക്കുന്നു. പട്ടി, പൂച്ച, മുയൽ മുതലായവയെ നോക്കുക. പ്രസവിച്ചിട്ട് കുട്ടികൾക്കു കുറച്ചു പ്രായമാകുന്നതുവരെ തള്ള പാലുകൊടുക്കുന്നു. ഇത്തരം ജന്തുക്കളിൽ ചിലതിന് സന്തതികൾ കുറെ പാഴായിപ്പോകുന്നുണ്ട്. ഉദാഹരണമായി മുയൽ ഏതാനും മാസം കൂടുമ്പോൾ അനേകം കുട്ടികളെവീതം പ്രസവിക്കുന്നു. എന്നാൽ ചുരുക്കം എണ്ണമേ ജീവിക്കുന്നുള്ളൂ. ബാക്കി ചത്തുപോകും. എന്നാൽ വൻതരം ജന്തുവായ ആനയെപ്പോലുള്ള മൃഗങ്ങൾ ഓരോ കുട്ടിയെവീതമേ പ്രസവിക്കുകയുള്ളൂ. അതിനെ ശരിയായി ശുശ്രൂഷിച്ചുവളർത്തുകയും ചെയ്യും.

ഇങ്ങനെ നോക്കിയാൽ ഒരു കാൎയ്യം നമുക്കുമനസ്സിലാക്കാം. ജന്തുക്കൾക്കു കാലാന്തരത്തിൽ ചില പരിവൎത്തനങ്ങളൊക്കെ ഉണ്ടാകുന്നു. ക്രമേണ അവ മുട്ടയിടിൽ മാററി പ്രസവിക്കുന്നതാണു്. പ്രസവിക്കുന്ന ജാതി ജന്തുക്കൾ കുട്ടികളെ കൂടുതൽ ശ്രദ്ധിച്ചു വളൎത്തുന്നതുമായിരിക്കും. കൂടിയതരം ജന്തുക്കൾ (മൃഗങ്ങൾ) ഒന്നുവീതമേ പ്രസവിക്കുമാറുള്ളു. ലോകത്തിലേയ്ക്കു് ഏററവും വലിയ മൃഗം മനുഷ്യനാണു്. ഈവിധത്തിൽ മനുഷ്യൻ ആദിയിൽ താണതരം ജന്തുവായിരുന്നിരിക്കാനേ ഇടയുള്ളു. ക്രമേണ ഇന്നു കാണുന്ന മട്ടിൽക്ലാസ് കയററം കിട്ടിയതാണു്. ആദിയിലുണ്ടായിരുന്ന മനുഷ്യൻ തീൎച്ചയായും ഇന്നുള്ള മനുഷ്യനെപ്പോലെ ആയിരിക്കാൻ ഇടയില്ല; പകുതി മൎക്കടൻെറയും പകുതി മനുഷ്യൻെറയും മട്ടിൽ മൎക്കടസ്വഭാവത്തോടുകൂടി ജീവിച്ചിരുന്നിരിക്കണം. ഈ അൎദ്ധമൎക്കടമനുഷ്യൻ ഭൂലോകജാതനായിട്ടു് ഏകദേശം നാലുകോടിവൎഷമേ ആയിട്ടുള്ളു. ജൎമ്മനിയിൽ ഹെയിഡൻബൎഗ്ഗ് നഗരത്തിലെ കാഴ്ചബംഗ്ലാവിൽ ഒരു ആദിമനുഷ്യൻെറ തലയോട്ടിസൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. അതൊരു മൎക്കടൻെറ തലയോട്ടിപോലെയാണു്. ആദിമകാലത്തു മനുഷ്യർ അലഞ്ഞുനടക്കുകയായിരുന്നുവല്ലൊ. വീടും കൂടും ഒന്നുമവൎക്കില്ലായിരുന്നു. അന്നു് അത്യന്തം ശൈത്യമാണുണ്ടായിരുന്നതു്. ലോകത്തിൻെറ ആദിമദശയെ ഹിമയുഗമെന്നുഃവൎണ്ണം പറയാൻ. എന്തെന്നാൽ സൎവ്വത്ര അഃപ്പാൾ മഞ്ഞുറഞ്ഞു കിടക്കുകയായിരുന്നു. ഉത്തരധ്രുവത്തിൽ ഇന്നുകാണുന്ന ഹിമവാഹിനികൾ ഇംഗ്ലണ്ടിലേയ്ക്കും ജൎമ്മനിയിലേയ്ക്കും ഒഴുകിവന്നുകൊണ്ടിരുന്നു. മനുഷ്യനു് അതിനിടയിൽ ജീവിക്കുക അസാധ്യം. ഹിമ

പ്രാചീനികളുള്ളിടത്തു മനുഷ്യർ താമസിച്ചിരിക്കാൻ ഇടയില്ല. അക്കാലത്തു് മെഡിററേനിയൻ സമുദ്രം (മദ്ധ്യതരണ്യാഴി) ഒരു സമുദ്രമായിരുന്നില്ലെന്നും അതിൻെറ സ്ഥാനത്തു് ഒന്നുരണ്ടുതടാകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു വെന്നും ശാസ്ത്രജ്ഞന്മാർ പറഞ്ഞിരിക്കുന്നു. ചെങ്കടൽ (റെഡ്സീ) അന്നുണ്ടായിരുന്നേയില്ല. അവിടം കരയായിരുന്നു. ഇന്ത്യ അന്നൊരു ദ്വീപായിരുന്നിരിക്കണം. പഞ്ചാബ്സംസ്ഥാനത്തും യുണൈറഡ് പ്രാവിൻസസ്സിൽ പല ഭാഗങ്ങളിലും സമുദ്രമായിരുന്നു. മദ്ധ്യേന്ത്യയും ദക്ഷിണേൻന്ത്യയും ചേർന്നു ഹിമാലയത്തിൽ നിന്നു ഈ രാജ്യം വേർതിരിഞ്ഞു് ഒരു ദ്വീപായിരുന്ന വസ്തുത നമുക്കു ഓർമ്മിച്ചുനോക്കാൻ കഴിയുമൊ? ആദിമനുഷ്യർ ചുററും ഘോരമൃഗങ്ങളുമായി ഒന്നുചേർന്നു വളരെ ഭീതരായിട്ടാണു ജീവിച്ചിട്ടുള്ളതു്. ഇന്നു മനുഷ്യൻ ലോകത്തിലെ യജമാനനായിത്തീർന്നു. ഏതു മൃഗത്തിനെയും അവൻ ചൊല്പടി നിറുത്തും. കുതിര, കാള, പശു, ആന, പട്ടി, പൂച്ച-- മുതലായവയെ അവൻ ഇണക്കി. മററു ചിലതിനെ അവൻ കൊന്നു തിന്നു. സിംഹം കടുവാ മുതലായവയെ വിനോദാർത്ഥം അവൻ വേട്ടയാടി. എന്നാൽ അക്കാലത്തു മനുഷ്യൻ യജമാനനായിത്തീർന്നിരുന്നില്ല. ആകൃതിയിൽ കൃശനെങ്കിലും ബുദ്ധിശക്തികൊണ്ടു് അവൻ ക്രമേണ സകലമൃഗങ്ങളുടെയും യജമാനനായി. ബുദ്ധിശക്തിയാണു് മനുഷ്യനെ മൃഗങ്ങളുടെ കൂട്ടത്തിൽ നിന്നു വേർതിരിച്ചതു്. ബുദ്ധിശക്തിയില്ലാത്ത മനുഷ്യനും മൃഗവും തമ്മിൽ ഒരു വ്യത്യാസവുമില്ല. മനുഷ്യൻ അവൻെറ ബുദ്ധിശക്തി കൊണ്ടു് ആദ്യമായി നടത്തിയ ഏററവും വലിയ കണ്ടു

KOTTAYAM PUBLIC LIBRARY
50379
KOTTAYAM

പിടിത്തം തീയുണ്ടാക്കുകയായിരുന്നു ഇപ്പോൾ നാം തീപ്പെട്ടിയുരച്ചു നിഷ്പ്രയാസം തീയുണ്ടാക്കുന്നതു കൊണ്ട് അതിനെപ്പററി അധികം ഓർക്കാറില്ല. ആദ്യം തീയുണ്ടാക്കിയിരുന്നതു രണ്ടു കരിങ്കൽചില്ലു തമ്മിൽ ഉരച്ചിട്ടാണ്. തീപ്പൊരിയുണ്ടാകുന്നതുവരെ അവ തമ്മിൽ ഉരയ്ക്കുമായിരുന്നു. എന്നിട്ടു പഞ്ഞിയിലൊ വയ്ക്കോലിലൊ അതു കത്തിക്കുകയാണു പതിവായിരുന്നതു് മരങ്ങൾ തമ്മിൽ ഉരഞ്ഞിട്ട് ചിലപ്പോൾ കാട്ടുതീയുണ്ടാകയുംപതിവായിരുന്നു. മൃഗങ്ങൾക്ക് ഇതിൽനിന്ന് എന്തെങ്കിലും ഒന്നു പഠിക്കത്തക്ക ബുദ്ധിവിശേഷമുണ്ടായിരുന്നില്ല. എന്നാൽ മനുഷ്യൻ സമർത്ഥനായിരുന്നു. തീയുടെ ഉപയോഗം അവൻ ശരിയായി മനസ്സിലാക്കി. ശീതബാധയിലും ഹിംസജന്തുക്കളിലുംനിന്ന് അവൻ അതുകൊണ്ടു രക്ഷപ്രാപിച്ചു. മാംസം തീയിൽവേവിച്ചു തിന്നാൻ കൂടുതൽ സ്വാദുണ്ടായിരിക്കുമെന്നും അവൻ കണ്ടു. അങ്ങനെ ആദികാലത്തു് ഉണ്ടാക്കിയ അഗ്നി കെടുത്താതെ ഇലയും വിറകും വാരിയിട്ട് ആളിക്കത്തിച്ചുകൊണ്ടിരുന്നു. മനുഷ്യനെ ജീവജാലങ്ങളുടെ യജമാനനാക്കാൻ സഹായിച്ച ആദ്യത്തെ ശക്തി ഇതാണ്.

---

## ൭ ആദിമ മനുഷ്യൻ

മനുഷ്യന് ബുദ്ധിവർദ്ധിച്ചതോടുകൂടി പ്രാബല്യവും വർദ്ധിച്ചു, ബുദ്ധിശക്തിയല്ലാതെ ശത്രുവിനോടു നേരിടാൻ അവനു മററു യാതൊരായുധവും ആദ്യകാലത്തുണ്ടായിരുന്നില്ല. കല്ലെടുത്തെറിയാൻ മാത്രമേ ആദ്യം അവന്

സാധിച്ചിരുന്നുള്ളു. അനന്തരം അവൻ കല്ലുകൊണ്ടു് കോടാലി, കുന്തം എന്നുവേണ്ട കൽസൂചിപോലും ഉണ്ടാക്കി! ജനീവായിലേയും ലണ്ടനിലേയും കാഴ്ചബംഗ്ലാവുകളിൽ ഇത്തരമായുധങ്ങൾ ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ടു്.

കഴിഞ്ഞ അദ്ധ്യായത്തിൽപറഞ്ഞ ഹിമയുഗം അവസാനിച്ചു. ഹിമവാഹിനികൾ മദ്ധ്യേഷ്യയിൽനിന്നു തിരോധാനംചെയ്തു. ശൈത്യം വിട്ടൊഴിഞ്ഞു് അല്പാല്പം ചൂടുണ്ടായതോടുകൂടി മനുഷ്യർ ദൂരസ്ഥലങ്ങളിൽ, വിട്ടുതാമസിക്കാൻ തുടങ്ങി. വീടുകളോ മററു കെട്ടിടങ്ങളോ അന്നുണ്ടായിരുന്നില്ല. കായും കനിയും വേട്ടജന്തുക്കളുടെ മാംസവുംതിന്നുകൊണ്ടു് അവർ ഗുഹകളിൽ പാർത്തുവന്നിരുന്നു. കൃഷി അറിയാമായിരുന്നില്ല. പാലകവൃത്തിയും അങ്ങനെതന്നെ. എങ്കിലും മാംസം അവർ തീയിൽവേവിച്ചുതിന്നിരുന്നു. ചട്ടിയൊ കലമൊ കുടമൊ മററുവിധപാത്രങ്ങളൊ ഒന്നും അന്നുണ്ടായിരുന്നില്ല. ഒരു സംഗതി അത്ഭുതകരമായിരിക്കുന്നുണ്ടു്. ഈ മനുഷ്യർ ചിത്രകലയിൽ നിപുണരായിരുന്നു. കടലാസൊ മഷിയൊ പേനയൊ അന്നില്ലായിരുന്നുവെങ്കിലും കൽസൂചികൊണ്ടും കൂർത്ത ആയുധങ്ങൾകൊണ്ടും ഗുഹകളിലെ ചുവരുകളിൽ അവർ മൃഗങ്ങളുടെ ചിത്രങ്ങൾ വരച്ചിട്ടുണ്ടു്. അവയിൽ ചിലതു് ഇന്നും നന്നായിരിക്കുന്നു. ഗുഹകളിൽ ഇരുട്ടായിരുന്നതുകൊണ്ടു് എന്തെങ്കിലുംതരം വിളക്കുകൾ പൂർവ്വകാലത്തുപയോഗിച്ചിരുന്നിരിക്കണ്ടെ. ശിലായുഗത്തിലെ മനുഷ്യരെന്നാണു് ഇവരെ വിളിക്കുന്നതു്. കല്ലുകൊണ്ടു് സകല ആയുധങ്ങളും ഉണ്ടാക്കിയിരുന്നതുകൊണ്ടു് ആ കാലഘട്ടത്തെ ശിലായുഗമെന്നു പറഞ്ഞുവരുന്നു. ലോഹങ്ങളുപയോഗിക്കാതെങ്ങ

ന്തെന്ന് അന്ന് അറിയപ്പെട്ടിരുന്നില്ല. ഇന്ന് നാം മിക്ക സാധനങ്ങളും ലോഹങ്ങൾകൊണ്ടാണു നിർമ്മിക്കുന്നതു്. ഇരുമ്പും വെള്ളോട്ടും എന്താണെന്നുപോലും അന്നറിഞ്ഞുകൂടാതിരുന്നതിനാൽ കല്ലുകൊണ്ടുസകലതും ഉണ്ടാക്കാൻ അവർ പണിപ്പെടേണ്ടിവന്നു. ശിലായുഗം അവസാനിക്കുന്നതിനുമുമ്പായി ഭൂമിയിലെ ശീതോഷ്ണാവസ്ഥ വളരെ ഭേദപ്പെട്ടു. കൂടുതൽ ചൂടുണ്ടായി. ഹിമവാഹിനികൾ മുഴുവൻ ആർട്ടിക്കുസമുദ്രത്തിലേയ്ക്കു പ്രവഹിക്കയും മദ്ധ്യേഷ്യയും യൂറോപ്പും വൻകാടുകളായിത്തീരുകയും ചെയ്തു. ഈ കാടുകളിൽ ഒരു പുതിയവർഗ്ഗം മനുഷ്യർ ജീവിക്കാൻതുടങ്ങി. ശിലായുഗത്തിലെ മനുഷ്യരേക്കാൾ ഇവർ സമർത്ഥന്മാരായിരുന്നു. എങ്കിലും കല്ലുകൊണ്ടാണു് അവരും ആയുധങ്ങൾ നിർമ്മിച്ചിരുന്നതു്. ഇവരും ശിലായുഗമനുഷ്യരെന്നു വിളിക്കപ്പെടുന്നുവെങ്കിലും പുതിയശിലായുഗമനുഷ്യരെന്നു് അവർക്കൊരു വ്യത്യസ്തനാമം കല്പിക്കപ്പെട്ടിട്ടുണ്ടു്. ഇവരുടെകാലത്തു് വലിയ പുരോഗമനം കാണപ്പെട്ടു. ഇവരാണു ആദ്യമായി കൃഷിചെയ്യാൻ തുടങ്ങിയതു്. നിലം ഉഴാനും ഭക്ഷണവിഭവങ്ങൾ വളർത്താനും അവർ ആരംഭിച്ചു. മൃഗങ്ങളെ വേട്ടയാടാൻ പോയാൽ ചിലപ്പോൾ ഒന്നും കിട്ടിയില്ലെന്നുവരും. എന്നാൽ കൃഷിചെയ്യുന്നപക്ഷം കാലാകാലത്തു് ആഹാരപദാർത്ഥങ്ങൾ കിട്ടുമെന്നുറപ്പുണ്ടായി. കൂടുതൽ വിശ്രമവും സമാധാനജീവിതവും അതുകൊണ്ടു് കുറെ സാധിച്ചു. വിശ്രമാവസരങ്ങൾ കൂടുതലായി അവർക്കുണ്ടായതോടുകൂടി മററു കണ്ടുപിടിത്തങ്ങളും അവർ നടത്തിത്തുടങ്ങി. മണ്ണുകൊണ്ടു് പാത്രങ്ങൾ അവർ നിർമ്മിച്ചിട്ടു് അതിൽപാചകം നിർവ്വഹിച്ചു.

ശിലായുധങ്ങൾ കൂടുതൽപരിഷ്കരിച്ചു്അവരുണ്ടാക്കുകയും അവയ്ക്കു നല്ല മിനുസം വരുത്തുകയുംചെയ്തു. പശു, പട്ടി, ആടു് മുതലായമൃഗങ്ങളെഇണക്കിവളർത്തുന്നതിനും,വസ്ത്രങ്ങൾ നെയ്യാനും വീടുകെട്ടിപാൎക്കാനും അവർ ആരംഭിച്ചു. മൃഗങ്ങളുടെ ശല്യമുണ്ടാകാതിരിക്കത്തക്കവണ്ണം അവരുടെ കുടിലുകൾ ആദ്യകാലത്തു് തടാകങ്ങളുടെ നടുവിലാണു് കെട്ടിയതു്. അതിനാൽ തടാക (കായൽ) നിവാസികളെന്നു് ഇവരെ വിളിക്കുന്നു. ഈ മനുഷ്യരെപ്പററി എങ്ങനെയാണു നാം ഇത്രത്തോളം അറിഞ്ഞതു്? ഒരത്ഭുതസംഗതിയായി അതു കരുതപ്പെട്ടേയ്ക്കാം. അവർ ഗ്രന്ഥങ്ങളൊന്നും നിൎമ്മിച്ചിരുന്നില്ല. എങ്കിലും ഇവരെപ്പററി നമുക്കു വായിക്കാവുന്ന ഗ്രന്ഥം ഏതാണെന്നു് ആദ്യമായി പറഞ്ഞിരുന്നു. പ്രകൃതിഗ്രന്ഥമുണ്ടല്ലോ. ആ ഗ്രന്ഥംവായിക്കുക അത്ര എളുപ്പമല്ല. നിസ്സീമമായ ക്ഷമ അതു വായിക്കാൻ ആവശ്യമാണു്; അനേകംപേർ ഈ ഗ്രന്ഥം വായിച്ചുമനസ്സിലാക്കാൻ ആയുഷ്കാലംമുഴുക്കെ വിനിയോഗിക്കുകയും പലവിധ അവശിഷ്ടങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ടു്. വലിയകാഴ്ചബംഗ്ലാവുകളിൽ ഈഅവശിഷ്ടങ്ങളിൽ പലതും സൂക്ഷിക്കപ്പെട്ടിട്ടുമുണ്ടു്. ശിലായുഗത്തിലെ മനുഷ്യർ കല്ലുകൊണ്ടുണ്ടാക്കി മിനുസപ്പെടുത്തിയിരുന്ന കോടാലികളും, കലങ്ങളും, അമ്പുകളും, സൂചികളുംമററും നമുക്കു് കാഴ്ചബംഗ്ലാവുകളിൽ കാണാം. പണ്ടത്തെ തടാകവസതിയുടെ ഒരു മാതൃക ജനീവാ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്നു. വെള്ളത്തിൽ മരക്കാലുകൾഉറപ്പിച്ചിട്ടു് അവയുടെ മേലാണു് കുടിലുകൾ കെട്ടിയിരുന്നതു്. അവയിൽനിന്നു കരയിലേയ്ക്കു് ഓരോ പാലവും ഇട്ടുമായിരുന്നു. അവർ ഉടു

ത്തിരുന്നതു് മൃഗങ്ങളുടെതോലും മരവുരിയുമാണു്. ക്രമേണ ചെമ്പുകൊണ്ടും വെള്ളോട്ടുകൊണ്ടും അവർ ആയുധങ്ങളുണ്ടാക്കാൻ തുടങ്ങി. ആഭരണങ്ങൾക്കായും മററും സ്വർണ്ണം അവർ ഉപയോഗിച്ചിരുന്നു. ഏകദേശം പതിനായിരം വർഷം മുമ്പായിരിക്കണം ഇത്തരം മനുഷ്യർ ജീവിച്ചിരുന്നിട്ടുള്ളതു്. ആണ്ടുമാസംതീയതിസൂക്ഷ്മമായി നമുക്കറിഞ്ഞുകൂടെന്നേയുള്ളൂ. അനേകലക്ഷംവർഷങ്ങൾക്കുമുമ്പു തുടങ്ങി ഏകദേശം പതിനായിരം വർഷംമുമ്പുവരെയുള്ള കഥയാണു് ഇതുവരെ നാം അറിഞ്ഞതു്. ആധുനികകാലത്തോടു് നമ്മൾ മിക്കവാറും അടുത്തു. ആദിമകാലത്തെ മനുഷ്യജീവിതവും നവീനകാലത്തെ മനുഷ്യജീവിതവും തമ്മിൽ ധ്രുവമാണ്ഡവ്യത്യാസമുണ്ടെങ്കിലും ഈ വ്യത്യാസം ക്രമേണ ക്രമേണ അതാതുതലമുറകൾ അറിയാതെതന്നെയാണു് സംഭവിച്ചതു്. ഇതിനിടയിൽ അല്പകാലത്തേക്കുപോലും മനുഷ്യകുലം ഇല്ലാതിരുന്നിട്ടില്ല. പ്രകൃത്യാതന്നെ ഈ മാററങ്ങൾ ഉണ്ടായി. ഓരോവിധജനസമുദായങ്ങൾ ഇക്കാലത്തിൽ ഉത്ഭവിക്കുകയുംചെയ്തു. ലോകത്തു വിവിധ ഭാഗങ്ങളിൽ ഓരോവിധമായ ശീതോഷ്ണസ്ഥിതി നിലനിന്നതു സ്വാഭാവികമാണല്ലോ- ഓരോ ശീതോഷ്ണസ്ഥിതിയുമനുസരിച്ചു് അവിടവിടെയുള്ളവർ നിവസിക്കുകയും അങ്ങനെ പല രാജ്യവാസികൾ നിറത്തിലും ആകൃതിയിലും പ്രകൃതിയിലും വ്യത്യസ്തപ്പെടുകയും ചെയ്തു. ദീർഘദീർഘകാലങ്ങൾക്കിടയിലുണ്ടായ ഈ മാററങ്ങൾ അതാതുകാലത്തു് ആരും മനസ്സിലാക്കിയില്ല. ശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ മനുഷ്യവർഗ്ഗത്തിനൊരു കൊടും വിപത്തുണ്ടായി. മദ്ധ്യതരണ്യാഴി (മെഡിറററേനിയൻസമുദ്രം)

പണ്ടു സമുദ്രമായിരുന്നില്ലെന്നും ആ വിഭാഗത്തു് അവിട വിടെ ചില കായലുകൾമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ കായലുകളിൽ മുമ്പൊരിക്കൽ പ്രസ്താവിച്ചപ്രകാരമുള്ള കുടിലുകൾ കെട്ടി ധാരാളം മനുഷ്യർ പാർത്തിരുന്നു. യൂറോപ്പിന്റെയും ആഫ്രിക്കയുടേയും ഇടയ്ക്കു് ജിബ്രാൾട്ടറിനടുത്തുണ്ടായിരുന്ന കര പൊട്ടുന്നനവെ വെള്ളം കൊണ്ടുപോയി. മെഡിററേനിയൻ താഴ്വരകളിലേക്കു് അററ്ലാൻറിക് മഹാസമുദ്രത്തിൽനിന്നു ജലം പ്രവഹിച്ചു തടാകങ്ങളിലും സമീപദേശങ്ങളിലും അധിവസിച്ചിരുന്ന മനുഷ്യർ കൂട്ടത്തോടെ അപ്പോൾ നശിച്ചുപോയിരിക്കണം. പ്രളയമെന്നു ബൈബിളിലും പുരാണേതിഹാസങ്ങളിലും പറഞ്ഞിട്ടുള്ളതു് ഇതിനെപ്പററി ആയിരിക്കാനാണിടയുള്ളതു്. അററ്ലാൻറിക് മഹാസമുദ്രത്തിൽ നിന്നുണ്ടായ ജലപ്രവാഹം അനേകസഹസ്രം നാഴിക നീളം വീതിയിലുള്ള പ്രദേശങ്ങളെ ഗ്രസിക്കുന്നതുവരെ ശമിക്കയുണ്ടായില്ല. മെഡിററേനിയൻകടലായി അതു തീർന്നതിനുശേഷമേ ജലപ്രവാഹം നിലച്ചുള്ളു.

---

## വ്യ. വിവിധവർഗ്ഗങ്ങളുടെ ഉത്ഭവം.

ജലാശയങ്ങളിൽ (തടാകങ്ങളിൽ) കുടിൽകെട്ടി കഴിഞ്ഞുകൂടിയ പുതിയശിലായുഗത്തിലെ മനുഷ്യരാണു് ഇന്നത്തെ മനുഷ്യരുടെ ആദ്യതലമുറക്കാർ. വെള്ളക്കാർ, തവിട്ടു നിറത്തിലുള്ളവർ, മഞ്ഞനിറത്തിലുള്ളവർ, കറുത്തനിറത്തിലുള്ളവർ—ഇങ്ങനെ പല വകക്കാരെ നാം ഇന്നു കാണു

ന്നു്. ഈ നാലുനിറത്തിലുള്ളവർമാത്രമേ ഇന്നു ലോകത്തിലുള്ളുവെന്നു തീൎത്തുപറയാനും നിവൃത്തിയില്ല. വൎഗ്ഗങ്ങൾതമ്മിൽ സമ്മിശ്രമായിട്ടുണ്ടു്. ചിലരെ ഇപ്പോൾ ഏതുവൎഗ്ഗക്കാരെന്നു വേർതിരിച്ചുപറവാൻ നിർവാഹമില്ലാത്തവിധത്തിൽ അത്രയേറെമാററം അവൎക്കു സംഭവിക്കുന്നു. ശാസ്ത്രജ്ഞന്മാർ മനുഷ്യരുടെ ശിരസ്സു് അളന്നു് അവരേതുവൎഗ്ഗക്കാരെന്നു വേർതിരിച്ചു പറയാമെന്നു വിധിച്ചിട്ടുണ്ടു്. ഈ പലതരം വൎഗ്ഗക്കാർ എങ്ങനെയുണ്ടായി? ഒരേ ജനസമുദായത്തിൻെറ അനന്തര പരമ്പരകളാണെങ്കിൽ ഇത്രത്തോളംവ്യത്യാസം ഇവർതമ്മിൽകാണാൻകാരണമെന്തു്? ഒരു ജൎമ്മൻകാരൻ നീഗ്രോയിൽനിന്നു തുലോം വ്യത്യസ്ഥനായിരിക്കുന്നു. ജൎമ്മൻ,സുഭഗശരീരിയും നീഗ്രോ കരിക്കട്ടപോലെ കറുത്തവനുമാണു്. ജൎമ്മൻകാരൻെറതലമുടി നീണ്ടിരുണ്ടിരിക്കും. നീഗ്രോയുടെ തലമുടിയാകട്ടെ കുരുടിചുരുണ്ടുതലയോട്ടിയോടു പററിയിരിക്കുന്നു. ചീനൻ ഇവർ രണ്ടുകൂട്ടരേയുംപോലല്ല. ഇവർതമ്മിലുള്ള അന്തരത്തിൻെറ ആന്തരരഹസ്യം എന്താണെന്നു സൂക്ഷ്മമായിപറവാൻകഴിവില്ലെങ്കിലുംപരിതസ്ഥിതികൾക്കനുസരണമായി ജീവജാലങ്ങൾക്കു ക്രമേണ മാററമുണ്ടായിട്ടുണ്ടെന്നുള്ളതു് ഇവിടെ സ്മരണീയമാണു്. ഒരുപക്ഷേ ഇന്നു കാണുന്ന ജൎമ്മൻകാരനും നീഗ്രോയും വിവിധവൎഗ്ഗക്കാരിൽനിന്നുത്ഭവിച്ചവരാണെന്നിരുന്നാലും ഇവരുടെ പൂർവജന്മാർ പണ്ടു ഒരേവൎഗ്ഗക്കാരായിരിക്കുവാനേ ഇടയുള്ളു. പരിതസ്ഥിതികൾ ഇവരുടെ ആകൃതിക്കും പ്രകൃതിക്കും വമ്പിച്ച മാററം വരുത്തിയതായിരിക്കണം. ഇപ്രകാരം ഭൂമിയുടെ ഉത്തരഭാഗങ്ങളിൽ അധിവസിച്ചിരുന്നവർ കഠിനമായ തണുപ്പും

മഞ്ഞും സഹിക്കാൻ ശക്തരായി. എസ്കിമൊ വർഗ്ഗക്കാർ ഇപ്പോഴും ഉത്തരഭാഗങ്ങളിലെ മഞ്ഞുറഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലാണധിവസിക്കുന്നതു്. അവരെപ്പോലെ മഞ്ഞും ശൈത്യവും ഏൽക്കാൻ കെല്പുള്ളവർ ലോകത്തു മററു യാതൊരു ജനസമുദായവുമില്ല. അവരെക്കൊണ്ടു നമ്മുടെ ഉഷ്ണദേശങ്ങളിൽ ഒരു ദിവസം തികച്ചു താമസിക്കുവാൻ സാധിക്കുകയില്ലെന്നുമാണു തോന്നുന്നതു്. വെള്ളത്തിൽ നിന്നു കരയ്ക്കു പിടിച്ചിടുന്ന മത്സ്യത്തെപ്പോലെ അവർ സിദ്ധിയായിപ്പോകും. എസ്കിമൊ വർഗ്ഗക്കാർക്കു ലോകത്തിലെ ഇതരഭാഗങ്ങളിലെങ്ങും പാർക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അവരുടെയിടയിൽ മററു രാജ്യങ്ങളിലെ പരിഷ്ക്കാരങ്ങൾ പ്രചരിപ്പിച്ചിട്ടില്ല. ആഫ്രിക്കയിലെ മദ്ധ്യരേഖയ്ക്കു സമീപമുള്ള ഇതരരാജ്യങ്ങളിലെ അധിവസിക്കുന്നവരുടെ നിറം കറുത്തതാണു്. സൂര്യന്റെ ഊഷ്മാവു് അവരെ കറുപ്പിച്ചുകളഞ്ഞു. ഇൻഡ്യയിലെ കഥതന്നെ നമുക്കാലോചിച്ചുനോക്കാമല്ലൊ. ഉത്തരേൻഡ്യക്കാരെക്കാൾ മദ്ധ്യരേഖയ്ക്കു സമീപം താമസിക്കുന്ന ദക്ഷിണേന്ത്യാക്കാർ കറുത്തിരിക്കുന്നു. കൂടാതെ വേറൊരു കാര്യം കൂടി നമുക്കു ദൃഷ്ടാന്തമായി എടുക്കാം. അർദ്ധനഗ്നരായി കഠിനമായ വെയിലും ചൂടും ഏററു് വയലുകളിൽ വേലചെയ്യുന്ന നമ്മുടെ നിർഭാഗ്യരായ കൂലിവേലക്കാർ, ഉടുപ്പും മററും ധരിച്ചു് അടച്ചുമൂടി വെയിലും ചൂടും അധികം ഏല്ക്കാതെ നല്ല കെട്ടിടങ്ങൾക്കകത്തു കഴിഞ്ഞുകൂടുന്നവരെക്കാൾ കറുത്തിരിക്കുന്നില്ലേ? കുറെ മേനിമിനുക്കമുള്ള നമ്മിൽ ചിലർ തന്നെ ഒരു ദിവസം ഒന്നു വെയിൽ കൊണ്ടാൽ കറുക്കുന്ന സ്ഥിതിക്കു് ഒരിക്കൽപോലും ഇളവില്ലാതെ മൂന്നൂററുപത്ത

ഴുദിവസവും വെയിൽ കൊള്ളുന്നവർ കറുത്തു പിടച്ചു പോകുന്നതു് അതിശയമാണോ? അങ്ങനെ മുന്നൂററുവ ത്തഴുദിവസങ്ങൾ അടങ്ങിയ അനേകവർഷങ്ങളായി വെയിലും ചൂടും ഏററു പരമ്പരയാ ജീവിക്കുന്നവരുടെ സന്താനങ്ങൾ വെളുത്തിരിക്കണമെന്നുവച്ചാൽ വിഷമമ ല്ലയൊ! ശീതോഷ്ണാവസ്ഥയുടെ വ്യത്യാസംകൊണ്ടാണു് മനുഷ്യർക്കുനിറവ്യത്യാസംസംഭവിക്കുന്നതെന്നു് ഇതിനാൽ സിദ്ധമായി. എന്നാൽ ഉഷ്ണരാജ്യമായ ഇൻഡ്യയിൽതന്നെ നല്ല വെളുത്തനിറമുള്ള സുകുമാരശരീരികൾ ഇല്ലെ എന്നു ചോദിക്കുമായിരിക്കും. അതെ, ഇൻഡ്യയിൽ അധിവസി ക്കാൻ വന്ന വിവിധവർഗ്ഗക്കാരുടെ കലപ്പാണതെന്നേ പറ യാൻ നിവൃത്തിയുള്ളൂ. കഴിഞ്ഞ കാലങ്ങളിൽ അനേകമ നേകം വർഗ്ഗക്കാർ ഇൻഡ്യയിൽ അധിവസിക്കുവാൻ വന്നെത്തിയിട്ടുണ്ടു്. ഇൻഡ്യയിലിപ്പോൾ സങ്കരവർണ്ണം സംഭവിച്ചുപോയിരിക്കുന്നതിനാൽ ഇൻഡ്യാക്കാരിലൊരു ത്തൻ പൂർവ്വനിവാസികളിൽ ഏതു വർഗ്ഗക്കാരനാണെന്നു ഖണ്ഡിച്ചുപറക അസാദ്ധ്യമായിത്തീർന്നിരിക്കുന്നു.

---

## ൯. വർഗ്ഗങ്ങളും ഭാഷകളും

ലോകത്തു് ഏതുഭാഗത്താണു് ആദ്യം മനുഷ്യനുണ്ടാ യതെന്നു തീർത്തു പറയാൻ വയ്യ. ഒരുപക്ഷെ പല ഭാഗങ്ങ ളിലൊന്നിച്ചു് ഒരേസമയത്തു മനുഷ്യരുത്ഭവിച്ചുവെന്നു വരാം. ഹിമയുഗത്തിൽ ഹിമവാഹിനികൾ ഉത്തരഭാഗ ങ്ങളിലേയ്ക്കു് ഒലിച്ചുമാറിയതോടുകൂടി അനപ്പുണ്ടായിരുന്ന

സ്ഥലങ്ങളിൽ മനുഷ്യർ ഉത്ഭവിച്ചുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആദിമകാലത്തു് എത്രയോ തലമുറകളായി മനുഷ്യർ അലഞ്ഞുനടന്നശേഷം ആദ്യമായി അവർ കുടിപാർക്കാൻ തുടങ്ങിയതു് നദീതീരങ്ങളിലായിരിക്കണം. എന്തെന്നാൽ കൃഷിക്കു പററിയ സ്ഥലങ്ങൾ നദീതീരങ്ങളാണല്ലോ. ആര്യന്മാർ ഇൻഡ്യയിൽ വന്നു് ആദ്യം കുടിപാർത്തുതുടങ്ങിയതു് സിന്ധു, ഗംഗ എന്നീ മഹാനദികളുടെ തീരങ്ങളിലാണെന്നു ചരിത്രം പറയുന്നുണ്ടല്ലോ. മെസൊപ്പൊട്ടേമിയായിൽ ടൈഗ്രിസ്, യൂഫ്രട്ടീസ് എന്നിവയുടെ കരകളിലും ഈജിപ്റ്റിൽ നൈൽനദീതീരങ്ങളിലുമാണു് ആദ്യം മനുഷ്യർ അധിവസിക്കാനാരംഭിച്ചതെന്നും ചരിത്രത്തിലുണ്ടു്. ചൈനയിലും അങ്ങനെതന്നെ. ഇൻഡ്യയിൽ ആദ്യമായി കുടിപാർത്തിരുന്നതു് ദ്രാവിഡന്മാരാണെന്നാണു നാം ഗ്രഹിച്ചിട്ടുള്ളതു്. അതിനുശേഷം ആര്യന്മാർ വന്നു. ഇപ്പോഴും ദക്ഷിണേന്ത്യാക്കാരിലധികവും ദ്രാവിഡരുടെ പരമ്പരകളാണു്. അവർ കൂടുതൽ കറുത്തിരിക്കുന്നതുകൊണ്ടുതന്നെ ആര്യന്മാരെക്കാൾ കൂടുതൽ മുമ്പ അവർ ഇൻഡ്യയിൽ പാർത്തുവന്നിരുന്നുവെന്നു് ധാരാളം വിശ്വസിക്കാം. ദ്രാവിഡർ പണ്ടുപണ്ടേ ഒരു പരിഷ്കൃതജനതയായിരുന്നു. അവർക്ക് സ്വന്തഭാഷയുണ്ടായിരുന്നുവെന്നു മാത്രമല്ല മററു വർഗ്ഗക്കാരുമായി അവർ വാണിജ്യത്തിലേർപ്പെട്ടുമിരുന്നു. കിഴക്കേയൂറോപ്പിലും മദ്ധ്യേഷ്യയിലും പശ്ചിമേഷ്യയിലും അതിനിടയിൽ ഒരു സമുദായപുരോഗതി പ്രാപിച്ചുവരികയായിരുന്നു. അതാണു് ആര്യന്മാർ. അവരുടെ ഭാഷയായ സംസ്കൃതത്തിൽ ആര്യൻ എന്നാൽ ശ്രേഷ്ഠൻ എന്നു് അർത്ഥം കല്പിക്കപ്പെട്ടിരിക്കുന്നു. ലോക

ത്തു് ഓരോ വർഗ്ഗക്കാരും ഇങ്ങനെ സ്വാഭിമാനംകൊള്ളാറുണ്ടു്. ഇംഗ്ലീഷ്കാരൻ വിചാരിക്കുന്നു അവനാണു് ലോകത്തിലേയ്ക്കുവച്ചു് ഉത്തമനെന്നു്. ഫ്രെഞ്ചുകാരും ജർമ്മൻകാരും അമേരിക്കരും എന്നുവേണ്ട സകലരും ഇങ്ങനെ അവരവരെപ്പററി വിചാരിക്കുന്നു. വടക്കേഏഷ്യയിലും യൂറോപ്പിലുമുണ്ടായിരുന്ന പുൽപ്രദേശങ്ങളിൽ ആര്യന്മാർ ആദ്യം അലഞ്ഞുനടന്നിരുന്നു. അവരുടെജനസംഖ്യ പെരുവുകയും അവിടെ ശൈത്യംമാറുകയും ചെയ്തതോടുകൂടി വേണ്ടത്ര ഭക്ഷണസാധനങ്ങൾ അവൎക്കു കിട്ടാതായി. അതിനാൽ ആഹാരം തേടി ലോകത്തു് ഓരോഭാഗങ്ങളിലേയ്ക്കു് അവർ തിരിക്കേണ്ടിവന്നു. യൂറോപ്പു് ആകെ അവർ നിറഞ്ഞു. ഇൻഡ്യയിലും പേഴ്സ്യയിലും മെസൊപ്പൊട്ടേമിയായിലും അവരെത്തിക്കൂടി. യൂറോപ്പിലെയും ഉത്തരേന്ത്യയിലേയുംപേഴ്സ്യയിലേയും മെസൊപ്പൊട്ടേമിയായിലേയും ജനങ്ങൾ ഇന്നു വേർതിരിഞ്ഞു വ്യത്യസ്ഥതയോടെകഴിയുകയാണെങ്കിലും അവർ സകലരും ഒരേ ജനസമുദായത്തിൽ നിന്നും—ആര്യന്മാരിൽനിന്നും—ഉത്ഭവിച്ചവരാണു്. അതുകൊണ്ടു് ആര്യന്മാർ ലോകത്തിലെ പ്രധാനപ്പെട്ട പൂർവജനതയായി ഇന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. വേറൊരു പ്രധാനജനത മംഗോളിയരാണു്. ഇവർ ചൈനാ, ജപ്പാൻ, ടിബററു്, സയാം, ബർമ്മാ എന്നീ കിഴക്കേ ഏഷ്യൻരാജ്യങ്ങളിൽ നിരന്നു. ഇവരെ പീതവർണ്ണക്കാരെന്നാണു വിളിക്കുന്നതു്. ഉയർന്ന ഗണ്ഡാസ്ഥികളും ഇടുങ്ങിയ നയനങ്ങളും അവരുടെ പ്രത്യേകതയായിരിക്കുന്നു. ആഫ്രിക്കയിലുംമററുചിലസ്ഥലങ്ങളിലും അധിവസിക്കുന്ന നീഗ്രോജാതിക്കാർ ആര്യവർഗ്ഗത്തിലോ മംഗോളിയൻവർഗ്ഗ

ത്തിലൊ പെട്ടവരല്ല. അവർ മററെല്ലാരെയ്യുംകാറം കവ ത്തിരിക്കുകയാണ്. അറേബ്യയിലും പാലസ്റ്റൈനിലും അധിവസിക്കുന്ന അറബികളും ഹീബ്രു ജാതിക്കാരും മററൊരുവകക്കാരാകുന്നു. അനേകായിരം വഷങ്ങൾക്കിടയിൽ ഈ വർഗ്ഗക്കാരെല്ലാം പിന്നെയും ചിന്നിച്ചിതറി കൂടുതൽവിഭാഗങ്ങളായിത്തീന്നിട്ടുണ്ട്. അതിനെപ്പററി നമുക്കിപ്പോൾ കൂടുതൽ അന്വേഷിക്കാൻ പോകേണ്ട. ഓരോ വർഗ്ഗക്കാരെയും വേർതിരിച്ചറിയുന്നതു് അവരുടെ ഭാഷകൊണ്ടാണ്. ഓരോ ജനതയ്ക്കും ഓരോ പ്രത്യേകഭാഷയുണ്ടായിരുന്നതു് കാലാന്തരത്തിൽ പല ഭാഷകളായിത്തീന്നു. ശബ്ദത്തിലും അത്ഥത്തിലും സാമ്യമുള്ള ഒരേവാക്കു് പലേ ഭാഷകളിലായി നാംകാണുന്നുണ്ടു്. പ്രധാന മാതൃഭാഷയോടുള്ള ചാർച്ചയാണിതു കാണിക്കുന്നതെന്നു മനസ്സിലാക്കണം. ഏഷ്യയിലും യൂറോപ്പിലും വ്യാപിച്ച ആര്യന്മാക്കു് ആദ്യം ഒരു ഭാഷയായിരുന്നുവെങ്കിലും റയിൽവേയൊ, തപാലൊ, പുസ്തകങ്ങളൊ ഇല്ലാതിരുന്ന അക്കാലത്തു് ഓരോ രാജ്യവിഭാഗങ്ങളിൽ പാത്തിരുന്ന ആര്യന്മാർ അവരവരുടെസ്വന്തഭാഷ അവരവക്കു സൗകര്യമായവിധത്തിൽ സംസാരിക്കാൻ തുടങ്ങി. ക്രമേണ ഓരോ രാജ്യത്തിലും ഈ ഭാഷയ്ക്കു തമ്മിൽതമ്മിൽ വലുതായ വ്യത്യാസം വന്നു. ഇങ്ങനെയാണു പല ഭാഷകൾ ലോകത്തിന്നു നാം കണ്ടുവരുന്നതു്. ലോകത്തു നിരവധി ഭാഷകളിന്നുണ്ടെങ്കിലും സൂക്ഷ്മമായി ആലോചിച്ചാൽ മാതൃഭാഷകൾ ഏതാനംഎണ്ണം മാത്രമേ ഉള്ളുവെന്നു കാണാം. ആര്യന്മാർ എവിടെവിടെയൊക്കെ പോയൊ അവിടവിടെ ഭാഷകളെല്ലാം ആര്യഭാഷതന്നെ. സംസ്കൃതം, ലാററിൻ, ഗ്രീക്ക്, ഇംഗ്ലീഷ്, ഫ്രഞ്ച്,

KOTTAYAM PUBLIC LIBRARY KOTTAYAM

ജമ്മൻ, ഇററാലിയൻ എന്നീ ഭാഷകളൊക്കെ പരസ്പരസംബന്ധമുള്ളവയാണു്. എല്ലാം ആൎയ്യന്മാരുടേതാണുതാനും. ഇൻഡ്യൻഭാഷകളിൽ ഹിന്ദി, ഉർദ്ദു, ബംഗാളി, മറാത്തി, ഗുജറാത്തി മുതലായവയുടെയെല്ലാം തായ്ഭാഷ സംസ്കൃതഭാഷയാകകൊണ്ടു് ഇവയും ആൎയ്യമാണെന്നു പറയണം. വേറൊരു പ്രധാനഭാഷ ചൈനീസ്ഭാഷയാണു്. ബർമ്മീസ്സ്, ടിബററൻ, സയാമീസ്—എന്നിവ അതിനോടു സംബന്ധപ്പെട്ടിരിക്കുന്നു. അറബിയും ഹിബ്രുവും ഉൾപ്പെട്ടുന്ന സെമിററിക്ഭാഷ വേറൊന്നാണു്. ടക്കിഷ്, ജാപ്പനീസ് എന്നീ ഭാഷകൾ ഈ വിഭാഗങ്ങളിലൊന്നും ഉൾപ്പെടുന്നില്ല. അതുപോലെ തന്നെ ദക്ഷിണേന്ത്യയിലെ തമിഴ്, തെലുങ്ക്, മലയാളം, കൎണ്ണാടകം എന്നിവയും മേൽപ്പറഞ്ഞതുപോലെ എങ്ങും ഉൾപ്പെടാതിരിക്കുകയാണു്. ഈ ദ്രാവിഡഭാഷകൾ നാലും വളരെ പഴക്കമുള്ളവയാകുന്നു.

---

## ൧൦. ഭാഷകൾ തമ്മിലുള്ള ബന്ധം.

ആൎയ്യന്മാർ അവരുടെ ഭാഷയുമായി പല ദിക്കുകളിലേയ്ക്കു കടന്നു. പലതരം ശീതോഷ്ണാവസ്ഥകളും പരിതസ്ഥിതികളും, അവരുടെയിടയിൽ പല പല വിഭാഗങ്ങളുണ്ടാക്കി; ആചാരങ്ങൾക്കും നടപടികൾക്കും വ്യത്യാസം വന്നു. ഓരോ വിഭാഗക്കാൎക്കും തമ്മിൽ തമ്മിൽ കാണാൻ സാധിച്ചിരുന്നില്ല. സഞ്ചാരസൗകൎയ്യം അത്ര ലുപ്തപ്രായമായിരുന്നു. ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തിലേയ്ക്കു

പോവുക മിക്കവാറും അസാദ്ധ്യമായിത്തീൎന്നിരുന്നു. ഒരു രാജ്യത്തിലെ വിഭാഗക്കാർ പുതുതായി വല്ലതും മനസ്സിലാക്കിയെങ്കിൽ അയൽ രാജ്യത്തിലെ കൂട്ടരോടു അതു പറയാൻ നിവൃത്തിയുണ്ടായിരുന്നില്ല. അങ്ങനെ മാററങ്ങൾ അനേകമായി തമ്മിൽ തമ്മിലറിയാതെ സംഭവിച്ചുകൊണ്ടിരുന്നു. കുറെ തലമുറകളായപ്പോഴേയ്ക്കും ഇവർ ഒരേ ഒരു വിഭാഗത്തിൽനിന്നു വേർതിരിഞ്ഞു പോന്നവരാണെന്നുള്ള വസ്തുതപോലുംമറന്നു പോയി. അവൎക്ക് ഒരു ഭാഷയായിരുന്നതു് പല ഭാഷകളായിത്തീൎന്നു. അവയ്ക്കുതമ്മിൽ വലിയ വ്യത്യാസവും വന്നുചേൎന്നു. ഇങ്ങനെ വ്യത്യാസങ്ങൾ വലുതായി സംഭവിച്ചുവെങ്കിലും പലവാക്കുകൾക്കും സാമ്യമുണ്ടായിരുന്നു. അനേകായിരം വൎഷങ്ങൾ കഴിഞ്ഞുവെങ്കിലും ഇപ്പോൾകൂടിയുംപലഭാഷകളിലായി ഒരേവാക്കു പ്രചാരത്തിലിരിക്കുന്നുണ്ടെന്നു കാണാം. പൂർവ്വികമായി ഒരേ ഒരുഭാഷയേ ഉണ്ടായിരുന്നുള്ളുവെന്നതിന് ഇതൊരു തെളിവാണ്. സർവ്വരാജ്യങ്ങളിലും സൎവ്വഭാഷകളിലും നടപ്പിലിരിക്കുന്ന രണ്ടു പദങ്ങളുടെ കാൎയ്യം പ്രത്യേകമായി നോക്കുക! അമ്മ, അച്ഛൻ! സംസ്കൃതത്തിലും ഹിന്ദിയിലും ഈ വാക്കുകൾ ഒന്നുതന്നെ.

| | | |
|---|---|---|
| സംസ്കൃതം: | മാതാ | പിതാ |
| ഹിന്ദി: | മാതാ | പിതാ |
| ഇംഗ്ലീഷ്: | മതർ (Mother) | ഫാദർ (Father) |
| ലാററിൻ: | മാത്തർ (Mater) | പാത്തർ (Pater) |
| ഗ്രീക്ക്: | മാത്തർ (Meter) | പാത്തർ (Do) |
| ജൎമ്മൻ: | മുത്തർ (Mutter) | ഫാത്തർ (Vater) |
| ഫ്രഞ്ച്: | മിയർ (Mere) | പിയർ (Pere) |

ഈ വാക്കുകൾ തമ്മിൽ വലിയ ചാർച്ചതോന്നിക്കുന്നില്ലേ? ഒരേ കുടുംബക്കാരായ ഇവയെല്ലാമുണ്ട്. കൂടാതെ പല പദങ്ങൾ ഓരോ ഭാഷ കടം വാങ്ങിയിട്ടുള്ളതായി കാണാം. ഹിന്ദിയിൽനിന്ന് അനേകവാക്കുകൾ ഇംഗ്ലീഷ്കു വാങ്ങിയിട്ടുണ്ട്. അതുപോലെതന്നെ ഹിന്ദിയും. എന്നാൽ മാതാവും പിതാവും സകല ആര്യഭാഷകളിലും ഒന്നുതന്നെ. മനുഷ്യർക്കു സംഭാഷണശക്തിയുണ്ടായിത്തുടങ്ങിയകാലംമുതൽ "മാതാ"വും "പിതാവു"മുണ്ട്. അതിനാൽ ആ വാക്കുകൾ ഒരു ഭാഷയിലും നിന്നു കടംവാങ്ങിയിട്ടുള്ളതല്ല. മാനവ വംശോത്ഭവകാലത്തു് ഈ വാക്കുകൾ ഒരു ചെറിയ കുടുംബത്തിൽ നിന്നുണ്ടായതായിരിക്കണം. ഇപ്പോൾ അവ ലോകമഹാകുടുംബം ആകെ ഉപയോഗിച്ചുവരുന്നു. ഈ ഒററസ്സംഗതികൊണ്ടുതന്നെ ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലായി നാനാരാജ്യങ്ങളിലുള്ള ജനസമുദായങ്ങൾ ഒരേകുടുംബം പെരുകിയതാണെന്നും ഒരേ ഒരുഭാഷ മാത്രമാണു് ആദ്യമവക്കുണ്ടായിരുന്നതെന്നും നമുക്കു നിശ്ചയിക്കാം. മൂന്നുനാലു ഭാഷകൾ വശമാക്കാമെങ്കിൽ കൂടുതൽ ഭാഷകൾ പഠിക്കുവാൻ അത്രവളരെ പ്രയാസമില്ല. വിവിധരാജ്യവാസികളായ നാമിപ്പോൾ പണ്ടു നമുക്കുണ്ടായിരുന്ന സാഹോദര്യം തീരെ മറന്നുപോയി. ഓരോ രാജ്യത്തിലുമുള്ളവർ ഇപ്പോൾ വിചാരിച്ചുവച്ചിരിക്കുന്നതു് മററു ഏതു രാജ്യക്കാരെയുംകാൾ ബുദ്ധിമാന്മാരും സമർത്ഥന്മാരും തങ്ങളാണെന്നാണ്. ഇംഗ്ലീഷുകാരൻ കരുതുന്നു അവനും അവൻെറ രാജ്യവും എതിരില്ലാത്തവിധത്തിൽ ഏററവും ഔന്നത്യത്തെ പ്രാപിച്ചിരിക്കുന്നുവെന്ന്. ഫ്രാൻസിൽ നിന്നാണു സകലതും ഉത്ഭവിച്ചതെന്നു ഫ്രഞ്ചു

കാരൻ വിചാരിക്കുന്നു. ജർമ്മൻകാരനും ഇററാലിയനും അവരുടെ രാജ്യങ്ങളെപ്പററി വിചാരിക്കുന്നതിനതിരില്ല. ഇൻഡ്യയെപ്പോലൊരു രാജ്യം ഭൂമുഖത്തില്ലെന്നും ഇൻഡ്യാക്കാരെപ്പോലെ സംസ്കൃതമാനസർ മററാരുമില്ലെന്നും ഇൻഡ്യാക്കാരനും വിചാരിക്കാതിരിക്കുന്നില്ല. തന്നെപ്പററിയും തൻെറ രാജ്യത്തെപ്പററിയും ഓരോരുത്തരും മെച്ചമായി വിചാരിക്കുന്നതു സ്വാഭാവികമാണ്. എന്നാൽ എല്ലാ രാജ്യക്കാരിലും ഗുണവും ദോഷവുമുണ്ടെന്നു നാം ഓത്തുകൊള്ളണം. ഉള്ള ഗുണങ്ങൾ കൈവെടിയാതെയും എന്നാൽ ദോഷങ്ങൾ ത്യജിച്ചും ജീവിക്കാൻ പഠിക്കണം. അന്യക്കുട്ടതലായുള്ള ഗുണങ്ങൾ നാം അനുകരിക്കുകയും ദോഷങ്ങൾ പകർത്താതിരിക്കുകയും വേണം.

---

## ൧൧. നാഗരികതയും യുദ്ധവും

ആദിമകാലത്തിലെ നാഗരികതയെ സംബന്ധിച്ചാണു് ഇനി ഇച്ചിടെ അല്പം പ്രതിപാദിക്കാൻ പോകുന്നതു്. അതിനുമുമ്പായി നാഗരികത എന്നാലെന്തെന്നു നാം മനസ്സിലാക്കണം. നിഘണ്ടുവിൽ നോക്കിയാൽ പരിഷ്കാരമെന്നതിനു് അഭിവൃദ്ധി,ഔൽകൃഷ്ട്യം, പുരോഗമനം, നന്നാകൽ മുതലായി പല അത്ഥങ്ങളും പറഞ്ഞുകാണുന്നതാണു്. ഇതു ജനസമൂഹങ്ങളെയാണു പ്രധാനമായി സംബന്ധിക്കുന്നതും. മനുഷ്യർ മൃഗങ്ങളെക്കാൾ അധികം മെച്ചമല്ലാതിരുന്നകാലത്തു് അവരെ കാട്ടാളന്മാരെന്നുവിളിച്ചുവന്നിരുന്നു. അതിനു നേരെ മറിച്ചുള്ള അവസ്ഥയാണു

നാഗരികതയെന്നോ പരിഷ്ക്കാരമെന്നോ വ്യവഹരിക്കപ്പെടുന്നതു്.

ഒരാൾ അഥവാ ഒരു ജനസമുദായം നാഗരികതയിലൊ അനാഗരികതയിലൊ എന്നുവിധിക്കുന്നതെങ്ങനെ? യൂറോപ്പിലെ ജനങ്ങൾ വിചാരിക്കുന്നതു് അവർ ഏററവും പരിഷ്കൃതരെന്നും ഏഷ്യാക്കാർ അപരിഷ്കൃതരെന്നുമാണു്. ഇതു് ഏഷ്യയിലെയും ആഫ്രിക്കയിലേയും ജനങ്ങളെക്കാൾ യൂറോപ്യർ കൂടുതൽ വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ടാണെന്നുവരുമൊ? പക്ഷെ വസ്ത്രങ്ങൾ ശീതോഷ്ണാവസ്ഥയ്ക്കു് ടിസ്ഥാനപ്പെട്ടിരിക്കുന്നു. ഉഷ്ണമേഖലാനിവാസികളെക്കാൾ ശീതമേഖലയിൽ താമസിക്കുന്നവർ കൂടുതൽ വസ്ത്രങ്ങൾധരിക്കുന്നതു അത്ഭുതമല്ല; പരിഷ്ക്കാരവുമല്ല. അഥവാ തോക്കുമായി നടക്കുന്ന മനുഷ്യൻ നിരായുധനായി നടക്കുന്ന സാധുമനുഷ്യനെക്കാൾ കൂടുതൽ പരിഷ്കൃതനും ബലവാനുമാണെന്നു പറയാമൊ? ഇപ്പോൾ നടക്കുന്ന ഘോരയുദ്ധത്തെപ്പററി ഓർത്തുനോക്കുക. എത്രലക്ഷം മനുഷ്യരെ കൊന്നു കഴിഞ്ഞിരിക്കുന്നു! എത്രലക്ഷം മനുഷ്യർക്കു് കണ്ണും കാലുംകയ്യുമില്ലാതാക്കിത്തീർത്തിരിക്കുന്നു! മനുഷ്യർക്കു് സാമൂഹ്യജീവിതത്തിനു് ഒഴിച്ചുകൂടാൻവയ്യാത്ത എത്രയെത്ര ഉത്തമ സ്ഥാപനങ്ങൾ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു! ഒരു കൂട്ടർവിചാരിക്കുന്നതു കൂടുതൽശത്രുക്കളെ കൊല്ലണമെന്നും ശത്രുരാജ്യം ആകെ നശിപ്പിക്കണമെന്നുമാണു്. എതിരാളി നേരേമറിച്ചു് വിചാരിക്കുകയും ചെയ്യുന്നു. ഇതു നാഗരികതയാണൊ? പരിഷ്കൃതമെന്നു വിചാരിക്കപ്പെടുന്നരാജ്യങ്ങളുടെ ധർമ്മം ഇതാണൊ? രണ്ടാളുകൾ തെരുവിൽവച്ചു് അടികൂടുകയാണെങ്കിൽ അവരെ പോലീസുകാരൻ വന്നു

പിടിച്ചുകൊണ്ടുപോകും. കാണികളൊക്കെ ഇവരെഭോഷ ന്മാരെന്നും മുഠാളന്മാരെന്നും ഭത്സിക്കുകയും ചെയ്യും. എന്നാൽ ഇതിനെക്കാഠം എത്രയോവലിയ ഭോഷത്തവും മുഠാളത്തവും കിരാതത്വവുമാണു് ഒരു രാജ്യക്കാർ.മറെറാരു രാജ്യക്കാരെ കൊന്നൊടുക്കുന്നതു്! ഇതു് വനാന്തരങ്ങളിൽ കാട്ടാളന്മാർ തമ്മിൽ പൊരുതുന്നതുപോലല്ലെ? അതു കൊണ്ടു യുദ്ധത്തിലും മനുഷ്യവേട്ടയിലും ഉഠപ്പെടുന്ന രാജ്യ ങ്ങഠം പരിഷ്കൃതമെന്നു ഗണിച്ചുകൂടാ. എങ്കിലും നല്ല കാര്യങ്ങളും നല്ല ജനങ്ങളും ഈ രാജ്യങ്ങളിലില്ലെന്നും വിചാരിച്ചുകൂടാ. ഇങ്ങനെ നോക്കുകയാണെങ്കിൽ പരി ഷ്കാരമെന്നതു് എന്തെന്നു ഖണ്ഡിച്ചുപറയാൻ സാദ്ധ്യ മല്ലാതെ വരും. നല്ല കെട്ടിടങ്ങഠം, നല്ല ചിത്രങ്ങഠം, നല്ല പുസ്തകങ്ങഠം എന്നുവേണ്ട നല്ലതൊക്കെ പരിഷ്കാരം തന്നെ. എന്നാൽ പരന്മാക്കുവേണ്ടി പരന്മാരോടൊപ്പം പ്രയത്നിക്കുന്ന നിസ്സ്വാത്ഥനായ മനുഷ്യനാണു കൂടുതൽ പരിഷ്കൃതൻ എന്നു പറയുന്നതു കൂടുതൽ ശരിയായിരിക്കും. ലോകത്തുണ്ടായിട്ടുള്ള ചക്രവത്തിമാരിൽ പ്രഥമഗണനീയ നെന്നു ചരിത്രസമ്മതിസിദ്ധിച്ച ഭാരതവഷത്തിലെഅശോ കൻ അഫ്ഘാനിസ്ഥാൻമുതൽ മദ്രാസ്വരെ തൻെറ സാമ്രാജ്യംവ്യാപിപ്പിച്ചു. ഒടുവിൽ 2197വഷത്തിനുമുമ്പു് കലിംഗദേശം ആക്രമിച്ചതോടുകൂടി അദ്ദേഹംമേലാൽയുദ്ധ ത്തിനിറങ്ങുകയില്ലെന്നുതീച്ചയാക്കി. മനുഷ്യരെകൊന്നൊ ടുക്കിയിട്ടു് രാജ്യം വാഴണ്ടെന്നാണു് അദ്ദേഹം ഒടുവിൽ നിശ്ചയിച്ചതു്. പരിഷ്കൃതജനസമുദായത്തെ ഭരിച്ചി രുന്ന നിസ്സ്വാത്ഥചക്രവത്തിയായിരുന്നു അശോകൻ. ഇരു

പതിനായിരം വർഷമായിട്ട് ഇരുളിൽ കഴിഞ്ഞുവന്ന മനുഷ്യർക്ക് അശോകൻ വെളിച്ചം നല്കി.

---

## ൧൨. വർഗ്ഗരൂപവൽക്കരണം

മനുഷ്യൻെറ ആദിമസ്ഥിതി മൃഗപ്രായമായിട്ടായിരുന്നുവെന്നു കഴിഞ്ഞ അദ്ധ്യായങ്ങളിൽനിന്നു കാണാം. അനേകായിരം വർഷങ്ങൾകൊണ്ട് അവൻ ഒരുവിധം ഭേദപ്പെട്ടു. ഇക്കാലത്ത് കാട്ടുമൃഗങ്ങൾ ഒററയ്ക്ക് ഇരതേടി നടക്കുന്നതുപോലെ അന്നു മനുഷ്യൻ ഇരതേടി നടന്നു. ഒടുവിൽ കൂട്ടുകൂടി വേട്ടയ്ക്കു പോകുന്നതാണ് കൂടുതൽ സുരക്ഷിതവും സുഗമവുമെന്ന് അവൻ മനസ്സിലാക്കി. കാട്ടുമൃഗങ്ങൾ എതിർക്കാൻ വന്നാൽ രക്ഷപ്രാപിക്കുന്നതിനും കൂട്ടംചേർന്നു പോകുന്നതു് സൗകര്യമാണെന്ന് അവൻ കണ്ടു. മൃഗങ്ങൾപോലും കൂട്ടംചേർന്ന് ഇപ്രകാരം നടക്കുന്നതായി നാം കാണുന്നുണ്ടല്ലോ. ശരീരശക്തിയിൽ പ്രഥമഗണനീയനായ ആനപോലും കൂട്ടംചേർന്നു നടക്കുന്നതു സ്വയരക്ഷ ഉദ്ദേശിച്ചുമാത്രമാണ്. റഷ്യയിൽ ശീതകാലത്തു് ചെന്നായ്ക്കൾ സംഘംചേർന്നു സഞ്ചരിക്കുക പതിവാകുന്നു. ഇതു് ഇരതേടാനാണ്. മനുഷ്യനേയും അവ ആക്രമിക്കും. അതു് അവ കൂട്ടംചേർന്നുപോകുമ്പോൾ മാത്രമേയുള്ളുതാനും. റഷ്യയിൽ ഉറഞ്ഞുകിടക്കുന്ന മഞ്ഞിൻെറപുറത്തുകൂടിചിലപ്പോഴൊക്കെ ചെന്നായ്ക്കളും മനുഷ്യനും തമ്മിൽ മത്സരഓട്ടം നടത്തുക പതിവാണ്! ഇതു മനുഷ്യനെ കൊല്ലാൻ ചെന്നായ്ക്കൾ ഓടിക്കുകയാകുന്നു.

മനുഷ്യർ ഇങ്ങനെ സംഘംചേൎന്ന് ഓരോ കാൎയ്യത്തിലും പ്രവർത്തിക്കാൻതുടങ്ങി. ഇപ്രകാരം സംഘംചേൎന്ന ഓരോക്കൂട്ടരും ക്രമേണ ഓരോവൎഗ്ഗക്കാരായിത്തീൎന്നു. സഹകരണതത്വത്തിന് ഇപ്രകാരം യുഗാതീതമായ പഴക്കമുണ്ടെന്ന് ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. ഓരോ മനുഷ്യനും ആദ്യം സ്വന്തവൎഗ്ഗത്തിൻെറയും പിന്നീട്ട തൻെറയും കാൎയ്യങ്ങൾ പരിഗണിക്കേണ്ടിവന്നു. ഒരു വർഗ്ഗം ആപത്തിൽ പെട്ടുവെങ്കിൽ ആ വൎഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി ഓരോരുത്തരും പൊരുതേണ്ടതായി വന്നുകൂടി. ഏതെങ്കിലും ഒരാൾ വർഗ്ഗത്തിനുവേണ്ടി പൊരുതിയില്ലെന്നുകണ്ടാൽ അവനെ അപ്പോൾതന്നെ ബഹിഷ്കരിക്കുമായിരുന്നു.

മനുഷ്യർ കൂട്ടുചേൎന്നു പ്രവൎത്തിക്കണമെങ്കിൽ നിബന്ധനകൾക്കധീനരായിട്ടേ സാധിക്കുകയുള്ളൂ. ഓരോരുത്തരും അവനവൻെറ ഇഷ്ടംപോലെ പ്രവൎത്തിക്കാൻതുടങ്ങിയാൽ ഒരു വർഗ്ഗമൊ സംഘടനയൊ നിലനിൽക്കുകയില്ല. അതുകൊണ്ടു് ഓരോ വർഗ്ഗത്തിലും ഓരോ നായകൻ വേണ്ടിവന്നു. മൃഗഗണങ്ങൾക്കുപോലും നായകനുണ്ടു്. ഈ മനുഷ്യവൎഗ്ഗങ്ങൾ, കൂട്ടത്തിൽ കൂടുതൽ ശക്തന്മാരെ നായകന്മാരാക്കി. പരസ്പരയുദ്ധം അന്ന് അനിവാൎയ്യമായിരുന്നതുകൊണ്ടാണ് ശക്തന്മാരിൽ നേതൃസ്ഥാനം അൎപ്പിക്കപ്പെട്ടതു്. ഒരു വൎഗ്ഗക്കാർതന്നെ തമ്മിൽതമ്മിൽ ശണ്ഠകൂടിയാൽ വൎഗ്ഗം അതോടെ നശിക്കുമെന്നതു തീർച്ചയാണ്. അതുകൊണ്ടു തൊഴുത്തിൽകുത്ത് പണ്ടേയ്ക്കുപണ്ടേ അവർ നിന്നുവച്ചു. ഒരു വൎഗ്ഗക്കാർ മറെറാരു വർഗ്ഗക്കാരെ ആക്രമിക്കുന്നതു് മനുഷ്യൻ ഒററയ്ക്കൊററയ്ക്ക് എതിൎക്കുന്നതിനെക്കാൾ കാട്ടാളത്വം സ്വല്പമെങ്കിലും കുറവുള്ള സ്വഭാവ

മാണ്. ആദ്യത്തെ വർഗ്ഗം ഏതാനും കുടുംബക്കാർ ചേർന്നതായിരുന്നിരിക്കണം. എന്നാൽ വർഗ്ഗംപെരുകിപ്പെരുകി പിന്നെ അതു പലപല ഉപവർഗ്ഗങ്ങളായിപിരിഞ്ഞു. വർഗ്ഗങ്ങൾ സംഘടിപ്പിക്കുന്നതിനുമുമ്പു മനുഷ്യൻ ഒററതിരിഞ്ഞു കഴിഞ്ഞുകൂടിയകാലം മനുഷ്യവർഗ്ഗത്തിൻെറ ഏററവും വലിയ ദുർഘടകാലമായിരുന്നിരിക്കണം. അവനു വീടില്ലായിരുന്നു. വസ്ത്രത്തിനുപകരം മരവുരിയൊ തോലോധരിക്കേണ്ടിയിരുന്നു. ആഹാരത്തിന് അവനവൻതന്നെ ഇറങ്ങി വേട്ടയാടുകയൊ കായ്കനികൾ അന്വേഷിക്കുകയോ ചെയ്യേണ്ടിയിരുന്നു. സകലയിടങ്ങളിലും അവനു ശത്രുഭയം തന്നെയായിരുന്നു. കന്മഴയും മഞ്ഞും മുറയ്ക്കുപെയ്യുകയും ഭൂകമ്പങ്ങൾ അടിക്കടിയുണ്ടാകുകയും ചെയ്തുകൊണ്ടിരുന്നതിനാൽ പ്രകൃതിപോലും അവൻെറ ബദ്ധശത്രുവായിരുന്നുവെന്നുവേണം പറവാൻ. അന്ന് അവൻ തുലോം നിസ്സഹായനായ അടിമയ്ക്കുതുല്യം മേലും കീഴും തീരെ അറിയാതെ വെറും മൂഢനായി സകലത്തിനേയും പേടിച്ച് കിടുങ്ങി കഴിഞ്ഞുകൂടിവന്നിരുന്നു. കന്മഴപെയ്യുമ്പോൾ അവൻ വിചാരിച്ചിരുന്നു ദൈവം അവനെ ഏതോ കുററത്തിനായി കല്ലെടുത്തെറിയുകയാണെന്ന്. മഴപെയ്യുന്നതും മഞ്ഞുവീഴുന്നതുമൊക്കെ ദൈവത്തിൻെറ ശിക്ഷാനടപടികളാണെന്നാണ് സങ്കല്പിക്കപ്പെട്ടിരുന്നത്. അതിനു ദൈവത്തിനെ അവൻ പ്രസാദിപ്പിക്കാൻ ശ്രമിച്ചു. ഏതു വിധത്തിൽവേണമതു് എന്ന് അവൻആലോചനതുടങ്ങി. ആലോചനാശക്തിയും തലച്ചോറും അത്രയധികമൊന്നും അവനുണ്ടായിരുന്നില്ല. ആകാശത്തിൽ ഒരു ദൈവം ഇരിപ്പുണ്ടെന്നും അതു് ഏകദേശം അവനെപ്പോലെതന്നെയാ

ണെന്നും താൻ കഴിക്കുന്ന ആഹാരംപോലെ ദൈവത്തിന്നു കൊടുക്കണമെന്നുംമററും അവൻ സങ്കല്പിച്ചുവശായി. വനത്തിലിറങ്ങി സ്വന്തഭക്ഷണത്തിന്നായിമൃഗങ്ങളെകൊന്നാൽ ഒരു മൃഗത്തിനെ കാട്ടിൻനടുവിൽ ദൈവത്തിന്ന് ഭക്ഷിക്കാൻ അവൻ ഇട്ടേയ്ക്കും. ഇപ്രകാരം ഈശ്വരനെ പ്രസാദിപ്പിച്ചു കന്മഴയും മഞ്ഞുവീഴ്ചയും നിറുത്താമെന്നാണ് അവൻ വിചാരിച്ചത്. മഴയെങ്ങനെയുണ്ടാകുന്നുവെന്നും മഞ്ഞു ഏതുവിധത്തിൽ വീഴുന്നുവെന്നും ഇപ്പോൾ നമുക്കറിയാവുന്നതുകൊണ്ടു് ആദിമമനുഷ്യരുടെ ഈ അനാചാര നടപടികൾ ഇക്കാലത്തു് അത്യന്തം അപരിഷ്കൃതമെന്നു തോന്നാൻ സംഗതിയായിരിക്കുന്നു. മൃഗത്തിനെകൊന്നു സമപ്പിച്ചാൽ—ബലിനൽകിയാൽ—ദൈവം തീച്ചയായും പ്രസാദിക്കുകയില്ല. ഇതിനെപ്പററി വല്ല വികാരവും ദൈവത്തിനുണ്ടാകുമെങ്കിൽ അതു് അത്യന്തവിരോധമായിരിക്കും. എന്നാൽ വകതിരിവു് ഇനിയും എല്ലാമനുഷ്യർക്കും ഒരുപോലുണ്ടായിത്തീന്നിട്ടില്ല. അതുകൊണ്ടു് മൃഗബലി ഒരു പാതകമാണെന്നു് അങ്ങനെയുള്ളവക്കു ബോദ്ധ്യമായിട്ടില്ല.

---

## ൧൩ മതവും വർണ്ണവും

പുരാതനമനുഷ്യർ സകലതിനെയും പേടിച്ചാണു ജീവിച്ചതു്; അവക്കുണ്ടാകുന്ന എല്ലാ ആപത്തുകളും ദൈവം വരുത്തിവെക്കുന്നതാണെന്നുവിശ്വസിച്ചിരുന്നു. ഈ സങ്കല്പദൈവങ്ങൾ കാട്ടിലും മേട്ടിലും വൃക്ഷശിഖരങ്ങളിലും നദികളിലും മേഘങ്ങളിലും അധിവസിക്കുന്നതായി അവർ

കരുതിയിരുന്നു. കൃപയൊ ദീനദയാലുത്വമൊ ദൈവത്തിനില്ലെന്നും ദൈവം മഹാകോപിഷ്ടനാണെന്നും അവർ ഉദ്ദേശിച്ചിരുന്നു. കോപം അടക്കാൻ കൂടക്കൂടെ അദ്ദേഹത്തിനു കൈക്കൂലി കൊടുത്തുവന്നിരുന്നു. ഭക്ഷണസാധനങ്ങളായിരുന്നു അതിൽ അധികവും. ജനങ്ങൾക്കു കൂട്ടത്തോടെ നാശം വരുത്തുന്ന ഭൂകമ്പമൊ, ജലപ്രളയമൊ മഹാമാരിയൊ ഉണ്ടാകയാണെങ്കിൽ അന്നത്തെ മനുഷ്യർ പേടിച്ചുകിടുങ്ങി നരബലികൊടുത്തു ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിച്ചിരുന്നു. ചിലപ്പോൾ അവരുടെ ശിശുക്കളെക്കൂടിയും ബലികൊടുക്കാൻ മടിച്ചിട്ടില്ല. ഇതൊക്കെ നമുക്കിപ്പോൾ കഠോരമാണെന്നു തോന്നുമെങ്കിലും ഭീതനായ മനുഷ്യൻ എന്തു കഥയില്ലായ്മകളൊക്കെയാണു കാണിക്കാത്തതു്!

ഇതു മതത്തിന്റെ പ്രാരംഭമായിരുന്നു. ഭീതിയിൽ നിന്നാണു മതം ഉത്ഭവിച്ചതു്. ഭീതികൊണ്ടുചെയ്യുന്നതൊന്നും നന്നല്ല. എങ്കിലും കാലാന്തരത്തിൽ മതങ്ങൾ മനുഷ്യർക്കു് നല്ല നല്ല പാഠങ്ങൾ നൾകതന്നെ ചെയ്തു. എത്ര ഉൽകൃഷ്ടതത്വങ്ങൾ മനുഷ്യർക്കു നൾകിയിട്ടും മതത്തിന്റെ പേരിൽ മനുഷ്യർ ഇന്നും തമ്മിൽ തല്ലി തലകീറുന്നതു നാം കാണാറുണ്ടു്. ഇതു ശരിയായ മതബോധമില്ലാഞ്ഞിട്ടാണെന്നുള്ളതിൽ സംശയമില്ല.

ചുരുക്കത്തിൽ ആദ്യകാലത്തു് മനുഷ്യർ വലിയവലിയ ദുർഘടങ്ങൾ അനുഭവിച്ചിട്ടാണു ഒരുവിധത്തിൽ കഴിഞ്ഞുകൂടിയതു്. നിത്യവും അവരവർ ആഹാരം അന്വേഷി

ക്കേണ്ടിയിരുന്നു. അല്ലെങ്കിൽപട്ടിണിയായിരുന്നുഅനുഭവം. അലസനായ മനുഷ്യന് ഇന്നത്തേക്കാൾ അന്ന് ജീവിതം അസാധ്യംതന്നെയായിരുന്നു. ഒററ ഒരുത്തന് പലദിവസങ്ങളിലേയ്ക്കുള്ള ഭക്ഷണസാധനങ്ങൾ ഒരുമിച്ചു സംഭരിച്ചു വെയ്ക്കാൻ തീരെ കഴിവുണ്ടായിരുന്നില്ല. വർഗ്ഗങ്ങളായി മനുഷ്യർ സംഘടിച്ചതോടുകൂടി ജീവിതദുർഘടങ്ങൾക്കു കുറവു വന്നു. വർഗ്ഗസംഘടനകളെന്നു പറയുമ്പോൾഇന്നുനമ്മുടെ ചില സമുദായങ്ങൾ നടത്തിയിട്ടുള്ള സംഘടനകളല്ലെന്ന് പ്രത്യേകം ഓർത്തിരിക്കണം. ഒരുവർഗ്ഗക്കാർഒന്നിച്ച്ശ്രമിച്ചതുകൊണ്ട് ആഹാരസാധന സംഭരണമായാലും മററു ജീവിതമാർഗ്ഗങ്ങളായാലും ഒററയ്ക്കൊററയ്ക്കു ശ്രമിക്കുന്നതിനെക്കാൾ സുഗമമായി. മനുഷ്യവർഗ്ഗസംഘടനകൾ എറുമ്പിനെക്കണ്ടു പഠിച്ചിട്ടാണുകൃഷിചെയ്യാനാരംഭിച്ചതെന്നു കേൾക്കുമ്പോൾ നമുക്കത്ഭുതം തോന്നിയേക്കാം. അതിപ്രകാരമാണ്. ചില ചെടികളുടെ വിത്ത് എറുമ്പിന് വലിയ ഇഷ്ടമാണ്. അത്തരം ചെടികളുടെ പുറമേയുള്ള ഇലകൾ എറുമ്പ് നശിപ്പിച്ചുകളയും. ഇതു ആ ചെടി കൂടുതൽ ശക്തിയായി വളന്ന് കായ്ക്കുകയോ പൂക്കുകയൊ ചെയ്തിട്ട് പിന്നെയും വിത്തെടുക്കത്തക്കവണ്ണം സഹായിക്കുന്നു. എറുമ്പിൻെറ ദൂരവ്യാപകമായ ഈ പ്രവത്തനം മനുഷ്യൻ മനസ്സിലാക്കി. അതു വിത്തുകൾ പാകി കൃഷി ചെയ്യാൻ മനുഷ്യനെ പഠിപ്പിച്ചു. അതിനാൽ കൃഷിയിൽ മനുഷ്യൻെറ ഗുരുസ്ഥാനം അല്പപ്രാണിയായ എറുമ്പിനാണെന്നു പറയുന്നതിൽ തെററില്ല. കൃഷിതുടങ്ങിയതോടുകൂടി മനുഷ്യർമററുപ്രവൃത്തനങ്ങളിലുംഏർപ്പെട്ടു. നിലങ്ങ

ളിൽ കൃഷിചെയ്യാൻ പോകുന്നതിന്ന പുറമെ വേട്ടയ്ക്കു പോകേണ്ടതായും കന്നുകാലികളെ നോക്കേണ്ടതായുംവന്നു കൂടി. ചിലകൂട്ടർ ഒരുതരം ജോലിയും മറെറാരുകൂട്ടർ വേറോരുജോലിയും ചെയ്തു.

ഇന്നു ലോകത്തു് ഓരോരുത്തനും ഓരോജോലിചെയ്യുന്നതായിട്ടാണു നാം കാണുന്നതു്. ഒരാൾ വൈദ്യനായും മറെറാരാൾ തച്ചുശാസ്ത്രജ്ഞനായും വേറൊരാൾ കച്ചവടക്കാരനായും ഇനിയും വേറൊരാൾ കൃഷിക്കാരനായും മററും കാണപ്പെടുന്നു. ഈ ആളുകൾക്കു് അവരവരുടെ വൃത്തിയല്ലാതെ മറെറാരു വൃത്തിയും അറിവില്ല. ഈ രീതി കുലവൃത്തിയായും അഥവാ വർണ്ണാശ്രമമായും രൂപാന്തരപ്പെട്ടു.

---

## ൧൪. കൃഷിമൂലം വന്ന മാററങ്ങൾ

വേട്ടനടത്തി മനുഷ്യർ ഉപജീവിച്ചിരുന്നപ്രഥമഘട്ടത്തിൽ തൊഴിൽ വിഭാഗങ്ങൾ തീരെയില്ലായിരുന്നുവെന്നു തന്നെ പറയാം. സ്ത്രീകളും പുരുഷന്മാരും തമ്മിലാണു് ആദ്യമായി തൊഴിൽവിഭജനം ആരംഭിച്ചതെന്നനുമാനിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാർ വേട്ടയ്ക്കു പോകയും സ്ത്രീകൾ താവളങ്ങളിലിരുന്നു കുട്ടികളെയും കന്നുകാലികളെയും നോക്കുകയും ചെയ്തുകൊണ്ടിരുന്നു. കൃഷിയിൽ കുറെ പഴക്കംവന്നതോടുകൂടി മററുചില പുതിയ ജീവികാമാർഗ്ഗങ്ങൾ തുറന്നുകിട്ടി. കൃഷിക്കു പുറമെ കച്ചവടംആരംഭിച്ചു. കച്ചവടത്തിന്ന പിന്നെ പല ശാഖകളുണ്ടായി.

അലഞ്ഞുനടന്നു കഴിച്ചുകൂട്ടിയ മനുഷ്യരുടെ ജീവിതത്തിന് കൃഷിമൂലം ആദ്യമായി ഒരു പ്രധാന മാററം സംഭവിച്ചു. കൃഷി തുടങ്ങുന്നതിനുമുമ്പു ഒരു സ്ഥലത്തുതന്നെ മനുഷ്യർക്കു സ്ഥിരമായി താമസിക്കേണ്ടതാവശ്യമുണ്ടായിരുന്നില്ല. എവിടെപ്പോയാലും വേട്ടയാടി ഉപജീവിക്കാമായിരുന്നു. എന്നാൽ കർഷകവൃത്തിയിലേർപ്പെട്ടശേഷം ഉഴുതു നിലങ്ങളിൽനിന്നു വിളവെടുക്കുന്നതുവരെ സമീപം തന്നെ അവർ താമസിക്കേണ്ടിവന്നു. അങ്ങനെ ഗ്രാമങ്ങളുണ്ടായി. വേട്ടകൊണ്ട് അന്നോടന്നുള്ള ഉപജീവനംമാത്രമേ നയിക്കാമായിരുന്നുള്ളു. കൃഷിമൂലമാകട്ടെ പലനാളത്തേയ്ക്കുള്ള ആഹാരസാധനങ്ങൾ സംഭരിച്ചുവച്ചേയ്ക്കാൻ കഴിവുണ്ടായി. അങ്ങനെ ഉപജീവനം കൂടുതൽ സുഭിക്ഷവും സുഗമവുമായിത്തീർന്നു. ഇന്നു നാംകാണുന്നബാങ്കുകളുടെയൊ ഖജനാവുകളുടേയൊ പ്രവർത്തനതത്വം ആഹാരസാധന സംഭരണ സമ്പ്രദായത്തിൽ നിന്നാണുത്ഭവിച്ചതു്. അന്നോടന്നാവശ്യമായ ധാന്യങ്ങൾ മുതലായവ കഴിഞ്ഞു ബാക്കിയുള്ളതു് അടുത്തദിവസങ്ങളിലെയ്ക്കായി നിക്ഷേപിക്കപ്പെട്ടുവന്നു. കന്നുകാലിയും ധാന്യവും അധികമുള്ളവനായിരുന്നു പണ്ടത്തെ ധനികൻ. ധനികന്മാരുടെ ഓരോ വീടും അന്ന് ഓരോബാങ്കായിരുന്നു. ദിവസംതോറും വേട്ടക്കു പോയി നിത്യവൃത്തി നടത്തിയകാലം പോയിട്ടു് കൃഷിയാരംഭിച്ചു് ചിലർക്കുമാത്രം ധാന്യങ്ങൾ മിച്ചംവെയ്ക്കാൻ കഴിഞ്ഞപ്പോഴേയ്ക്കുമാണു് സാധാരണനെന്നും ധനികനെന്നുമുള്ള അവസ്ഥാഭേദമുണ്ടായിത്തീർന്നതു്. അനന്തരം മനുഷ്യജീവിതത്തിൽ ഭീമമായ മാററം സംഭവിച്ചു. ധനികൻ,

KOTTAYAM PUBLIC LIBRARY KOTTAYAM

സാധാരണക്കാരന്റെമേൽ സ്വാധീനംചെലുത്തി. ഗ്രാമങ്ങൾ വർദ്ധിച്ച് ദേശങ്ങളും രാജ്യങ്ങളും രൂപവൽക്കരിക്കപ്പെട്ടു. തൊഴിൽ വിഭജനമുണ്ടായ വിവരം മുമ്പു പറഞ്ഞുവല്ലോ. തൊഴിൽ വിഭാഗക്കാരെയും അതിനോടു ബന്ധപ്പെട്ടവരേയും സംഘടിപ്പിക്കുന്നതിന് നേതാക്കന്മാർ ആവശ്യമായി. മാത്രമല്ല ഒരു വർഗ്ഗക്കാർ മറെറാരു വർഗ്ഗക്കാരുമായി യുദ്ധം നടത്തുമ്പോഴൊക്കെ നായകന്റെ ആവശ്യം അത്യന്താപേക്ഷിതമായിരുന്നു. ഓരോ വർഗ്ഗക്കാരും കൂട്ടത്തിൽ പ്രായം കൂടുതലുള്ളയാളിനെ നായകനാക്കി. അറിവും അനുഭവവും ഏററവും അധികമുണ്ടായിരുന്നത് അന്ന് പ്രായാധിക്യമുള്ളവർക്കാണ്. ഈ നായകൻ മററ് ആളുകളിൽനിന്നു ഒട്ടും വ്യത്യസ്ഥനായിരുന്നില്ല. മററാളുകളോടൊപ്പം അയാളും അദ്ധ്വാനിക്കുമായിരുന്നു. ഓരോവർഗ്ഗക്കാരും സംഭരിക്കുന്ന സാധനങ്ങൾ അതാതുവർഗ്ഗക്കാർക്കു പൊതുവെയുള്ളതാണെന്നായിരുന്നു വയ്പ്. നായകനോ നേതാവോ ആയിരിക്കുന്നയാൾ അതിൽ പ്രത്യേകമായ യാതൊരു പങ്കും അവകാശപ്പെട്ടവനിരുന്നില്ല. കിട്ടുന്ന കിട്ടുന്ന സാധനങ്ങൾ അതാതു വർഗ്ഗത്തിൽപെട്ട ഓരോരുത്തർക്കുമായി നായകൻ വീതിച്ചുകൊടുക്കുമായിരുന്നു. മാററങ്ങൾ അടിക്കടി ഉണ്ടായി. ജനങ്ങൾ പെരുവുകയും സാധനങ്ങൾ വീതിക്കാനുള്ള ജോലിവർദ്ധിക്കുകയും ചെയ്തതോടുകൂടി നായകൻ സ്വന്തവർഗ്ഗക്കാരോടൊന്നിച്ച് കൃഷിക്കും മററു പ്രവൃത്തികൾക്കും പോകാതായിത്തീർന്നു. നായകൻ ഇപ്രകാരം മററുള്ളവരിൽനിന്നു വ്യത്യസ്ഥനായി. അയാളുടെ പ്രാബല്യം വർദ്ധിച്ചു. വർഗ്ഗങ്ങൾ കൃഷിക്കാരെന്നും, കച്ചവടക്കാരെന്നും യോദ്ധാക്കളെന്നും വേർതിരിഞ്ഞു. ഇവരുടെയൊക്കെ നായകന്മാർക്ക്

വിശിഷ്യ യോദ്ധാക്കന്മാരുടെ നായകന്മാൎക്ക് എതിരില്ലാത്ത അധികാരശക്തിയുണ്ടായി. നായകന്മാരുടെ കുടുംബക്കാൎക്ക് മററുള്ളവരെയപേക്ഷിച്ച് നേതൃത്വകാൎയ്യങ്ങൾ കൂടുതൽ അറിയാമായിരുന്നു. അങ്ങനെ ക്രമേണ, ഒരു നായകൻ മരിക്കുമ്പോൾ അയാളുടെ കുടുംബത്തിൽപ്രായക്കൂടുതലുള്ളയാൾ നായകസ്ഥാനാഭിഷിക്തനായിവന്നു. വസ്തുക്കളുടെ ഉടമസ്ഥത ആൎക്കുമാൎക്കും പ്രത്യേകമല്ലാതെ പൊതുവായിക്കിടന്നിരുന്ന അവസ്ഥമാറി, കാലാന്തരത്തിൽ നായകൻ, വൎഗ്ഗത്തിന്റെ പൊതുസ്വത്തിന് അനിഷേധ്യഉടസ്ഥമനായിത്തീൎന്നു. ഓരോസാധനവും എന്റേതെന്റേതെന്ന് നാമിപ്പോൾ അവകാശം പുറപ്പെടുവിക്കുന്ന സമ്പ്രദായം ആദ്യമാരംഭിച്ചതു് ഇപ്രകാരമാണു്. രാജവാഴ്ചയുടെ ആരംഭംപോലും ഈ നായകത്വത്തിൽ നിന്നായിരുന്നു.

---

## ൧൦. പുരാതന പരിഷ്കാരങ്ങൾ

വൎഗ്ഗങ്ങളും നായകന്മാരും രാജാക്കന്മാരുമുണ്ടായതിനു ശേഷമുള്ള (പുതിയ ശിലായുഗത്തിനുശേഷമുള്ള) കാലത്തെപ്പററി നമുക്കു കൂടുതലായി അറിയാൻ ശ്രമിക്കാം. അനേകായിരം വൎഷത്തിനുമുമ്പു പണിതീൎന്നിരുന്നഭീമസൗധങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും ചിലേടത്തു കാണപ്പെടുന്നുണ്ടു്. ഈ കെട്ടിടങ്ങളുടെയും ദേവാലയങ്ങളുടേയും മററുംകാൎയ്യം ഓൎമ്മിച്ചുനോക്കുകയാണെങ്കിൽ അക്കാലത്തെ ജനങ്ങളെപ്പററി സാമാന്യമായി നമുക്കൊന്നൂഹിക്കാം. കൂടാതെ പ്രസ്തുത കെട്ടിടങ്ങളിൽ പ്രത്യക്ഷമായിരിക്കുന്ന ശില്പകലയും കൊത്തുപണികളും തെളിയിക്കുന്നതു് അവർ

പരിഷ്കൃതരായിരുന്നുവെന്നാണ്. കൊത്തുപണികൾ സൂക്ഷിച്ചാൽ ഏതുതരം വസ്ത്രധാരണമായിരുന്നു അന്നു നടപ്പിലിരുന്നതെന്നുമാത്രമല്ല വേറെ പല കാര്യങ്ങളും മനസ്സിലാക്കാം.

ആദ്യമായി മനുഷ്യർ ഏതുസ്ഥലത്താണ് സ്ഥിരമായി കുടിപാർക്കാൻ തുടങ്ങിയതെന്നോ പരിഷ്കാരം ഏതുകാലത്താണ് ആരംഭിച്ചതെന്നോ തീർത്തുപറയാൻ നമുക്കനിവൃത്തിയില്ല. അററ്ലാൻറിക് സമുദ്രത്തിൽ പണ്ട് അററ്ലാൻറിസ്സ് എന്ന പേരിൽ ഒരു മഹാരാജ്യമുണ്ടായിരുന്നുവെന്ന് ഇപ്പോൾ ചിലർ പറയുന്നുണ്ട്. ഈ മഹാരാജ്യത്തിലെ ജനങ്ങൾ അത്യന്തപരിഷ്കാരികളായിരുന്നുവത്രെ. എന്നാൽ ആ രാജ്യംമുഴുവൻ അററ്ലാൻറിക്സമുദ്രത്തിൽ ആണ്ടുപോയെന്നു കരുതപ്പെടുന്നു. അതിനെപ്പററി ഇങ്ങനെയുള്ള ഐതിഹ്യമല്ലാതെ ചരിത്രലക്ഷ്യങ്ങളൊന്നുംതന്നെയില്ല. ഇതിനുംപുറമെ അമേരിക്കയെക്കുറിച്ചു നമുക്കാലോചിക്കാം. അവിടെ പുരാതനകാലത്തുപോലും പരിഷ്കാരം നിലനിന്നിരുന്നു. കൊളംബസ്സ് അമേരിക്ക കണ്ടുപിടിച്ചതുകൊണ്ട് അതിനുമുമ്പ് അമേരിക്കാരാജ്യവും രാജ്യവാസികളും ഇല്ലായിരുന്നുവെന്നു വിചാരിക്കാൻ പാടില്ലല്ലൊ. കൊളംബസ്സ് അതു കണ്ടുപിടിക്കുന്നതിനു മുമ്പ് അങ്ങനെ ഒരുരാജ്യത്തെപ്പററി യൂറോപ്യന്മാർക്ക് യാതൊരറിവുമുണ്ടായിരുന്നില്ലെന്നേ ഇതിനർത്ഥമുള്ളു. കൊളംബസ്സ് അവിടെ ചെല്ലുന്നതിന് എത്രയോകാലമായി പ്രസ്തുത ഭൂഖണ്ഡത്തിൽ പരിഷ്കൃതമായ സമ്പ്രദായമനുഷ്യർ അധിവസിച്ചുവരികയായിരുന്നു. നമ്മുടെ അറിവ് എത്തുന്നിടത്തോളം, പരിഷ്കാരം ആദ്യമായി ഉത്ഭവിച്ചത്

മെസൊപ്പൊട്ടേമിയാ, ഈജിപ്ത്, ക്രീററ്, ഇൻഡ്യാ, ചൈന—എന്നിവിടങ്ങളിലാണെന്നു വേണം പറയാൻ. ആദിമകാലത്തിലെ കാട്ടുജാതിക്കാർ അലഞ്ഞു നടന്നു നടന്നു് ഒടുവിൽ കൃഷിജ്ജോലി കണ്ടുപിടിച്ചപ്പോഴേക്കും സ്ഥിരമായിപാർക്കാൻ ഏതുതരം സ്ഥലങ്ങളാണു തിരഞ്ഞെടുത്തതെന്നു നമുക്കു് ഏകദേശം ശരിയായിത്തന്നെ ഊഹിക്കാം. കൃഷിക്കു ജലം കൂടിയേ കഴിയൂ. അതിനു സൗകര്യം ലഭിക്കത്തക്കവണ്ണം നദീതീരങ്ങളിലാണു് അവർ ആദ്യമായി സ്ഥിരതാവളങ്ങളുണ്ടാക്കിയതു്. മെസൊപ്പൊട്ടേമിയായിൽ അവർ ടൈഗ്രീസ്സ്, യൂഫ്രട്ടീസ്സ് എന്നീ മഹാനദികൾക്കിടയ്ക്കു് പാർക്കാൻ തുടങ്ങി. ഈജിപ്തിൽ സൗകര്യമായിട്ടു് നൈൽനദിയുണ്ടായിരുന്നു. ഇന്ത്യയിലെ പട്ടണങ്ങളധികവും മഹാനദീതീരങ്ങളിലാണു്. നൈൽനദിയെ ഈജിപ്തുകാർ നൈൽദേവനെന്നും ഗംഗാനദിയെ ഇന്ത്യാക്കാർ ഗംഗാദേവിയെന്നും വിളിക്കുന്നു. കൃഷിക്കു ജലം മാത്രമല്ല എക്കൽമുതലായി പല വളങ്ങളും നദികൾ നൽകുന്നുണ്ടു്. മനുഷ്യനു് ആഹാരമാണല്ലോ പ്രഥമമായിട്ടുള്ളതു്. ആ ആഹാരത്തിനുതകുന്ന കൃഷി ഈ നദികളില്ലെങ്കിൽ ദുർഘടമാകും. അതുകൊണ്ടു് ആഹാരം നൽകിയ നൈലും ഗംഗയും ദേവനും ദേവിയുമായി സങ്കല്പിക്കപ്പെട്ടതു് അതിശയമല്ല.

## ൧൬ പുരാതനപട്ടണങ്ങൾ

ഭക്ഷണസാധനങ്ങൾ സമൃദ്ധിയായി വിളയിക്കുവാൻ സൗകര്യമായ വിധത്തിൽ മനുഷ്യർ ആദ്യം താവളമുറപ്പിച്ചതു് നദീതീരങ്ങളിലും താഴ്വരകളിലുമാണെന്നു് നാം ഇതിനുപരി കണ്ടു. പുരാതന മനുഷ്യരുടെ നഗരങ്ങളെല്ലാം നദീതീരങ്ങളിലായിരുന്നു. ബാബിലോൺ, നൈനെവേ, അസ്സൂർ—എന്നീ നഗരങ്ങൾ മെസൊപ്പൊട്ടേമിയായിൽ പ്രഖ്യാതമായി നിലനിന്നിരുന്നു. എന്നാൽ ഇവ നാമാവശേഷമായിട്ടു് തലമുറകൾ പലതായി. ഭൂമികുഴിച്ചുനോക്കി പലപല ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണു് ഇങ്ങനെ മൂന്നു മഹാനഗരങ്ങൾ നിലനിന്നിരുന്നതായി വെളിപ്പെട്ടിരിക്കുന്നതു്. അതൊക്കെ നാമാവശേഷമായിട്ടു് അനേകായിരം വർഷമായി. ആരുമാരും അറിയാതെ അവയുടെ അവശിഷ്ടങ്ങൾ ഭൂഗർഭത്തിൽ ആണ്ടുകിടക്കുകയായിരുന്നു. എന്നാൽ ചിലേടങ്ങളിൽ മണ്ണിനടിയിലായിപ്പോയ പുരാതനനഗരങ്ങളുടെ പുറത്തു പുതിയനഗരങ്ങൾ സംവിധാനം ചെയ്യപ്പെട്ടിട്ടുണ്ടു്. അടിയിൽ ഇപ്രകാരം പഴയ നഗരത്തിന്റെ അവശിഷ്ടങ്ങളുണ്ടെന്നുള്ള ഊഹംപോലും പുതിയ നഗരസ്ഥാപകന്മാരുടെ ശ്രദ്ധയിൽപെട്ടിരുന്നില്ല. ഇങ്ങനെ പല സ്ഥലങ്ങളിലും നശിച്ചുപോയ നഗരങ്ങൾക്കുമീതെ പുതിയ പുതിയ നഗരങ്ങളുണ്ടായിട്ടുണ്ടു്. അനന്തരകാലങ്ങളിൽ നടന്ന ഭൂഗർഭഗവേഷണത്തിന്റെ ഫലമായിട്ടാണു് ഇപ്പോൾ പഴയനഗരങ്ങളെപ്പറ്റി പല വിവരങ്ങളും ലഭിച്ചിട്ടുള്ളതു്. ഒരു നഗരം ഏതാനും നൂറ്റാണ്ടുകൾ നിലനില്ക്കുമായിരുന്നു. ആളുകൾ

ഷത്തൊടുങ്ങിയും സ്ഥലംവിട്ടുമാറിയും അവിടം വിജനമായിട്ടു് ക്രമേണ നഗരത്തിന്റെ അവശിഷ്ടങ്ങൾ മാത്രം ശേഷിക്കുമായിരുന്നു. പൊടിയും മണ്ണുംകൊണ്ടു മൂടി അങ്ങനെ നൂറാണ്ടുകൾ കഴിയുമ്പോഴേയ്ക്കും ഉപരിഭാഗത്തു ഒന്നുംതന്നെ ദൃശ്യമല്ലാതാകയും ചെയ്യുമായിരുന്നു. പഴയ വിവരങ്ങളൊന്നും അറിയാതെ, അടിയിൽ മാഞ്ഞുകിടന്നിരുന്ന നഗരാവശിഷ്ടങ്ങളുടെമേൽ പുതിയആളുകൾ ചെന്നു് പുതിയ കെട്ടിടങ്ങൾ കെട്ടി അധിവാസം തുടങ്ങുമായിരുന്നു. ഇപ്രകാരം ഒന്നിനുമീതെ മറ്റൊന്നായിപല നഗരങ്ങൾ ഉണ്ടായിത്തീൎന്നിട്ടുണ്ടു്. മണൽപ്രദേശങ്ങളിലാണു ഇത്തരം പല പട്ടണങ്ങൾ ഒന്നിനുമീതെ മറ്റൊന്നായി കാണപ്പെടുന്നതു്. എന്തെന്നാൽമണലിനു എളുപ്പത്തിൽ ഗോപനംചെയ്യാൻ കഴിയും. അനേകായിരം വൎഷങ്ങളിലായിവന്ന ഈ മാറ്റങ്ങളെപ്പറ്റി രണ്ടുവാചകം മാത്രമേ നമ്മൾ ഇവിടെ പറഞ്ഞുള്ളൂ. ഒരു നഗരമുണ്ടാവാൻ എത്ര തലമുറകൾ വേണ്ടിവരുമെന്നും പിന്നെ എത്രയെത്ര അനന്തരപരമ്പരകൾ അധിവസിച്ചശേഷമാണു് അതു നശിക്കുമെങ്കിൽ നശിക്കുന്നതെന്നും ഓൎത്തുനോക്കുക. ആ കാലത്തിന്റെ ദൈൎഘ്യം എത്രത്തോളമാണെന്നു നമുക്കു ശരിയായി മനസ്സിലാക്കാൻ വിഷമമാണു്. ഒരു മനുഷ്യനു് പത്തെൺപതു വയസ്സാകുമ്പോഴേയ്ക്കും അയാളെ നാമിപ്പോൾ പടുവൃദ്ധനെന്നു പറയുന്നു. എത്രയെത്ര ശിശുക്കൾ ഇപ്രകാരം പടുവൃദ്ധരായി മരിച്ചു് പിന്നെയും അതുപോലെ എത്രആയിരം തലമുറകൾ ആവൎത്തിച്ചിട്ടാണു് ഒരു നഗരം നശിക്കുന്നതെന്നു് ഊഹിച്ചുനോക്കുക. ബാബി

ലോൺ എന്നും നൈൻവേ എന്നും ഇപ്പോൾ പേർ മാത്രമേ ഉള്ളൂ.

വേറൊരു പുരാതനനഗരം സിറിയായിൽ ഡെമാസ്കസ്സാണ്. എന്നാൽ അതുനശിക്കയുണ്ടായിട്ടില്ല.; ഇപ്പോഴും ഒരു മഹാനഗരമായിത്തന്നെ നിലനിന്നുവരുന്നു. ലോകത്തിൽവച്ചു് ഏറ്റവും പഴയപട്ടണം ഈ ഡെമാസ്കസ്സാണെന്നാണ് വിശ്വസിക്കപ്പെടുന്നതു്. ഇന്ത്യയിലെ ഏറ്റവും പുരാതനമായ നഗരങ്ങളിലൊന്ന് ഇന്ദ്രപ്രസ്ഥമാകുന്നു. ഡൽഹിക്ക് സമീപമായിരുന്നു അതു്. എന്നാൽ ഇന്ദ്രപ്രസ്ഥം ഇപ്പോൾ ഇല്ല. ബെനാറീസ്സ് അഥവാ കാശി ഏറ്റവും പഴയ ലോകനഗരങ്ങളിലൊന്നുതന്നെ. അലഹബാദ് അഥവാ പ്രയാഗ് പാററ്നാ അഥവാ പാടലീപുത്രം ഇവയും ഇന്ത്യയിലെ വളരെ പുരാതനനഗരങ്ങളാകുന്നു. ചൈനയിലും ഇതുപോലെ പുരാതനനഗരങ്ങൾ അനേകമുണ്ടു്.

---

## ൧൨. അഞ്ചു പുരാതനരാജ്യങ്ങൾ

ഈ പുരാതനപട്ടണങ്ങളിലും ഗ്രാമങ്ങളിലും എത്രതരം ജനങ്ങളാണ് അധിവസിച്ചിരുന്നതു്? അവർ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും മററുംകൊണ്ടു് ഏകദേശം നമുക്കതു് ഊഹിക്കാം. കൂടാതെ ചില ശിലാലിഖിതങ്ങളും തെളിവായുണ്ടു്.

ഈജിപ്തിലെ ത്രികോണസ്തൂപങ്ങൾ (Pyramids) സിംഹത്തിന്റെ ഉടലും സ്ത്രീമുഖവും ചിറകുകളുമുള്ളതായ ഭീമരൂപം (Sphinx) ഇവകൂടാതെ പലപല മഹാദേവാലയങ്ങളുടെ അവശിഷ്ടങ്ങളും രസകരങ്ങളായ അറിവുകളാണ് നമുക്ക തരുന്നത്. ത്രികോണസ്തൂപങ്ങൾ പലതും ഈജിപ്തിൽ ഇപ്പോഴും നിലനിന്നുവരുന്നു. ഇവയിൽ ഏററവും വലിയ സ്തൂപത്തിനു 450 അടി ഉയരമുണ്ട്. ഏകദേശം അമ്പതിനായിരം ടൺ കല്ല് ഇതിനുപയോഗിച്ചിരിക്കുന്നു. അഗ്രം കൂർമ്പിച്ച് കുന്നുപോലെ കെട്ടപ്പെട്ടിരിക്കുന്ന ഈ സ്തൂപങ്ങൾക്കിടയിൽ പണ്ട് ഈജിപ്ത് ഭരിച്ചിരുന്ന രാജാക്കന്മാരുടെ ശവശരീരങ്ങൾ, ദ്രവിക്കാതിരിക്കത്തക്കവണ്ണമുള്ള ഔഷധങ്ങൾ ലേപനംചെയ്തിട്ട് സ്ഥാപിച്ചിരിക്കുന്നു. ഈജിപ്ഷ്യൻമമ്മി എന്നു പറയപ്പെടുന്നതു് ഇത്തരം ശവശരീരത്തെയാണ്. ഈ ശവശരീരങ്ങളിൽ കുറെ എണ്ണം ലണ്ടൻകാഴ്ചബംഗ്ലാവിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പിറമിഡുകൾ (ത്രികോണസ്തൂപങ്ങൾ)ക്കകത്തു് രാജാക്കന്മാരുടെ ശവശരീരങ്ങൾ വച്ചിട്ട് അവയുടെ സമീപം അവർ ജീവിതകാലത്തു് ഉപയോഗിച്ചിരുന്ന ആഭരണങ്ങൾ, ശയ്യോപകരണങ്ങൾ, മററു സാമാനങ്ങൾ, അവർക്കു പ്രിയമുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ മുതലായവ സൂക്ഷിച്ചിരിക്കുന്നു. മരണാനന്തരവും ഇവയൊക്കെ ആവശ്യമാണെന്നായിരുന്നിരിക്കണം അന്നത്തെ വിശ്വാസം. ഏതാനും വർഷം മുമ്പ് ഇത്തരമൊരു ത്രികോണസ്തൂപം തോണ്ടിനോക്കിയതിൽ തൂത്തൻഖാമൻ എന്ന രാജാവിന്റെ ശവശരീരം കണ്ടെടുത്ത വിവരം വർത്തമാനപ്പത്രങ്ങളിലുണ്ടായി

രുന്നു. സിംഹത്തിന്റെ ഉടലും സ്ത്രീമുഖവും ചിറകുകളുമുള്ള രൂപം അത്യന്തഭീമാകൃതിയിലാണു്. അതിന്റെ സ്ഥാപനോദ്ദേശമെന്താണെന്നു് ഇപ്പോഴും ആൎക്കുമറിവില്ല.

കൃഷിക്കു വെള്ളം കൊണ്ടുപോയി ഉപയോഗിക്കത്തക്കവണ്ണം അക്കാലത്തുപോലും ഈജിപ്തിൽ തോടുകളും ചിറകളും അവർ ഉണ്ടാക്കിയിരുന്നു. എത്രയോ ആയിരം വർഷത്തിനുമുമ്പുകൂടിയും ഈജിപ്തിൽ അധിവസിച്ചിരുന്നവർ ബുദ്ധിമാന്മാരും സമർത്ഥന്മാരുമായിരുന്നുവെന്നാണു് ഇതു തെളിയിക്കുന്നതു്. ഈ തോടുകളും ത്രികോണസ്തൂപങ്ങളും മററു വിശേഷപ്പെട്ട കെട്ടിടങ്ങളും നിർമ്മിക്കത്തക്ക എൻജിനീയറിംഗ് വൈദഗ്ദ്ധ്യം അന്നുതന്നെ അവർക്കുണ്ടായിരുന്നു. മെഡിറററേനിയൻ സമുദ്രത്തിൽ സ്ഥിതിചെയ്യുന്നതാണു് ക്രീററ് എന്ന ചെറുദ്വീപു്. ഈ ദ്വീപിൽ പുരാതനകാലത്തു് വലിയപരിഷ്കാരം നിലനിന്നിരുന്നു. ക്രീററിൽ അന്നുണ്ടായിരുന്ന ഭീമാകാരമായ ഒരു കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണാം. വാട്ടർപൈപ്പുകളും മററും നവീനപരിഷ്കാരത്തിലുൾപ്പെട്ടതാണെന്നു് വിശ്വസിക്കപ്പെട്ടുവരുന്നു. എന്നാൽ പ്രസ്തുതകൊട്ടാരത്തിൽ പുരാതനകാലത്തുപോലും കളിമുറികളും വാട്ടർപൈപ്പുകളുമുണ്ടായിരുന്നു. കൂടാതെ മനോഹരങ്ങളായ ചിത്രങ്ങളും ദന്തസാമഗ്രികളും ലോഹപാത്രങ്ങളും മററും അവിടെ ഉണ്ടായിരുന്നതാണു്.

പുരാതനകാലത്തു് ലോകമാകെ നരബലി നടപ്പിലിരുന്നിരുന്നു. മനുഷ്യർ ആരാധിച്ചിരുന്ന സങ്കല്പദേവതകളുടെ പ്രീതിക്കായി സ്ത്രീകളെയും പുരുഷന്മാരെയും ബലി

കൊട്ടുക്കുക പതിവായിരുന്നു. നൈൽദേവൻ (നൈൽ നദി) പ്രസാദിക്കുമെന്നാശിച്ച് ഈജിപ്തുകാർപെൺകുട്ടികളെ നൈൽനദിയിലേയ്ക്ക് എറിയുമായിരുന്നു. ഫിനീഷ്യൻവർഗ്ഗക്കാർ ആഫ്രിക്കയിൽ പണ്ട് അവരുടെ ഒരു പ്രമാണി മരിക്കുമ്പോൾ അയാളുടെ ഭാര്യമാരെയും അടിയാന്മാരെയും അപ്പോൾതന്നെ വധിച്ചുകളഞ്ഞിരുന്നു.

മെസൊപ്പൊട്ടേമിയാ, ഈജിപ്ത്, ക്രീററ്—എന്നിവിടങ്ങളിൽ പുരോഗമനപരമായ ജീവിതം നടന്നുകൊണ്ടിരിക്കെ ചൈനയിലും ഇൻഡ്യയിലും പരിഷ്കൃതമനുഷ്യരാണ് അധിവസിച്ചിരുന്നത്. ചൈനയിലെ ജനങ്ങൾ മംഗോളിയരായിരുന്നു. മനോഹരങ്ങളായ ഓട്ടുപാത്രങ്ങളും ക്രമേണ ഇരുമ്പുപാത്രങ്ങളും അവർ നിർമ്മിച്ചുപയോഗിക്കുകയും തോട്ടുകൾ ഒന്നാംതരം കെട്ടിടങ്ങൾ ഇവയുണ്ടാക്കുകയും ചെയ്തുതുകൂടാതെ എഴുത്തുന്നതിലേക്ക് ഒന്നാമതായി അക്ഷരങ്ങൾ കണ്ടുപിടിക്കയുമുണ്ടായിട്ടുണ്ട്. മലയാളവും തമിഴും ഇംഗ്ലീഷും മററും എഴുതുന്നത് ഇടത്തുനിന്നു വലത്തോട്ടാണല്ലൊ. ഉർദുഭാഷ എഴുതുന്നത് വലത്തുനിന്ന് ഇടത്തോട്ടാണ്. എന്നാൽ ചീനഭാഷയാകട്ടെ കീഴിൽനിന്നു മേല്പോട്ടാണെഴുതുന്നത്. ആ ഭാഷയിലെ ഓരോ ലിപിയും ഓരോ ചെറുചിത്രമായിരിക്കും. പുരാതന ഈജിപ്തിലും ബാബിലോണിലും ക്രീററിലും ഇത്തരം ചിത്രലിപികൾ നടപ്പിലിരുന്നിരുന്നു. പക്ഷെ അവിടങ്ങളിൽ ഇതു ക്രമേണ മാറിപ്പോയി. അതിൻെറ മാതൃകകൾ ഇപ്പോഴും ചില പാശ്ചാത്യ കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ചീനലിപികൾ അന്നത്തേതിൽനിന്നു

അല്പമാത്രമായ വ്യത്യാസങ്ങളോടെ ഇക്കാലത്തും നടപ്പിലിരിക്കുന്നു.

ഇൻഡ്യയിലെ പുരാതന കെട്ടിടങ്ങളെല്ലാം ഇപ്പോൾ മണ്ണിനടിയിലായിപ്പോയി. വടക്കേഇൻഡ്യയിലും തെക്കേഇൻഡ്യയിലും ഭൂഗർഭശാസ്ത്രജ്ഞന്മാർ ചില പര്യവേക്ഷണങ്ങളൊക്കെ നടത്തിയിട്ടുണ്ട്; ചില പുരാതനകെട്ടിടങ്ങൾ കുഴിച്ചുകണ്ടെത്തിയിട്ടുണ്ട്. ആര്യന്മാർ ഇൻഡ്യയിൽ വന്നെത്തിയതിനു വളരെവളരെ മുമ്പുതന്നെ ദ്രാവിഡർ ഭാരതത്തിൽ അധിവസിച്ചുവന്നിരുന്നുവെന്നു ചരിത്രം പറയുന്നുണ്ടല്ലോ. അവർ വലിയ പരിഷ്കൃതമാനസരുമായിരുന്നു. ദ്രാവിഡർ അന്യരാജ്യങ്ങളുമായി വാണിജ്യം നടത്തിയിരുന്നു. മെസൊപ്പൊട്ടേമിയാ, ഈജിപ്ത്—ഇവിടങ്ങളിലേയ്ക്ക് അവർ കപ്പുവടച്ചരക്കുകൾ അയച്ചിരുന്നു. ദക്ഷിണേന്ത്യയിൽ നിന്നയച്ചിട്ടുള്ള തേക്കുതടികൊണ്ടാണ് മെസൊപ്പൊട്ടേമിയായിൽ ഉർ എന്ന നഗരത്തിലെ പുരാതനകൊട്ടാരങ്ങൾ പണിഞ്ഞതെന്നു പറയപ്പെട്ടിരിക്കുന്നു. കൂടാതെ അരിയും കുരുമുളകും ദ്രാവിഡർ കയറ്റുമതിചെയ്തുകൊണ്ടിരുന്നു. സ്വർണ്ണം, മുത്ത്, ദന്തം—ഇവയ്ക്കു പുറമെ മയിലുകളെയും കുരങ്ങുകളെയും പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു പണ്ടു കയററി അയച്ചിരുന്നതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങൾ പരിഷ്കൃതരായിരുന്നാൽ മാത്രമേ ഇങ്ങനെയുള്ള വാണിജ്യം നടക്കുകയുള്ളുവെന്നു നാം പ്രത്യേകം ഓർമ്മിക്കണം. ചൈനയിലും ഇൻഡ്യയിലും പണ്ടുപണ്ടേ ചെറുരാജ്യങ്ങൾ നിലനിന്നിരുന്നു. ഇവയെല്ലാംചേർന്നു ഒരേ ഗവർമ്മെന്റിന്റെ കീഴിലായിരുന്നില്ല. ഒരു ചെറുനഗരവും അതിനോടുകൂടേഗ്രാമ

ങ്ങളും വയലുകളും ചേൎന്ന പ്രത്യേകപ്രത്യേകഭരണത്തിൻ കീഴിലാണു കഴിഞ്ഞിരുന്നതു്. ചൈനയിലും ഇപ്രകാരമുള്ള ചെറുരാജ്യങ്ങളാണു് ആദ്യമുണ്ടായിരുന്നതെങ്കിലും കാലാന്തരത്തിൽ അവയെല്ലാം ചീനസാമ്രാജ്യത്തിൻകീഴിലായി. ആ സാമ്രാജ്യഭരണകാലത്തിലാണു് ഇപ്പോഴും അവിടെ നിലനിൽക്കുന്ന ഭീമമായ കോട്ടകെട്ടിയതു്. 1400 നാഴിക നീളവും ഇരുപതടിമുതൽ മുപ്പതടിവരെ ഉയരവും ഇരുപത്തഞ്ചടി വണ്ണവുമുള്ള ഈ കോട്ടയുടെ ഇടയ്ക്കിടയ്ക്കു് നല്ല കൊത്തളങ്ങളുമുണ്ടു്. മററു മംഗോളിയൻ വൎഗ്ഗക്കാരെ ചൈനയിൽ കടത്താതിരിക്കുന്നതിലേയ്ക്കുണ്ടാക്കിയ ഈ വൻകോട്ട ഇപ്പോഴും കേടുകൂടാതെ നിലനിന്നു വരുന്നു.

---

## ൧൯. സമുദ്രസഞ്ചാരവും കച്ചവടവും

പുരാതനകാലത്തിലെ വേറൊരു ജനവിഭാഗത്തിന്റെ പേർ ഫിനീഷ്യന്മാരെന്നാണു്. ജൂതന്മാരുടേയും അറബികളുടേയും വൎഗ്ഗത്തിൽ പെട്ടവരായിരുന്നു ഇവർ. ഇപ്പോഴത്തെ ടൎക്കിയായ പഴയ ഏഷ്യാമൈനറിന്റെ പശ്ചിമതീരങ്ങളിലുള്ള ഏക്കർ, ടയർ, സൈഡൻ എന്നീപട്ടണങ്ങളിലാണു് ഇവർ അധിവസിച്ചിരുന്നതു്. സമുദ്രസഞ്ചാരത്തിനും വാണിജ്യത്തിനും ഇവർ മിടുക്കന്മാരായിരുന്നു. മെഡിറററേനിയൻ സമുദ്രമാകെ സഞ്ചരിച്ചതു മാത്രമല്ല കടൽമാൎഗ്ഗം ഇംഗ്ലണ്ടിലും ഇൻഡ്യയിലും അവരെത്തി

യിരിക്കണം. ഇന്നുള്ളതുപോലെ അന്ന് ഒന്നാംതരം കപ്പലുകൾ ഇല്ലായിരുന്നു. കടൽയാത്രയ്ക്ക് ആദ്യമായി വിനിയോഗിക്കപ്പെട്ടതു് വല്ല വൃക്ഷത്തിൻെറയും തായ്ത്തടി ആയിരുന്നിരിക്കണം. ക്രമേണ തടികൾ കുഴിച്ചു വള്ളങ്ങളാക്കി തുഴഞ്ഞും കാററത്തു പായ്കെട്ടി ഓടിച്ചും മാത്രമായിരുന്നു അന്നു സമുദ്രയാത്ര നടത്തിയതു്. ഇതു് ഒരു ഇരുപത്തയ്യായിരം മുപ്പതിനായിരം വർഷത്തിനു മുമ്പായിരിക്കണം. വൻകടലുകൾ തരണംചെയ്യാൻ ഈ ചെറുവഞ്ചികൾ ഉപയോഗിച്ച പുരാതനന്മാർ നിശ്ചയമായും മഹാധീരന്മാരായിരുന്നുവെന്നുള്ളതിൽ സംശയമില്ല. സമുദ്രത്തിൽ ഇത്തരം വള്ളങ്ങളും കൊണ്ടിറങ്ങിയാൽ വീണ്ടുംകര പററുന്നതിന് എത്രയോ മാസങ്ങൾ വേണ്ടിവരുമായിരുന്നു. ആഹാരം അതിനിടയിൽ നാസ്തിയായിരിക്കുമെന്നു നമുക്കൂഹിക്കാം. വല്ല പറവകളെ എയ്തുപിടിച്ചോ മത്സ്യം പിടിച്ചോ മാത്രമേ കഴിക്കാൻ അവക്ക് നിവൃത്തിയുണ്ടായിരുന്നുള്ളു. സമുദ്രസഞ്ചാരം ആദിമകാലത്തു് ദുഃഘടപൂർണ്ണമായിരുന്നുവെങ്കിലും മനുഷ്യർ അതിൽനിന്നു പിൻവാങ്ങിയിരുന്നില്ല. വൃഥാ സഞ്ചാരമായിരുന്നെങ്കിൽ അതു തുടർന്നു നടത്തുകയില്ലായിരുന്നു. കച്ചവടമാണ് ഈ സഞ്ചാരത്തിന് പ്രേരകമായിരുന്നതു്. ലാഭം ഉദ്ദേശിച്ചു് അപകടങ്ങൾ അഭിമുഖീകരിക്കാൻ അവർ മടിച്ചിരുന്നില്ല. കച്ചവടത്തിൽനിന്ന് അങ്ങനെ ഈ പുരാതനന്മാർ ധനമുണ്ടാക്കി. അന്നത്തെ കച്ചവടവും ഇന്നത്തെ കച്ചവടവും തമ്മിൽ ഒരു സാമ്യവുമുണ്ടായിരിക്കയില്ല. ഇന്നു കടകളിൽ ചെന്നാൽ നമുക്കിഷ്ടമുള്ള സാമാനം വാങ്ങാം. ചാലബസാറിലെ ഒരു ഷാപ്പിൽനിന്നു നാം ഇന്നു വാങ്ങുന്ന ഒരു

സാമാനം എവിടെയുണ്ടാക്കിയതാണെന്നോ എവിടെ നിന്നു വന്നതാണെന്നോ ഓൎമ്മിക്കാറില്ല. പലപല രാജ്യങ്ങളിൽനിന്നു വരുന്നവയാണ് ഒരു ഷാപ്പിൽ നാം ഇക്കാലത്തു കാണുന്നതു്. ഇഷ്ടമുള്ളതു നമുക്കു വാങ്ങാം. പണ്ടു് സ്ഥിരമായ കടകളില്ലായിരുന്നു. ഒരു രാജ്യത്തുനിന്നും ഒരു പ്രത്യേകതരം സാമാനം എത്തിച്ചാൽ ഒരു ദേശത്തുതന്നെ പലേടത്തു കൊണ്ടുനടന്നു വില്പന നടത്തുമായിരുന്നു. അതു വിററഴിഞ്ഞാൽ വീണ്ടും അതിലൊരു സാമാനം വാങ്ങണമെങ്കിൽ പിന്നെയൊരിക്കൽ ഈ കച്ചവടക്കാർ വരുമ്പോഴേ സാധിക്കുമായിരുന്നുള്ളു.

ഇന്നു നമുക്കാവശ്യമുള്ളതുപോലെ പണ്ടു മനുഷ്യൎക്കു് അധികം സാമാനങ്ങളൊന്നും വേണ്ടിയിരുന്നില്ല. അവർ വൎക്കു ഭക്ഷണത്തിനുള്ളതു് അവരവർതന്നെ അന്വേഷിക്കുകയും ഉടുക്കാനുള്ളതു് സ്വയം നെയ്തുണ്ടാക്കുകയും ചെയ്യുമായിരുന്നു. ഒരു ദേശത്തുണ്ടാക്കുന്ന കൗതുകകരമായ സാമാനങ്ങൾ അവയില്ലാത്ത മറെറാരുദേശത്തുകൊണ്ടുപോയാൽ അവിടത്തുകാർ കൊതിച്ചു വാങ്ങും. അവയ്ക്കു വിലയാകൊടുക്കുന്നതു പണമായിട്ടായിരുന്നില്ല. പണംപണ്ടില്ലായിരുന്നു. അറബികൾ ഒരു പത്തേമാരി നിറയെ ഈന്തപ്പഴവുമായി കൊല്ലത്തിറങ്ങും. അതു കുറേശ്ശക്കുറേശ്ശ കൊടുത്തു് കുരുമുളകു ശേഖരിച്ചു് ഒരു പത്തേമാരിനിറഞ്ഞുവെന്നു കാണുമ്പോൾ ആ കുരുമുളകുമായി മടങ്ങും. അതുപോലെതന്നെ കണ്ണാടിസ്സാമാനങ്ങളുമായി മറെറാരുകൂട്ടർവരുന്നു. അവരും പകരം മറേറതെങ്കിലും ചരക്കു് വാങ്ങികയററിക്കൊണ്ടുപോകും. കച്ചവടം ഇപ്രകാരമാണു പണ്ടു നടന്നിട്ടുള്ളതു്. ഒടുവിൽ സ്വൎണ്ണവും വെള്ളിയും കണ്ടുപിടിച്ചതോ

ട്ടുകൂടി കച്ചവടത്തിന്ന് അവ ഉപയോഗിച്ചുതുടങ്ങി. സ്വർണ്ണവും വെള്ളിയുംകൊണ്ടു പകരം പെരുമാറാമെന്ന് ആദ്യം കണ്ടുപിടിച്ചയാൾ തീർച്ചയായും അത്യന്തസമർത്ഥനായിരുന്നിരിക്കണം. കുറെയധികകാലം കഴിഞ്ഞിട്ടാണ് സ്വർണ്ണവും വെള്ളിയും നാണയമായി മാറിയതു്. സ്വർണ്ണമൊ വെള്ളിയൊ വിലയായി പകരം കൊടുക്കുമ്പോൾ തൂക്കി നോക്കണമായിരുന്നു. നാണയമാക്കിയതോടുകൂടി ആ സ്വൊല്ലയില്ലാതായി.

---

## ൧൯. എഴുത്തും കണക്കും

പല ഭാഷകളെയും അവയ്ക്കുള്ള പരസ്പരബന്ധത്തെയുംപററി ചിലതൊക്കെ പ്രതിപാദിച്ചു. എന്നാൽ ഭാഷകൾ എങ്ങനെയാണ് ആരംഭിച്ചതെന്നു നമുക്കാലോചിക്കാം.

ജന്തുക്കൾ സാധാരണയായി ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതു നാം കേൾക്കാറുണ്ടു്. ചില പ്രത്യേകസന്ദർഭങ്ങളിൽ വിശേഷാൽശബ്ദമാണ് അവ പുറപ്പെടുവിക്കുന്നതു്. ഉല്ലാസമായിരിക്കുമ്പോളൊരു ശബ്ദം ഭയപ്പെടുമ്പോൾ മററൊരുശബ്ദം. ഈ രീതി മിക്ക ജന്തുക്കളിലും കാണാം. മനുഷ്യർ സംഭാഷണം ആരംഭിച്ചതു് ഇതേപ്രകാരംതന്നെയായിരിക്കണം. ആദ്യമാദ്യം ലഘുശബ്ദങ്ങളാണു പുറപ്പെടുവിച്ചിരുന്നതു്. ഭയപ്പെട്ടും മുന്നറിയിപ്പായുമായിരുന്നിരിക്കണം അവ. ആളുകൾ കൂട്ടംചേൎന്നു വേലചെയ്യു

മ്പോൾ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുക പതിവാണ്. ഭാരം വലിക്കുകയൊ പൊക്കുകയൊ ചെയ്യുന്നയവസരത്തിൽ ഏലംവിളി കേട്ടിട്ടില്ലെ? ഇങ്ങനെ ഒത്തുചേൎന്നു വിളിക്കുന്നതു വേലയ്ക്കു ലാഘവമുണ്ടാക്കും. ക്രമേണ വെള്ളം, തീ മുതലായ പദങ്ങൾ ഉണ്ടായിത്തീൎന്നിരിക്കണം. പ്രഥമഘട്ടത്തിൽ നാമരൂപങ്ങൾ മാത്രമേ ഭാഷയിലുണ്ടായിരുന്നിരിക്കയുള്ളൂ. ഒരു കരടി വരുന്നതായി പറയേണ്ടയവസരത്തിൽ മനുഷ്യർ ആദ്യകാലത്തു "കരടി" എന്നുമാത്രം ഉച്ചരിച്ചിട്ട് കുഞ്ഞുങ്ങളെപ്പോലെ കൈ ചൂണ്ടിക്കാണിക്കുക പതിവായിരുന്നിരിക്കണം. ഭാഷ കാലാന്തരത്തിൽ അഭിവൃദ്ധിപ്പെട്ടു. ചെറിയ വാചകങ്ങൾക്കുശേഷം നീണ്ട വാചകങ്ങളുണ്ടായി. പണ്ട് വിവിധരാജ്യങ്ങളിൽ വിവിധ വൎഗ്ഗക്കാൎക്കായി ഒരേ ഒരു ഭാഷ ഉണ്ടായിരുന്നിരിക്കയില്ല. എന്നാൽ അനേകം ഭാഷകൾ ഒരേകാലത്തുണ്ടായിരുന്നുവെന്നു പറയാനും നിവൃത്തിയില്ല. ഭാഷകളുണ്ടായതോടുകൂടി ഓരോ ഭാഷയിലും പാട്ടുകൾ ആവിർഭവിച്ചു. പാട്ടുകാരുമുണ്ടായി. ഗ്രന്ഥങ്ങൾ അധികമങ്ങനെയില്ലായിരുന്നു. അതുകൊണ്ട് മനുഷ്യൎക്ക് ഓർമ്മശക്തി മുമ്പു കൂടുതലായിരുന്നുവെന്നു പറയാം. ഗദ്യത്തിനേക്കാൾ പദ്യമാണ് എളുപ്പത്തിൽ ഓർമ്മിക്കാൻ ഉതകുന്നതു്. അക്കാരണത്താലും കൂടി പാട്ടിനും ശ്ലോകങ്ങൾക്കും പണ്ടു പ്രാഥമ്യം സിദ്ധിച്ചിരുന്നു. മരണം പ്രാപിച്ച വീരന്മാരെപ്പറ്റി പാടുന്നതു് അന്നു് കൗതുകകരമായിരുന്നു. യുദ്ധമായിരുന്നു അന്നത്തെ പ്രധാനകാൎയ്യം. അതുകൊണ്ടു യുദ്ധവീരന്മാരെപ്പററിയുള്ള സ്തോത്രങ്ങൾക്കു പ്രഥമസ്ഥാനം ലഭിച്ചുവന്നിരുന്നു. ഇൻഡ്യയിലും മററ് ഏതു രാജ്യങ്ങളിലും അവസ്ഥയിതായിരുന്നു.

എഴുത്തിനെസംബന്ധിച്ചുപറകയാണെങ്കിൽ അതിൻെറ ആരംഭം രസകരമാണു്. എല്ലാ ഭാഷകളും ചിത്രലിപികൾകൊണ്ടാണു് ആദ്യം തുടങ്ങിയതു്. മയിലിനെപ്പററി എന്തെങ്കിലുംപറയണമെന്നുണ്ടെങ്കിൽഅയാൾഒരു മയിലിൻെറ രൂപം വരയ്ക്കും. എന്നാൽ അധികം ആളുകൾക്കു് ഇങ്ങനെ വരയ്ക്കാൻ സാധിക്കുകയുമില്ല. ചിത്രങ്ങൾ ഇപ്രകാരം ക്രമേണ ലഘുവായി ലഘുവായി വന്നു. കുറെ അധികകാലം കഴിഞ്ഞശേഷം ലിപികൾ നിർമ്മിക്കപ്പെട്ടു. അതിശീഘ്രത്തിൽ എഴുതാൻ ഇതുസഹായിച്ചു.

അക്കങ്ങൾ കണ്ടുപിടിച്ചതും ആദ്യംഒരുവലിയകണ്ടുപിടിത്തംതന്നെആയിരുന്നിരിക്കണം. അക്കങ്ങൾകൂടാതെ ഒരു കണക്കും കൂട്ടാൻ സാധ്യമല്ല. അക്കങ്ങൾ കണ്ടുപിടിച്ചയാൾ വലിയബുദ്ധിമാനായിരുന്നിരിക്കണമെന്നുള്ളതിൽ സംശയമില്ല. ആദ്യകാലത്തെ റോമൻ അക്കങ്ങളാണു് ഇപ്പോഴും നടപ്പിലിരിക്കുന്നതു്. എന്നാൽ ഈ അക്കം ദുർഘടംപിടിച്ചതാണു്. മററു സകല ഭാഷകളിലേയും അക്കങ്ങൾ ഇതിനെക്കാൾ വളരെ വളരെ ഭേദമാണെന്നു തന്നെപറയാം. 1, 2, 3, 4, 5, 6, 7, 8, 9, 10-ഇവ അറബി അക്കങ്ങളാണെന്നു പറയപ്പെടുന്നു. അറബികളിൽ നിന്നും യൂറോപ്യന്മാർ ഈ അക്കങ്ങൾമനസ്സിലാക്കിയതിനാലാണു് അറബിയക്കങ്ങളെന്നു് ഇവയ്ക്കു പേർവന്നതു്. എന്നാൽ അറബികൾ ഇവ മനസ്സിലാക്കിയതു് ഇൻഡ്യാക്കാരിൽനിന്നാകുന്നു. അതുകൊണ്ടു് ഇവഇൻഡ്യൻഅക്കങ്ങളാണെന്നു പറയുന്നതായിരിക്കും കൂടുതൽ ശരിയായിരിക്കുന്നതു്.

---

## ൨൦. പരിഷ്കാരപ്രചാരം

മദ്ധ്യയൂറോപ്പിലും തെക്കുകിഴക്കേയൂറോപ്പിലുംമദ്ധ്യേഷ്യയിലുമായി നാലായിരം വഷത്തിനുമുമ്പു് (ക്രിസ്തു ജനിക്കുന്നതിന് ഏകദേശം രണ്ടായിരം വർഷംമുമ്പു്) സുഭഗശരീരികളായ ഏതാനും വർഗ്ഗക്കാർ അധിവസിച്ചിരുന്നു. അവക്കു കന്നുകാലികളുണ്ടായിരുന്നുവെങ്കിലും ആദ്യംകുതിരയില്ലായിരുന്നു. ഒരിടത്തും സ്ഥിരമായി പാക്കാതെ ചുററിസ്സഞ്ചരിച്ചിട്ടാണു അവർ കഴിഞ്ഞിരുന്നതു്. സാമാനങ്ങളും പാക്കാനുള്ള കൂടാരങ്ങളും കാളവണ്ടികളിൽകയററി അവർ മാറിമാറിത്താമസിച്ചുകൊണ്ടിരുന്നു. പ്രധാനപ്പെട്ടവർ മരിക്കുമ്പോൾ ഈ വർഗ്ഗക്കാർ, മററു ആദിമനിവാസികളെപ്പോലെ പ്രേതം ആഘോഷമായി കുഴിച്ചിടുകയല്ല ദഹിപ്പിക്കുകയാണു ചെയ്തിരുന്നതു്. ചിതാഭസ്മം കുടത്തിൽ അടക്കംചെയ്തു് സ്ഥാപിച്ചു് അതിനുമുകളിൽ വൃത്താകാരമായി മൺകൂന കൂട്ടുമായിരുന്നു. ആദിമവർഗ്ഗക്കാരാകട്ടെ ശവദാഹം നടത്തുകയല്ല ശവശരീരം ആസനസ്ഥമാക്കി സംസ്കരിക്കുകയായിരുന്നു പതിവു്. അതിനുമുകളിലായി മൺകൂന അവരും കൂട്ടുമായിരുന്നു.

കാളകളെ പൂട്ടി ഉഴുതു് അവർ ഈ ദിക്കുകളിൽ കോതമ്പുകൃഷി നടത്തിയിരുന്നു; വിളവെടുത്തശേഷം മാറിപ്പോകയാണു പതിവായിരുന്നതു്. ഓട്ടുപാത്രങ്ങൾ അവർ ഉപയോഗിച്ചിരുന്നു. ക്രിസ്ത്വാബ്ദത്തിനു് ഉദ്ദേശം 1500 വഷംമുമ്പു് അവർ ഇരുമ്പുകണ്ടെത്തി. ഇരുമ്പു് ഉരുക്കുന്ന വിദ്യ കണ്ടുപിടിച്ചതു് അവരായിരിക്കണം. മെഡിററനേനിയനു ചുററും അധിവസിച്ചിരുന്നവരെപ്പോലെ ഇവർ

KOTTAYAM PUBLIC LIBRARY KOTTAYAM

ദേവാലയങ്ങൾക്ക ആവശ്യമല്ല കഴിഞ്ഞുകൂടിയിരുന്നതു്. അവരുടെ പ്രമാണികൾ വൈദികന്മാരല്ല കുലത്തലവന്മാരായിരുന്നു. അവർ ചുററിസ്സഞ്ചരിക്കുന്നതിന്നിടയിൽ കൂട്ടക്കാരുടെ സദ്യകൾ നടത്തുകയും മദ്യം ധാരാളം ഉപയോഗിക്കുകയും പാട്ടും നൃത്തവും നടത്തുകയും പതിവായിരുന്നു. മരിച്ചപ്രമാണികളെപ്പററിയാണു് അവർ പാടിയിരുന്നതു്. ആര്യന്മാർ ഏതേതുരാജ്യങ്ങളിൽ കുടിയേറിയോ ആ രാജ്യങ്ങളിലൊക്കെ ഓരോമട്ടിൽ ഈ പാട്ടുകൾ ഉണ്ടായിട്ടുണ്ടു്. വേദങ്ങളിലും ഇതിഹാസങ്ങളിലും ഇത്തരം പാട്ടുകൾ നിറഞ്ഞിരിക്കുന്നു. തലമുറതലമുറയായി പാടി ഒടുവിൽ ലിപികൾ കണ്ടുപിടിച്ചതിനുശേഷമാണു് അവ ഗ്രന്ഥരൂപേണ ആയിത്തീന്നതു്. മെസൊപ്പൊട്ടേമിയായിലും നൈലിലും ഇൻഡ്യയിലും അടിക്കടി പരിഷ്കാരം വളന്നുകൊണ്ടിരിക്കെ യൂറോപ്പിലേയും പശ്ചിമമദ്ധ്യേഷ്യായിലേയും സ്ഥിതി ഇതായിരുന്നു. അതിൽ അത്ഭുതത്തിനവകാശവുമില്ല. എന്തെന്നാൽ സാമത്ഥ്യവും ഗവേഷണശീലവുമുള്ള കൂട്ടരായിരിക്കും കൂടുതൽ ജീവിതസൗകര്യം അന്വേഷിച്ചു് മുൻകൂട്ടി വീട്ടുവിട്ടിറങ്ങുന്നതു്. ഉള്ളതുകൊണ്ടു തൃപ്തരായി അലസതയിൽ കഴിയുന്നവർ ഇരുന്നിടത്തിരിക്കുകയേ ഉള്ളൂ. ഈ വർഗ്ഗം ആര്യന്മാർ ക്രമേണ ബ്രിട്ടൺ, ഫ്രാൻസു്, സ്പെയിൻ—ഇവിടങ്ങളിലേയ്ക്കു വ്യാപിച്ചു; ഇററലിയിലും എത്തി. അവർ ഈ രാജ്യങ്ങളിലൊക്കെ വ്യാപിക്കുന്നതിനുമുമ്പായിട്ടാണു് ആര്യന്മാർ ഇൻഡ്യയിൽ വന്നുചേർന്നതെന്നുവേണം വിചാരിക്കുവാൻ. ഏകദേശം ഇക്കാലത്തുതന്നെ ഗ്രീക്കുകാർ ക്രീററിലും മററു ഗ്രീക്കുദ്വീപുകളിലും പരിഷ്കാരം പരത്തിയിരുന്നു. മെസൊപ്പൊ

ട്ടേമിയായിലും ഈജിപ്റ്റിലും ആര്യന്മാർ എത്തി, ഏകദേശം 2500 വർഷംമുമ്പുവരെ സാരമായ പരിവത്തനങ്ങളൊന്നും വന്നുചേർന്നില്ല. മെസൊപ്പൊട്ടേമിയായിലും ഈജിപ്റ്റിലുംനിന്നു ലഭിച്ചിട്ടുള്ള രേഖകൾ പ്രത്യക്ഷമാക്കുന്നതു് അന്നു് അവിടങ്ങളിൽ അധിവസിച്ചിരുന്നവർ നല്ല പരിഷ്കാരികളായിരുന്നുവെന്നാണു്. മനോഹരങ്ങളായ കെട്ടിടങ്ങളിൽ വേണ്ടപ്പെട്ട സാധനസാമഗ്രികളോടുകൂടി അവർ പാർത്തിരുന്നു. നല്ലവസ്ത്രങ്ങളും ആഭരണങ്ങളും അവർ ഉപയോഗിച്ചിരുന്നു. സദ്യ, ഉത്സവം, സംഗീതം, നൃത്തം ഇവയൊക്കെ സർവസാധാരണമായിരുന്നു. ദന്തവൈദ്യന്മാർപോലും അന്നുണ്ടായിരുന്നതായി കാണുന്നുണ്ടു്. നൈൽനദിയിലും യൂഫ്രട്ടീസ്നദിയിലും അന്നത്തെ ആളുകൾ വള്ളംകളി നടത്തിയിരുന്നു. പട്ടുവസ്ത്രങ്ങൾ മാത്രം അവിടെ ഉണ്ടായിരുന്നതായി പ്രസ്താവിച്ചു കാണുന്നില്ല. കണ്ണാടിസ്സാമാനങ്ങൾ അവർ നിർമ്മിച്ചിരുന്നു. എന്നാൽ അതിനൊക്കെ വണ്ണമുണ്ടായിരുന്നു. ലോലവും സ്ഫടികസ്ഫുടവുമായ കണ്ണാടിയുടെ ആവശ്യം അവർ കണ്ടില്ല. കണ്ണടകൾ അന്നവൎക്കു വേണ്ടായിരുന്നു. പല്ലിൽ സ്വർണ്ണം കെട്ടുന്നതു് അവരുടെ ഒരു പരിഷ്കാരമായിരുന്നു. ഒരു കാര്യം അതിശയമാണു്. ഇത്രയൊക്കെ പരിഷ്കാരങ്ങൾ നിലവിലുണ്ടായിരുന്നിട്ടും നാണയങ്ങൾ അന്നില്ലായിരുന്നു. വ്യാപാരം നടന്നതു് മാററക്കച്ചവടംകൊണ്ടാണു്. ഈജിപ്റ്റിനെക്കാൾ ബാബിലോൺ സമ്പൽസമൃദ്ധമായിരുന്നു. സ്വർണ്ണവും വെള്ളിയും വിനിമയം ചെയ്യുകയും അവ പാത്രങ്ങളിൽ നിക്ഷേപിച്ചു

വയ്ക്കുകയും ചെയ്യുമായിരുന്നു. രത്നങ്ങൾ കൊടുത്തിട്ടാണ് ആവശ്യമുള്ള സാമാനങ്ങൾ വാങ്ങിയിരുന്നതു്. പിടക്കോഴികളും മുട്ടയും അന്നു് ഈ രാജ്യങ്ങളിൽ കാണാൻ പോലും കിട്ടുമായിരുന്നില്ല. ഏകദേശം 2700 വർഷത്തിനുമുമ്പു പൗരസ്ത്യദേശങ്ങളിൽനിന്നാണു് അവ ഇവിടങ്ങളിൽ പരന്നതു്.

---

## ൧൭. യഹൂദന്മാർ

മൂവായിരം വർഷംമുമ്പു് ഇവർ ജൂദിയായിൽ സ്ഥിരതാമസമാക്കിക്കഴിഞ്ഞിരുന്നു. യരൂശ്ലേമായിരുന്നു അവരുടെ തലസ്ഥാനം. നിയമസംഹിതയും, വിജ്ഞാനവും, കവിതകളും, കഥകളും, രാഷ്ട്രീയപ്രഖ്യാപനങ്ങളും അടങ്ങിയ ഒരു ഗ്രന്ഥം ആദ്യമായി അവർ പുറപ്പെടുവിച്ചു. ലോകത്തു് ഈ ജനതയ്ക്കു പ്രാധാന്യമുണ്ടാക്കിക്കൊടുത്ത പ്രസ്തുതഗ്രന്ഥത്തിന്റെപേർയഹൂദബൈബിൾഎന്നാണു്. ഇതു് ആദ്യം ഒരുമിച്ചു കൂട്ടിച്ചേർത്തു പ്രസിദ്ധപ്പെടുത്തിയതു ബാബിലോണിലായിരുന്നു. സ്തോത്രങ്ങളും, ഇതിഹാസങ്ങളും, സൂക്തങ്ങളുമായി പിന്നീടു് അതിൽ കുറെ അനുബന്ധങ്ങളുണ്ടായിട്ടുണ്ടു്. ലോകം സൃഷ്ടിച്ചതു്, ആദാമിനേയും ഹവ്വായേയും സൃഷ്ടിച്ചതു്, പ്രളയമുണ്ടായതു്—എന്നിങ്ങനെ ബൈബിളിന്റെ പ്രാരംഭത്തിൽ പറയുന്ന കഥകളെല്ലാം ബാബിലോണിൽ പറയപ്പെട്ടിരുന്ന കഥകളാണു്. മോശ(മോസസ്സ്)യുടെയുംമററും കഥകൾകല്പിതകഥകളാ

ണെന്നു കരുതപ്പെടുന്നു. എന്നാൽ അബ്രഹാമിൻെറ കഥയോടു യഹൂദചരിത്രത്തിനു ചാർച്ചയുണ്ടു്. ഈ അബ്രഹാം രാജാവു് ക്രിസ്തുവിനു് 2100 കൊല്ലംമുമ്പാണു ജീവിച്ചിരുന്നതു്. ശ്രീരാമൻ കാട്ടിൽ അലഞ്ഞുനടന്നതുപോലെ അബ്രഹാമും വളരെക്കാലം ചുററിസ്സഞ്ചരിച്ചിരുന്നു. അബ്രഹാമിൻെറ പുത്രന്മാരെയും പൗത്രന്മാരെയും ഈജിപ്തിൽ തടവുകാരാക്കപ്പെട്ടു. നാല്പതുവർഷമാണു് അബ്രഹാം അജ്ഞാതവാസം അനുഷ്ഠിച്ചതു്. അതിനുശേഷം അദ്ദേഹത്തിൻെറ അനന്തരഗാമികൾ പന്ത്രണ്ടുവർഗ്ഗക്കാരായി പിരിഞ്ഞ അവർ മോശയുടെ നേതൃത്വത്തിൽ കനാൻ ദേശം ആക്രമിക്കുകയുണ്ടായി. "അബ്രഹാമിൻെറദൈവം" ഫലപുഷ്കലമായ ഈ ദേശം അവർക്ക് ദാനംചെയ്യാമെന്നു വാക്കുകൊടുത്തിരുന്നതായി ബൈബിളിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ അവർ നടത്തിയ ആക്രമണംകൊണ്ടു് പ്രസ്തുത ദേശത്തിലെ മലപ്രദേശങ്ങൾ മാത്രമേ ലഭിച്ചുള്ളു. അബ്രഹാമിൻെറ സന്താനങ്ങൾ വളരെക്കാലം അജ്ഞാതരായി കഴിച്ചുകൂട്ടി. ഇവരുടെ കാലത്തധികവും യഹൂദന്മാരെ ഭരിച്ചിരിക്കുന്നതു് വൈദികവിധികർത്താക്കന്മാരാണു്. ഉദ്ദേശം മൂവായിരം വർഷംമുമ്പു് അവർ സാൾ എന്നൊരു രാജാവിനെ തിരഞ്ഞെടുത്തു. അദ്ദേഹത്തിൻെറ അനന്തരഗാമിയാണു് ദാവീദ്. ദാവീദിൻെറ കാലം യഹൂദന്മാരുടെ നല്ലകാലമായിരുന്നു. ദാവീദ്രാജാവും അദ്ദേഹത്തിൻെറ പുത്രനായ സോളമൻരാജാവും ടൈറിലെ ഹിരംരാജാവിനോടു വലിയ സഖ്യത്തിലാണു് കഴിഞ്ഞതു്. യരുശലേം പള്ളിയും കൊട്ടാരവും കോട്ടയും കെട്ടിച്ചതു് ഇക്കാലത്താ

യിരുന്നു. സാളമന്റെ ഭരണകാലംപോലെ യഹൂദവർഗ്ഗക്കാർക്ക് ഒരു സുവർണ്ണകാലം അതിനുമുമ്പുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ മരണത്തോടുകൂടി യരുശ്ലേമിൽനിന്നു ഒരു ദേശവിഭാഗം വേർതിരിഞ്ഞു് ഇസ്രായേൽ ദേശമായി രൂപാന്തരപ്പെട്ടു. യരുശ്ലേം, ജൂദായുടെ തലസ്ഥാനമാകയുംചെയ്തു. യഹൂദരുടെ പ്രാഭവത്തിനു ദീർഘായുസ്സുലഭിച്ചില്ല.

പിന്നീടു എട്ടുശതവർഷങ്ങൾക്കിടയിൽ പലപല വർഗ്ഗക്കാർ പുരോഗമിക്കുകയും അധഃപതിക്കുകയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ടു്. എന്നാൽ യഹൂദവംശം നല്ല സംഘടനയോടെ കഴിഞ്ഞുകൂടി. അവരുടെ ബൈബിളാണിതിനു സഹായിച്ചതു്. അനേകമനേകം ജനവിഭാഗങ്ങളുടെ പീഡനമേററുകൊണ്ടു് ഈ ബൈബിൾ ആചരിച്ചു് അവർ രണ്ടായിരത്തിഅഞ്ഞൂറുവർഷം കഴിച്ചു.

യഹൂദന്മാരുടെ വിശ്വാസം ദൈവം അപ്രത്യക്ഷനും വിദൂരസ്ഥനുമാണെന്നാണു്. യരുശ്ലേമിനെ വീണ്ടെടുക്കാനും അതിനെ ഭക്തലോകത്തിന്റെ രാജധാനിയാക്കാനുമായി അവരെ ദൈവം പ്രത്യേകം സൃഷ്ടിച്ചതാണെന്നു് അവർ വിശ്വസിച്ചിരിക്കുന്നു. അവരുടെ രാജ്യവും രാജാവും ഈശ്വരനും എല്ലാം ആ ഏക ബൈബിൾ മാത്രമാണു്. എന്തെന്നാൽ അവർക്കു് പ്രത്യേക രാജാവില്ല, പ്രത്യേകമായുണ്ടായിരുന്ന ദേവാലയമില്ല, എങ്കിലും ആ ബൈബിൾ ആധാരമാക്കി അവർ സംഘടിച്ചു് ഏകജനതയായിഇന്നും കഴിഞ്ഞുവരുന്നു. (അവരുടെ യരുശ്ലേം, ക്രിസ്തുവർഷം എഴുപതാംശതകത്തിൽ അന്യാധീനമായ സംഗതി ഈ ഘട്ടത്തിൽ അനുസ്മരിക്കുമല്ലോ.) യഹൂദവർഗ്ഗക്കാർ അപൂർവ്വമായിട്ടെങ്കിലും ഇപ്പോൾ ലോകത്തു ഏതുരാജ്യത്തിലുംഉണ്ടു്.

ചിന്നിച്ചിതറിപ്പോയ ഈ വർഗ്ഗക്കാർ അധഃപതിക്കാതിരുന്നിട്ടുള്ളതു് അവരുടെ നേതാക്കന്മാരായ സിദ്ധന്മാരുടെ ഉപദേശത്താലാണു്. അവരുടെ സിദ്ധന്മാർ ആത്മീയ കാര്യങ്ങളെക്കാൾ രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധാലുക്കളായിത്തീൎന്നു. ഈജിപ്തിനും അസ്സീറിയായ്ക്കും ബാബിലോണിനും എതിരായി സ്വവർഗ്ഗക്കാരെ അവർ ഇളക്കിവിട്ടു. യഹോവാ വെറുക്കുമെന്നു പറഞ്ഞു ചില ആചാരങ്ങളെ അവർ ബഹിഷ്കരിക്കുകയും മററു ചില ആചാരങ്ങൾ ഏൎപ്പെടുത്തുകയും ചെയ്തു. ഈ സിദ്ധന്മാരുടെ സുവിശേഷപ്രചരണമാണു് യഹൂദവർഗ്ഗക്കാരുടെ അചഞ്ചലസംഘടനയ്ക്കു് ലോകത്തു് ഇന്നും ആധാരമായിരിക്കുന്നതു്.

---

## ൨൨. ആര്യന്മാർ ഇൻഡ്യയിൽ

ആറേഴായിരം വർഷംമുമ്പാണു് ആര്യന്മാർ ഇൻഡ്യയിൽ വന്നെത്തിയതു്; പക്ഷെ അതിലും കുറെ കൂടുതൽ കാലത്തിനുമുമ്പാണെന്നുവരാം. ഒരേ ഒരു കൂട്ടമായി അവർ വന്നതല്ല. പലകാലങ്ങളിലായി പലസംഘങ്ങളായി വന്നതാണു്. ചില സംഘക്കാർ പർവ്വതം കടന്നും മററുചിലർ പേഴ്സ്യൻ ഉൾക്കടൽവഴിയും എത്തിയതായിരിക്കണം. ഇവർ വന്നെത്തുന്നതുവരെയുള്ള കാലം ചരിത്രാതീതകാലമാകുന്നു. നാമിപ്പോൾ ചരിത്രകാലഘട്ടത്തിന്റെ വക്കിൽ എത്തിയിട്ടുണ്ടു്.

ആൎയ്യന്മാർ വന്നപ്പോൾ ദ്രാവിഡർ ഇവിടെ പാൎത്തിരുന്നു. വലിയ ആൾബലമുണ്ടായിത്തീൎന്നപ്പോഴേയ്ക്കും ആൎയ്യന്മാൎക്ക് ദ്രാവിഡരെ തോല്പിച്ചു തെക്കോട്ടോടിക്കാൻ കഴിവുണ്ടായി. അതുവരെ ദ്രാവിഡർ ധീരതയോടെ ചെറുത്തുനിൽക്കുകയായിരുന്നു. മദ്ധ്യേഷ്യയിൽ ജീവിക്കാൻ വേണ്ടിടത്തോളം വകയില്ലാഞ്ഞിട്ടാണ് ആൎയ്യന്മാർ കുടിപുറപ്പെട്ടുപോന്നതു്. അവർ ഇൻഡ്യയിലേയ്ക്കുമാത്രമല്ല പേൎഷ്യയിലേയ്ക്കും ഗ്രീസിലേയ്ക്കും മററും കുടിയേറി. പൎവ്വതംകടന്നു് കാശ്മീരം വഴിയാണ് അവർ ഇൻഡ്യയിലെത്തിയതു്. വളരെക്കാലം അവർ ഉത്തരദേശങ്ങളിൽ അതായതു് അഫ്ഘാനിസ്ഥാൻ, പഞ്ചാബ്—ഇവിടങ്ങളിൽമാത്രമായി കഴിച്ചുകൂട്ടി. ക്രമേണ മദ്ധ്യേൻഡ്യയിലേയ്ക്കു് വിന്ധ്യാപർവതംവരെ വ്യാപിച്ചതാണ്. സുഗമമായ ഇടുക്കു വഴികൾ വിന്ധ്യാചലത്തിൽ അന്നില്ലായിരുന്നു. അതിനാൽ കൂടുതൽ തെക്കോട്ടു് അവൎക്കു വ്യാപിക്കാൻ കഴിവുണ്ടായില്ല. ദ്രാവിഡരെ വിന്ധ്യാചലത്തിനപ്പുറം അവർപായിച്ചു. ഇപ്പോഴും ദക്ഷിണേന്ത്യയിൽ പാൎക്കുന്നവരധികവും ദ്രാവിഡരുടെ അനന്തരഗാമികളാണ്. ആൎയ്യന്മാരുടെ ആഗമത്തെപ്പററിഅറിയുന്നതു് രസകരമായിരിക്കും. സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നു പലതും ഇതിനെപ്പററി ഗ്രഹിക്കാം. ആൎയ്യന്മാരുടെ ആഗമകാലത്തിലാണ് വേദങ്ങൾ രചിക്കപ്പെട്ടതു്. അതിൽആദ്യമുണ്ടായ ഋഗ്വേദം നോക്കുകയാണെങ്കിൽ ആൎയ്യന്മാർ ഇൻഡ്യയുടെ ഏതുഭാഗത്താണ് അധിവസിച്ചിരുന്നതെന്നു മനസ്സിലാക്കാം. മററു വേദങ്ങളും പുരാണങ്ങളുംകൊണ്ടു്

ആൎയ്യന്മാർ ഇൻഡ്യയാകെ വ്യാപിച്ചതായി കാണാവു ന്നതാണ്. വളരെക്കാലം കഴിഞ്ഞാണ് രാമായണമു ണ്ടായതു്. മഹാഭാരതം അതിലും വളരെവളരെ കഴിഞ്ഞി ട്ടായിരുന്നു. ഈ ഗ്രന്ഥങ്ങളിൽനിന്നു ആൎയ്യന്മാർ ആദ്യം അധിവസിച്ചിരുന്ന അഫ്ഘാനിസ്ഥാൻ, പഞ്ചാബ്— ഈ ദേശവിഭാഗങ്ങൾക്കു് "ബ്രഹ്മവൎത്തം" എന്നായിരുന്നു പേരെന്നു മനസ്സിലാക്കാം. അഫ്ഘാനിസ്ഥാനിന്റെ ആദ്യത്തെ പേർ ഗാന്ധാരമെന്നായിരുന്നു. മഹാഭാരത ത്തിൽപറയുന്ന കൗരവന്മാരുടെ മാതാവായ ഗാന്ധാരി, ഗാന്ധാരദേശക്കാരിയായിരുന്നു. അന്നു് അഫ്ഘാനി സ്ഥാൻ, ഭാരതദേശത്തുൾപ്പെട്ടിരുന്നതാണ്. ആൎയ്യന്മാർ അവിടെനിന്നു കൂടുതൽ തെക്കോട്ടു് അതായതു് ഗംഗ, യമുന—എന്നീ നദീതീരങ്ങളിലേയ്ക്കു വ്യാപിക്കയുണ്ടായി. അപ്പോഴേയ്ക്കും അവരുടെ രാജ്യവിഭാഗത്തിനു് ആൎയ്യാവ ൎത്തം എന്ന പേർ വന്നു. മററു പുരാതനമനുഷ്യരെപ്പോ ലെതന്നെ അവരും നദീതീരങ്ങളിലാണ് ആദ്യം താമസി ച്ചുതുടങ്ങിയതു്. കാശി പ്രയാഗ് മുതലായ പട്ടണങ്ങൾ നദീതീരങ്ങളിലാണല്ലോ.

വേദങ്ങളാണ് ലോകത്തിലേയ്ക്കുവച്ചു് ഏററവും പു രാതനമായ ഗ്രന്ഥങ്ങൾ. ആദ്യം ഒരുപക്ഷെ അവ എഴുത പ്പെട്ടില്ലായിരിക്കാം. കാണാപാഠം പഠിച്ചു് തലമുറ തല മുറയായി കുറെക്കാലം അവ നിലനിന്നതിനുശേഷമാണ് ഗ്രന്ഥരൂപേണ ആയതെന്നു കരുതപ്പെട്ടുവരുന്നു. വേദ മെന്നുപറഞ്ഞാൽ അറിവ് എന്നാണൎത്ഥം. അന്നത്തെ മുനിമാരും ഋഷികളും സമ്പാദിച്ചഅറിവ് രേഖപ്പെടുത്തി

യിട്ടുള്ളതാണു വേദമെന്നു പറയപ്പെടുന്നതു്. റെയിൽവേയും കമ്പിത്തപാലും സിനിമായും മററും അന്നില്ലായിരുന്നു; ശരിതന്നെ എന്നാൽ അക്കാലത്തുണ്ടായിരുന്നവർ വിവരം കെട്ടവരാണെന്നു പറയുന്നതു വിവരക്കേടായിരിക്കും. ഇന്നുള്ളവരെക്കാൾ പൂർവികന്മാർ ബുദ്ധിമാന്മാരായിരുന്നുവെന്നു ചിലർ ഇപ്പോഴും വിശ്വസിക്കുന്നുണ്ടു്. ബുദ്ധിമാന്മാരൊ ബുദ്ധിശൂന്യന്മാരൊ ആരായിരുന്നാലും അവർ അത്ഭുതതത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കുകയും ആ ഗ്രന്ഥങ്ങൾ ഇന്നും ആദരണീയങ്ങളായി നിലനില്ക്കുകയും ചെയ്തുവരുന്നു. അവർ മഹത്തുക്കളായിരുന്നുവെന്നാണു് ഇതു തെളിയിക്കുന്നതു്.

വേദങ്ങൾ രചിക്കപ്പെട്ടകാലത്തു ജീവിച്ചിരുന്ന മനുഷ്യർ വലിയ വംശാഭിമാനികളായിരുന്നു. സ്വകുലത്തെപ്പററി അവൎക്ക് വലിയ അഭിമാനമാണുണ്ടായിരുന്നതു. ആൎയ്യൻ എന്നാൽ ശ്രേഷ്ഠനെന്നാണൎത്ഥം. ആൎയ്യന്മാർ യുദ്ധവീരന്മാരും ശാസ്ത്രജ്ഞന്മാരും മാത്രമല്ല നല്ലകൃഷിക്കാരുമായിരുന്നു. ആൎയ്യന്മാരുടെ കുലാഭിമാനത്താൽ, മുമ്പിനാലേ ഇന്ത്യയിലുണ്ടായിരുന്ന മററു വൎഗ്ഗക്കാരുമായി ഇടകലരുന്നതിനു് അവർ മടിച്ചു. ഇൻഡ്യയിൽ "അശുദ്ധി" യുത്ഭവിച്ചതു് ആവിധത്തിലാണു്.

## ൨൩. രാമായണവും മഹാഭാരതവും

ഇൻഡ്യയിൽ വേദങ്ങൾ രചിക്കപ്പെട്ട കാലത്തിന് (വൈദികകാലം) തൊട്ടടുത്തതു് ഇതിഹാസകാലമാണ്. രാമായണവും മഹാഭാരതവും രചിക്കപ്പെട്ടതു് ഇക്കാലത്താ യിരുന്നു. ഈ കാലഘട്ടത്തിൽ ആൎയ്യന്മാർ വിന്ധ്യാചല ത്തിനു വടക്കുള്ള പ്രദേശങ്ങൾ മുഴുക്കെ കൈവശപ്പെടുത്തി യിരുന്നു. ആൎയ്യന്മാൎക്കു ചന്ദ്രക്കലയോടു വളരെ ഭക്തിയാ ണുണ്ടായിരുന്നതു്. ചന്ദ്രക്കലാരൂപത്തിലുള്ള സകലസ്ഥല ത്തെയും അവർ പുണ്യഭൂമിയായി കരുതിയിരുന്നു. വിന്ധ്യാ ചലംവരെയുള്ള ആൎയ്യാവൎത്തദേശം ചന്ദ്രക്കലാകൃതിയിലാ യിരുന്നു. കാശിനഗരംപോലും ചന്ദ്രക്കലാകൃതിയിലാണ്. ഗംഗ ഒഴുകുന്നിടത്തു് അലഹാബാദ് പട്ടണവും ചന്ദ്രക്കലാ കൃതിയിൽ കാണപ്പെടുന്നു്.

രാമായണം ആൎയ്യന്മാർ ദ്രാവിഡരുമായി നടത്തിയ യുദ്ധത്തിന്റെ വിവരണമാണ്. തെക്കേയിന്ത്യയിലെദ്രാവി ഡർ ഹനുമാന്റെ നേതൃത്വത്തിൽ ശ്രീരാമചന്ദ്രന് അനു കൂലികളായി. കുരങ്ങന്മാരെന്നു പറയുന്നതു് ദ്രാവിഡരെ യല്ലാതെ മററാരെരുമല്ല. അവർകൂടിച്ചേൎന്നു ലങ്കാനിവാസി കളായ ദ്രാവിഡരുടെ രാജാവിനോടു് (രാവണനോടു്) യുദ്ധംചെയ്തു. രാമായണം ആദ്യമായി എഴുതപ്പെട്ട സംസ്കൃതത്തിൽനിന്നു പലപല ഭാഷകളിലേയ്ക്കു തൎജ്ജി മചെയ്യപ്പെട്ടിട്ടുണ്ടു്. രാമായണമുണ്ടായി അനേകമനേകംവൎഷം കഴിഞ്ഞാണു മഹാഭാരതം രചിക്കപ്പെട്ടതു്. അതിൽപ്രതി പാദിക്കപ്പെട്ടിരിക്കുന്നതു് ആൎയ്യ ദ്രാവിഡസമരത്തെപ്പററി

യല്ല. ആര്യന്മാർതന്നെ തമ്മിൽതമ്മിൽ നടത്തിയ യുദ്ധത്തെപ്പററിയാകുന്നു. യുദ്ധത്തെപ്പററിയാണെങ്കിലും മഹാഗംഭീരങ്ങളായ തത്വങ്ങൾകൂടി അതിൽ അടക്കംചെയ്തിട്ടുണ്ടു്. പരസഹസ്രം വർഷങ്ങൾക്കുമുമ്പാണു് ഈഗ്രന്ഥങ്ങൾ രണ്ടും രചിക്കപ്പെട്ടതെങ്കിലും പരിഷ്കൃതമെന്നു കരുതപ്പെടുന്ന ഇക്കാലത്തുപോലും അവയിലെ തത്വോപദേശങ്ങൾ വിലതീരാത്തവയായിത്തന്നെയിരിക്കുന്നു. ഇക്കാലത്ത മഹാരഥന്മാർപോലും ആ തത്വങ്ങൾ എതിരില്ലാത്തവയാണെന്നു സമ്മതിച്ചുവരുന്നുണ്ടു്.

ഇൻഡ്യയിലെ ഇതിഹാസകാലം ആരംഭിച്ചു് പിന്നെയും കുറെകഴിഞ്ഞിട്ടാണു് ആതായത്തു് ഏകദേശം മൂവായിരം വർഷത്തിനുമുമ്പാണു് (ക്രിസ്തു ജനിക്കുന്നതിനു് ഉദ്ദേശം ആയിരംവർഷംമുമ്പു്) യൂദബൈബിൾ ഉണ്ടായതു്. വിശിഷ്ടങ്ങളായ ആത്മീയതത്വങ്ങൾ അതിനു് എത്രയോ ശതവർഷങ്ങൾമുമ്പുമുതൽക്കേ ഭാരതഭൂമിയിൽ പ്രചരിച്ചിരുന്നു.

---

## ൨൪. ഒരു തിരിഞ്ഞുനോട്ടം

ഒന്നു പുറകോട്ടുനോക്കുക! അനേകലക്ഷം വർഷങ്ങളിലെ സാമാന്യമായ വസ്തുതകൾ ഈ ചെറുപുസ്തകത്തിൽ ചുരുക്കി പ്രതിപാദിച്ചു. സൂര്യനിൽനിന്നും ഒരു കഷണം അടന്നുവീണാണു ഭൂമിയായിത്തീന്നതെന്നും അതു തണുക്കുന്നതുവരെ അനേകലക്ഷംവർഷങ്ങൾ ഭൂമി ശൂന്യമായിക്കി

ടക്കുകയായിരുന്നുവെന്നും ആദ്യമായി പറഞ്ഞു. ഭൂമിയുണ്ടായി എത്ര ലക്ഷം വർഷം കഴിഞ്ഞാണു് ഇന്നത്തെ മനുഷ്യർ ജീവിച്ചിരിക്കുന്നതെന്നു നമുക്കാലോചിച്ചറികവയ്യ. മനുഷ്യജീവിതം എറുമ്പു് ഇഴയുന്ന വേഗത്തിൽമാത്രമാണു കഴിഞ്ഞിട്ടുള്ളതു് - അനേകലക്ഷം വർഷങ്ങളിലെ വസ്തുതകളെ സംബന്ധിച്ചു് ഒരു ഗ്രാഹ്യവും മനുഷ്യനുണ്ടാകാൻ സാദ്ധ്യമല്ല. ഒരു നൂറുകൊല്ലത്തെകാര്യങ്ങൾപോലും നമുക്കു അതിഗഹനങ്ങളായിത്തോന്നും. അപ്പോൾ അനേകലക്ഷം വർഷങ്ങളിലെ കാര്യം പറയാനുണ്ടോ?

അനേകലക്ഷം വർഷമായി ഭൂമി ആദ്യം അധിവാസയോഗ്യമില്ലായിരുന്നു. അതിനെത്തുടൎന്നു വളരെക്കാലം സമുദ്രജന്തുക്കൾ മാത്രമുണ്ടായിരുന്നു. മനുഷ്യർഅന്നൊന്നും ജനിച്ചിട്ടേയില്ല. അനേക യുഗങ്ങളിൽ മൃഗങ്ങൾ മാത്രം ഭൂമിയിൽ ചുററിനടന്നു. അവയെ വേട്ടയാടുന്നതിനു് ഒററ മനുഷ്യനും അന്നുണ്ടായിരുന്നില്ല. ഒടുവിലാണു മനുഷ്യൻ ഉത്ഭവിച്ചതു്, മൃഗങ്ങളെഭയന്നു് അവൻ വളരെക്കാലം കഴിഞ്ഞു. പിന്നെയും അനേകസഹസ്രം കൊല്ലങ്ങൾക്കുശേഷമാണു് അവൻ സകലതിന്റെയും യജമാനനായിത്തീൎന്നതു്. അനന്തരം പരിഷ്കാരമുണ്ടായി. ഒരു നാലായിരം വർഷം മുമ്പുവരെയുള്ള കാര്യങ്ങളുടെ കേവലംസ്ഥൂലമായ വിവരണമാണു് ഈ ചെറുപുസ്തകത്തിൽ നാം കണ്ടതു്. ഈ അനേകലക്ഷം വർഷങ്ങളെപ്പററി അറിയാവുന്നതിൽ കൂടുതലായി നമുക്കു കഴിഞ്ഞ നാലയ്യായിരം വർഷങ്ങളിലെ വസ്തുതകളെപ്പററി അറിയാം. ചരിത്രവും മനുഷ്യ

വംശത്തിന്റെ വളർച്ചയും വാസ്തവത്തിലുണ്ടായതു് ഈ നാലയ്യായിരം വർഷത്തിനിപ്പുറം മാത്രമാണു്.

ഇപ്പോൾ കാലംചെല്ലുംതോറും ജീവികൾ അധഃപതിച്ചുവരുന്നു. പണ്ടുണ്ടായിരുന്ന ജന്തുക്കളെപ്പോലല്ല അന്നുള്ള ജന്തുക്കൾ. പണ്ടുണ്ടായിരുന്ന മനുഷ്യരെപ്പോലെ ബലവാന്മാരല്ല ഇന്നുള്ള മനുഷ്യർ. ശീതോഷ്ണാവസ്ഥയും മററു പല പരിതഃസ്ഥിതികളും ഇതിനു കാരണമായിത്തീർന്നിട്ടുണ്ടു്. പണ്ടുണ്ടായിരുന്ന ഉടുമ്പു് എന്ന ജന്തുവിനു് എട്ടുപത്തടി നീളമുണ്ടായിരുന്നുവെന്നു ചില കാഴ്ചബംഗ്ലാവുകളിൽ ചെന്നുനോക്കിയാൽ നമുക്കു മനസ്സിലാകും. അതുപോലെതന്നെ പണ്ടത്തെ ആന ഇന്നത്തെ ആനയുടെ മൂന്നുനാലിരട്ടി വലുതായിരുന്നു. പണ്ടത്തെ മനുഷ്യരുടെ ബലിഷ്ഠതയിൽ പത്തിലൊരുഭാഗംപോലും ഇന്നത്തെ മനുഷ്യർക്കില്ല. വൃക്ഷങ്ങളുടേയും ചെടികളുടേയും കാൎയ്യവും അങ്ങനെതന്നെ.

പണ്ടത്തെ മനുഷ്യരുടെ ബുദ്ധിസാമർത്ഥ്യത്തെയോ സംസ്കാരത്തെയോപററി പറകയാണെങ്കിലും അവർക്കു നാം അടിപണിയേണ്ടതായിരിക്കുന്നു. പുരാതന നഗരങ്ങളുടെ അവശിഷ്ടങ്ങൾ പ്രത്യക്ഷമാക്കുന്നതു് അവർ ഒന്നാന്തരം തച്ചുശാസ്ത്രജ്ഞന്മാർപോലും ആയിരുന്നുവെന്നാണു്. രാമായണവും മഹാഭാരതവും എഴുതിയ നമ്മുടെ പൂർവന്മാർ മഹാതതപവേദികളായിരുന്നു.

---

Printed at the Dharma Desam Press, Trivandrum.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M572 Acc. No. 50379

This book should be returned on or before the date last stamped below.

15 NOV 1983

.M572
Gov-E

50379

ഗോവിന്ദപിള്ള
ഉഷ്ടതാപ്യുറം

KOTTAYAM PUBLIC LIBRARY

Call No. M 572 Acc. No. 5037

Author ഗോവിന്ദപിള്ള

Title [illegible]